പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 11 ഫെബ്രുവരി 2020

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 21174 കോടി

## ശുചിത്വ മാലിന്യ സംസ്കരണം

## നൂതന ആശയങ്ങൾ പങ്കുവച്ച് ശുചിത്വസംഗമം



## കൊറോണ: കേരളം ജാഗ്രതയിൽ




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം


പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഫെബ്രുവരി 2020

150 YEARS OF CELEBRATING THE MAHATMA

## അകത്ത്







തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ₹ 21174 കോടി — 5

കുടുംബശ്രീക്ക് ചരിത്രനേട്ടം
കുടുംബശ്രീ പദ്ധതികൾക്ക് 1550 കോടി രൂപ — 7

ശുചിത്വ മാലിന്യസംസ്കരണം
നൂതന ആശയങ്ങൾ പങ്കുവച്ച് ശുചിത്വസംഗമം
ബി. മനോജ് — 8

കൊറോണ
കേരളം ജാഗ്രതയിൽ
ഡോ. ചിന്ത എസ്. — 12

പഞ്ചായത്ത് ബജറ്റ്
എങ്ങനെ തയ്യാറാക്കാം
അനീഷ് കുമാർ കെ.വി. — 16

അബ്ദുള്ളയും ലൈഫും കൈകോർത്തു
കടയ്ക്കലിൽ ഇനി പാർപ്പിട വിപ്ലവം
രാഹുൽ യു.എസ്. — 19

എറണാകുളം കളക്ടറേറ്റിൽ
ഹിറ്റായി പ്രീഫാബ് മാതൃക — 20

ഗ്രാമസഭകളുടെ സംഘാടനം:
മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു — 22

കൊല്ലത്ത്
പഞ്ചായത്ത് വകുപ്പിന് ബ്ലോഗ് — 23

സെൻസസ് 2021 — 24

കിനാനൂർ കരിന്തളം
ജലസംരക്ഷണത്തിലെ കേരളമാതൃക — 25

തൊഴിലുറപ്പ് പദ്ധതി വിജയത്തിളക്കങ്ങൾ
രവിരാജ് ആർ. — 28

ചെമ്മരുതിയിൽ
ഹരിതകർമ്മസേന കോഫിഹൗസ് — 35

യൂത്തായാൽ ഇങ്ങനെ വേണം
എ.ജെ. അലക്സ് റോയ് — 37

സിക്കിമിലെ പഞ്ചായത്തുകൾ
ടി.കെ.നാരായണദാസ് — 39


### പംക്തികൾ


കില ന്യൂസ് — 32

വാർത്തകൾ വിശേഷങ്ങൾ — 34

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 5 — 41

എന്ന് വായനക്കാർ — 42

ഫെബ്രുവരി 2020
പുസ്തകം 59 ലക്കം 11
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി
ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (അധിക ചുമതല)

എഡിറ്റർ
എം.പി. അജിത് കുമാർ
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

# ഭാവനയും യാഥാർത്ഥ്യ ബോധവും തികഞ്ഞ ബജറ്റ്

ലോക സമ്പദ്‌വ്യവസ്ഥ സാമ്പത്തിക പ്രതിസന്ധിയുടെ ചുഴലിയിലാണ്. എതെങ്കിലും ഒരു രാജ്യത്തിനൊ സംസ്ഥാനത്തിനൊ അതിൽ നിന്ന് മാറി നിൽക്കാനാവില്ല. കേരളം ഈ പ്രതിസന്ധി എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നറിയാൻ കാത്തിരുന്നവരെ വിസ്മയിപ്പിക്കുന്നതായി ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച ബജറ്റ്. പ്രതിസന്ധിയുടെ കാലത്തും ക്ഷേമ പദ്ധതികൾക്കുള്ള തുകയിൽ വെട്ടിക്കുറവ് വരുത്താതെ, 98 കോടി രൂപ മിച്ചം കാണിക്കുന്ന ബജറ്റെന്ന അപൂർവ്വത ഇതിനുണ്ട്. നാൽപ്പത് വർഷത്തിനുശേഷമാണ് കേരളം ഒരു മിച്ചബജറ്റ് കാണുന്നത്.

മനുഷ്യമുഖമുള്ള വികേന്ദ്രീകൃതവും പരിസ്ഥിതി സൗഹാർദ്ദപരവും സൃഷ്ട്യൻമുഖവുമായ സുസ്ഥിര വികസനമാണ് ഈ ബജറ്റിന്റെ ദർശനം. വികസന ഫണ്ട് അടക്കമുള്ള തുകയും വിവിധ കേന്ദ്ര- സംസ്ഥാന പദ്ധതികൾക്കുള്ള വകയിരുത്തലും ചേർന്നാൽ 21,174 കോടി രൂപയാണ് സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ലഭിക്കുക. സംസ്ഥാനപദ്ധതി അടങ്കലിന്റെ 25.93 ശതമാനം. ഇത് മുൻവർഷം 24 ശതമാനമായിരുന്നു. കുറഞ്ഞ ക്ഷേമപെൻഷൻ 1,300 രൂപയാക്കി ഉയർത്തിയിരിക്കുന്നു. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം കുടുംബങ്ങൾക്കാണ് 2020-21ൽ വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നത്. ഭൂമിയുടെ ന്യായവില 10 ശതമാനം വർദ്ധിപ്പിക്കുന്നതടക്കം നികുതി ചോർച്ച തടയാൻ മാർഗ്ഗങ്ങൾ കണ്ടെത്തി ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവം കണ്ടെത്തുന്ന വൈഭവത്തോട് കേരളം കടപ്പെട്ടിരിക്കുന്നു.

ജനകീയാസൂത്രണം 25-ാം വർഷത്തിലേക്ക് കടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ അധികാര വികേന്ദ്രീകരണത്തിൽ രാജ്യത്ത് ഒന്നാമത് നിൽക്കുന്ന കേരളത്തിന് ഈ വേറിട്ട വികസന പാതയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്താനുള്ള അവസരം കൂടിയാണിത്. ഈ പരിശോധന ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നടക്കണം. ഉയർന്ന തലങ്ങളിൽ ഈ അനുഭവങ്ങൾ ക്രോഡീകരിക്കാനും ഭാവിയിലെ വികസന ദൗത്യങ്ങൾക്ക് മുതൽക്കൂട്ടാനും നമുക്കാവണം. തീരദേശ മേഖലയ്ക്കും കുട്ടനാടിനും വയനാടിനും ഇടുക്കിക്കുമുള്ള പ്രത്യേക പാക്കേജുകൾ ഈ മേഖലകളിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്തുള്ള ഭാവനാപൂർണ്ണമായ ഇടപെടലാണ്. പ്രളയത്തിന്റെ അനുഭവപാഠങ്ങൾ വികസന കാഴ്ചപ്പാടിന് മുതൽക്കൂട്ടാവുന്നത് എങ്ങനെയെന്ന് ഈ ബജറ്റ് രേഖ വ്യക്തമാക്കുന്നു. ഉല്പാദന മേഖലയ്ക്കുള്ള ഊന്നൽ, തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതി, ശുചിത്വ കാമ്പയിൻ, നദി പുനരുജ്ജീവനം, സംരംഭകത്വ - തൊഴിൽ വികസനം, ഫലവൃക്ഷ പച്ചക്കറി കാമ്പയിൻ എന്നിവയിലൂടെ കേരള വികസനത്തിന്റെ ദിശാബോധം ഉറപ്പിക്കുന്നതാണ് ഭാവനയും യാഥാർത്ഥ്യബോധവും സമ്മേളിക്കുന്ന ഈ ബജറ്റ്. ബജറ്റ് മുന്നോട്ടുവയ്ക്കുന്ന ജനകീയ വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയട്ടെ.

**എം.പി. അജിത് കുമാർ**

**"അവസരം ഒന്നിലധികം തവണ നിങ്ങളുടെ വാതിൽക്കൽ മുട്ടുകയില്ലെന്ന് എപ്പോഴും ഓർക്കുക."**
**-ഷാംഫോർട്ട്**


# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ₹ 21174 കോടി

**സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി 2020-21 സാമ്പത്തിക വർഷം വിവിധ ഹെഡ്ഡുകളിലായി 21174 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തി. പദ്ധതി വിഹിതമായി 12074 കോടിയാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനപദ്ധതി അടങ്കലിന്റെ 25.93 ശതമാനമാണിത്. ഇത് മുൻവർഷം 24 ശതമാനമായിരുന്നു.**

*2020 ഫെബ്രുവരി ഏഴിന് കേരളനിയമസഭയിൽ ധനമന്ത്രി ഡോ.ടി.എം. തോമസ് ഐസക് നടത്തിയ ബജറ്റ് പ്രസംഗത്തിൽനിന്ന്*

- 2020-21ൽ 12074 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തുന്നു.
- വികസന ഫണ്ട് 7158 കോടി രൂപ
- ജനറൽ പർപ്പസ് ഗ്രാന്റ് 1717 കോടി രൂപ
- മെയിന്റനൻസ് ഗ്രാന്റ് 2943 കോടി രൂപ
- അർബൻ സർവ്വീസ് ഡെലിവറി പദ്ധതിയുടെ 255 കോടി രൂപ
- വികസനഫണ്ടിൽ 1221 കോടി രൂപ പട്ടികജാതി ഉപപദ്ധതിക്കും 183 കോടി പട്ടികവർഗ്ഗ ഉപപദ്ധതിക്കും. ഇവയ്ക്കു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 9100 കോടി രൂപ കൂടി 2020-21ൽ ലഭ്യമാകും.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ 1411 കോടി രൂപ
- സംസ്ഥാനാവിഷ്കൃത പദ്ധതികൾ 1027 കോടി രൂപ
- മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതി 2400 കോടി രൂപ
- ഗ്രാമവികസനം 344 കോടി രൂപ
- നഗരവികസനം 1945 കോടി രൂപ
- ലൈഫ് മിഷൻ 2000 കോടി രൂപ

ക്ഷേമപെൻഷനുകൾക്കുവേണ്ടി കഴിഞ്ഞ സർക്കാർ വിതരണം ചെയ്തത് 9311 കോടി രൂപയാണ്. ഇപ്പോൾ എൽഡിഎഫ് സർക്കാർ നാലുവർഷം പിന്നിടുമ്പോൾ അത് 22,000 കോടി രൂപ കടന്നിരിക്കുന്നു. 13 ലക്ഷം വയോജനങ്ങൾക്കുകൂടി പുതിയതായി ക്ഷേമപെൻഷൻ നൽകി. എല്ലാ ക്ഷേമപെൻഷനുകളും 1300 രൂപയായി ഉയർത്തുന്നു.



### സമ്പൂർണ്ണ പാർപ്പിടം

- 2020-21ൽ ഒരുലക്ഷം വീടുകൾ/ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകും.

### ജനകീയാസൂത്രണം

- അടുത്ത ആഗസ്റ്റ് മാസത്തിൽ ജനകീയാസൂത്രണത്തിന്റെ 25-ാം വർഷത്തിലേക്ക് നാം കടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ അധികാര വികേന്ദ്രീകരണത്തിൽ കേരളമാണ് ഇന്ത്യയിൽ ഒന്നാമത്. വൻകിട പശ്ചാത്തലസൗകര്യങ്ങൾക്കും നിക്ഷേപങ്ങൾക്കും കേന്ദ്രീകൃതമായ സംവിധാനങ്ങൾക്കാണ് പ്രാമുഖ്യമെങ്കിൽ ജനകീയ പങ്കാളിത്തം അനിവാര്യമാകുന്ന ചെറുകിട ഉൽപ്പാദന മേഖലകൾ, സേവനത്തുറകൾ എന്നിവിടങ്ങളിൽ അധികാര വികേന്ദ്രീകരണത്തിനാണ് ഊന്നൽ. ഇത്തരമൊരു ദ്വിമുഖ വികസനസമീപനമാണ് നാം സ്വീകരിക്കുന്നത്.
- കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവലോകനം ചെയ്യേണ്ടതുണ്ട്. 1996ലെ വികസന റിപ്പോർട്ടിൽ വിഭാവനം ചെയ്തു എന്തെല്ലാം നേടി, നേടിയില്ല, പുതിയതായി ഏതെല്ലാം ദിശകളിലേക്ക് മുന്നേറി എന്നതൊക്കെ സംബന്ധിച്ച സമഗ്രറിപ്പോർട്ട് ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും തയ്യാറാക്കണം. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കർമ്മസമിതികളെ മെയ് മാസത്തിൽ നിയോഗിക്കും. പുതിയ ഭരണസമിതികൾ ഈ റിപ്പോർട്ട് അംഗീകരിച്ച ശേഷം വിപുലമായ പ്രാദേശിക ചർച്ചകൾക്കു വിധേയമാക്കും.
- ഈ അനുഭവങ്ങൾ അവതരിപ്പിക്കുന്ന വിപുലമായ സംഗമം 2021 നവംബറിൽ കില സംഘടിപ്പിക്കുന്നതാണ്. 2000ലെ അന്തർദേശീയ സെമിനാറിൽ പങ്കെടുത്ത പണ്ഡിതന്മാർ, മറ്റു ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെയെല്ലാം ഈ സംഗമത്തിൽ പങ്കെടുപ്പിക്കും. ഇതിന് ഒരു കോടി രൂപ അനുവദിക്കുന്നു.

### നമ്മൾ നമുക്കായി

- ജനകീയാസൂത്രണത്തിന്റെ 25-ാം

വർഷത്തിൽ മറ്റൊരു ജനകീയ യജ്ഞത്തിന് കേരളം സാക്ഷ്യം വഹിക്കാൻ പോവുകയാണ്. കാലാവസ്ഥ വ്യതിയാനം മൂലമുള്ള ദുരന്തപ്രതിരോധത്തിന് സമഗ്രമായ പ്രാദേശിക പദ്ധതികൾ രൂപപ്പെടുത്തും. ഇത്ര വിപുലമായ ഒരു പ്രാദേശിക ദുരന്തപ്രതിരോധ പ്രതികരണ പരിപാടി ലോകത്ത് ആദ്യമായിട്ടാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ പരിശീലനം പൂർത്തിയായി. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായി റിപ്പോർട്ടുകളുടെ കരട് തയ്യാറാകും. 2018ലെയും 2019ലെയും പ്രകൃതി ദുരന്തങ്ങൾ നൽകിയ പാഠങ്ങളുടെ അടിസ്ഥാനത്തിൽ, സമാനമായ ദുരന്തങ്ങൾ ആവർത്തിച്ചാൽ ഓരോ വാർഡിലെയും പ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും എന്തെല്ലാമെന്ന ഭാഗമാണ് ഈ റിപ്പോർട്ടിന്റെ ഏറ്റവും കാതലായ വശം. ഇത് എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യും. ചർച്ചകളെ ആസ്പദമാക്കി ചില പ്രോജക്ടുകൾ എങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

## നദി പുനരുജ്ജീവനം

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നദി പുനരുജ്ജീവന പദ്ധതികൾ ഹരിതമിഷൻ ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടുപോയിട്ടുണ്ട്. ഇതിന്റെ ഏറ്റവും ഉജ്ജ്വലമായ മാതൃകയാണ് കോട്ടയത്തെ മീനച്ചിലാർ പദ്ധതി. ഈ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയ രീതിക്ക് ദേശീയ തലത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി. തിരുവനന്തപുരത്തെ കിള്ളിയാറാണ് മറ്റൊരു ആവേശകരമായ അനുഭവം. ഇതുപോലുള്ള നദി പുനരുജ്ജീവന പദ്ധതികൾക്ക് അധിക സഹായമായി 20 കോടി രൂപ വകയിരുത്തുന്നു.

**ക്ഷേമപെൻഷനുകൾക്കു വേണ്ടി കഴിഞ്ഞ സർക്കാർ വിതരണം ചെയ്തത് 9311 കോടി രൂപയാണ്. ഇപ്പോൾ എൽഡിഎഫ് സർക്കാർ നാലുവർഷം പിന്നിടുമ്പോൾ അത് 22,000 കോടി രൂപ കടന്നിരിക്കുന്നു. 13 ലക്ഷം വയോജനങ്ങൾക്കുകൂടി പുതിയതായി ക്ഷേമപെൻഷൻ നൽകി. എല്ലാ ക്ഷേമപെൻഷനുകളും 1300 രൂപയായി ഉയർത്തുന്നു.**

‣ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകൾ ശുചീകരിച്ച് കയർ ഭ്രവസ്ത്രം ഉപയോഗിച്ച് ഓരങ്ങൾക്ക് ജൈവസംരക്ഷണം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ഇന്ന് വ്യാപകമായി നടക്കുന്നുണ്ട്. ഹരിത മിഷന്റെ ആഭിമുഖ്യത്തിൽ മാത്രം രണ്ടു മീറ്ററിലേറെ വീതിയുള്ള 2000 കിലോമീറ്റർ തോടുകൾ ശുചീകരിച്ചു. സംസ്ഥാനത്തെ മൊത്തം തോടുകളുടെ നീളം 82000 കിലോമീറ്ററാണ്. ഇതിൽ 50000 കിലോമീറ്റർ തോടുകൾ 2020-21 അവസാനിക്കും മുമ്പ് ശുചീകരിക്കും.

‣ കേന്ദ്രീകൃതമായ സെപ്റ്റേജ് പ്ലാന്റുകൾ അനിവാര്യമാണ്. ഇന്നു കേരളത്തിലെ കക്കൂസ് മാലിന്യാവശിഷ്ടം ഏതാണ്ട് പൂർണ്ണമായും ജലാശയങ്ങളിലേക്കാണ് ഒഴുകുന്നത്. ഇതിനു വിരാമമിടണം. സെപ്റ്റേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലവും ജനസമ്മതിയും ഉറപ്പുവരുത്തുന്ന പഞ്ചായത്തുകൾക്ക് അവർ നിർദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വീതം പ്രത്യേക ഗ്രാന്റായി നൽകും.

‣ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി കിണറുകളുടെ റീചാർജ്ജിംഗും കുളങ്ങളുടെ നവീകരണവും വിപുലമായി ഏറ്റെടുക്കും. 2020-21ൽ 50000 കിണറുകൾ റീചാർജ്ജ് ചെയ്യും. 25000 കുളങ്ങൾ നവീകരിക്കുകയോ പുതിയതായി നിർമ്മിക്കുകയോ ചെയ്യും.

## ശുചിത്വ കേരളം

‣ 2021ൽ 500 പഞ്ചായത്തുകളും തിരുവനന്തപുരമടക്കം 50 നഗരങ്ങളും ഖരമാലിന്യത്തിന്റെ കാര്യത്തിൽ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കും. ഇതിനായി കർശനമായ മാനദണ്ഡങ്ങൾ പാലിച്ചേ പറ്റൂ.

‣ കേരളത്തിന്റെ പാതിപ്രദേശം ഇത്തരത്തിൽ മാറിയെന്നു പറയുന്നത് അഭിമാനകരമായ നേട്ടമായി ഞാൻ കരുതും. ഈ ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതിയിൽ പ്രോജക്ടും പണവും വകയിരുത്തിയേ തീരൂ. ക്ലീൻ കേരള കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി ശുചിത്വ മിഷൻ അടങ്കലിൽ നിന്നും 20 കോടി രൂപ ലഭ്യമാക്കുന്നതാണ്.

‣ നഗരങ്ങളിൽ ശുചിത്വ പരിപാടികളിൽ സുപ്രധാനസ്ഥാനം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി വഹിക്കുന്നുണ്ട്. ഇതിനുള്ള അടങ്കൽ 100 കോടി രൂപയായി ഉയർത്തുന്നു.



▸ 2020-21ൽ 12000 പൊതുടോയ്‌ലറ്റുകൾ നിർമ്മിക്കും. നിലവിലുള്ള പെട്രോൾ പമ്പുകളിലെ ടോയ്‌ലറ്റുകളുടെ നവീകരണം, കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ, മറ്റു സർക്കാർ ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണസംഘങ്ങളും സ്പോൺസർ ചെയ്യുന്നവയും പുറമെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്ഥാപിക്കുന്ന പൊതുടോയ്‌ലറ്റുകൾ. സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കുന്നതിന് ഇത് അനിവാര്യ ഘടകമാണ്.

### ഫലവൃക്ഷ-പച്ചക്കറി ക്യാമ്പയിൻ

▸ നവവത്സരദിനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച ഫലവൃക്ഷ-പച്ചക്കറി ക്യാമ്പയിനായിരിക്കും ജനകീയ ഹരിതമുന്നേറ്റത്തിന്റെ മൂന്നാമത്തെ ഇനം. പ്രതിവർഷം ഒരുകോടി ഫലവൃക്ഷ തൈകൾ വീതം നടുന്നതിനുള്ള ഒരു ദശവത്സര പരിപാടിയാണിത്. പ്രതിവർഷം 54 കോടിരൂപ ചെലവുവരും. എന്നാൽ 10 വർഷം കൊണ്ട് 50000 കോടി രൂപയുടെ അധികവരുമാനം ഇത് സംസ്ഥാനത്ത് സൃഷ്ടിക്കും.

▸ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിന്നും 10 ശതമാനം ഈ ഹരിത ക്യാമ്പയിനായി നീക്കിവയ്ക്കണമെന്ന നിബന്ധനയുണ്ടാകും. അങ്ങനെ ഫലവൃക്ഷ-പച്ചക്കറി വ്യാപനത്തിന് 2020-21-ൽ ഏതാണ്ട് 1,000 കോടി രൂപ ചെലവഴിക്കും. ഹരിതകേരളം മിഷന് 7 കോടി രൂപ വകയിരുത്തുന്നു.

### ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

▸ പ്രാദേശിക സംരംഭങ്ങളിലൂടെ പ്രതിവർഷം 1.5 ലക്ഷം പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്നതാണ്. ആയിരം പേർക്ക് ഒരാളിനെന്ന തോതിൽ തൊഴിലുകൾ സൃഷ്ടിക്കണം. ഇവ കുടുംബ്രശീ, സഹകരണ സംഘം, സ്വകാര്യ സംരംഭകർ എന്നിവർ മുഖേന ആകാവുന്നതാണ്. ഇതു സംബന്ധിച്ച ഒരു പ്രത്യേക പരിപാടി എല്ലാ പ്രാദേശിക പദ്ധതിരേഖകളിലും ഉൾപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ ധനസഹായം പ്ലാൻ ഫണ്ടിൽനിന്നും ലഭ്യമാക്കാവുന്നതാണ്.

▸ മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിന് സാങ്കേതിക സഹായം അനിവാര്യമാണ്. പ്രദേശത്തുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഈ ക്യാമ്പയിനുമായി ബന്ധപ്പെടുത്തും. എൻഎസ്എസ് യൂണിറ്റുകളെല്ലാം ഇതിൽ പങ്കാളികളാകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഒന്നും, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾക്ക് രണ്ടു വീതവും കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾക്ക് മൂന്നു വീതവും യുവ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിക്കുന്നതാണ്. ഓണക്കാലത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മേൽപ്പറഞ്ഞ അഞ്ച് പരിപാടികളുടെയും പുരോഗതി റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്. □

# കുടുംബശ്രീക്ക് ചരിത്രനേട്ടം

## ബജറ്റിൽ കുടുംബശ്രീ പദ്ധതികൾക്ക് 1550 കോടി രൂപ

**വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീ വഴി ആരംഭിക്കും.**

സംസ്ഥാന സർക്കാർ അവതരിപ്പിച്ച 2020-21 വാർഷക ബജറ്റിൽ കുടുംബശ്രീക്ക് ചരിത്രനേട്ടം. കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കുക, വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുക, സാമൂഹ്യ സുരക്ഷാ മേഖലയിൽ ഊന്നൽ നൽകുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 1550 കോടി രൂപയാണ് വിവിധ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 250 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതവും റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ഉപജീവന സംരംഭങ്ങൾക്കായി 200 കോടിയും ലഭിക്കും. ഒപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജന പദ്ധതികൾ വഴിയുള്ള ധനസഹായം ഉൾപ്പെടെ 600 കോടി രൂപയാണ് കുടുംബശ്രീയുടെ ഈ വർഷത്തെ ബജറ്റ്. ഇതിനു പുറമെ കുടുംബശ്രീ മുഖേന നഗരമേഖലയിൽ നടപ്പാക്കി വരുന്ന 950 കോടി രൂപയുടെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക കൂടി ഉൾപ്പെടുത്തുമ്പോൾ ബജറ്റ് തുക 1550 കോടിയാകും.

ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ അയൽക്കൂട്ട വനിതകൾക്കായി നാലു ശതമാനം പലിശയ്ക്ക് 3000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതാണ് ഏറ്റവും പ്രധാന പ്രഖ്യാപനങ്ങളിലൊന്ന്. കുടുംബശ്രീ ചിട്ടികൾ ആരംഭിക്കുന്നതാണ് മറ്റൊരു ശ്രദ്ധേയമായ പദ്ധതി.

വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീ വഴി ആരംഭിക്കും. ഇതിനായി 20 കോടി രൂപ വകയിരുത്തും. ബജറ്റ് പ്രഖ്യാപനം അനുസരിച്ച് പ്രതിദിനം 30,000 രൂപ ടേണോവറുള്ള 50 ഹോട്ടലുകളും 5000 പുതിയ തൊഴിൽ സംരംഭങ്ങളും കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തനം തുടങ്ങും.

നിലവിലെ സംരംഭ മേഖലയെ ശക്തിപ്പെടുത്തുന്നതിനൊപ്പം ഹരിതകർമസേനകളുമായി യോജിച്ച് 1000 ഹരിത സംരംഭങ്ങൾ, കുടുംബശ്രീ മുഖേന എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജുകൾ ആരംഭിക്കുക എന്നിവയാണ് ശ്രദ്ധേയമായ മറ്റു രണ്ട് പദ്ധതികൾ. 500 ടോയ്‌ലറ്റ് കോംപ്ലക്സുകൾ തുടങ്ങി അവയുടെ നടത്തിപ്പും കുടുംബശ്രീ ഏറ്റെടുക്കും.

കുടുംബശ്രീ മുഖേന കാർഷിക മൃഗസംരക്ഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ബജറ്റിൽ പ്രത്യേക പരിഗണന നൽകുന്നു. ഇതിന്റെ ഭാഗമായി 20,000 ഏക്കറിൽ ജൈവസംഘക്യഷി ആരംഭിക്കും. കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 200 ഔട്ട്‌ലെറ്റുകൾ കൂടി സംസ്ഥാനത്ത് തുറക്കും.

ബഡ്സ് സ്കൂളുകൾക്ക് വേണ്ടി 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വയോജന ക്ഷേമം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ രൂപീകരിച്ച 25000 വയോജന അയൽക്കൂട്ടങ്ങളെ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന പകൽവീടുകളുമായി ബന്ധിപ്പിച്ചുകൊണ്ട് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കും.



■ബി. മനോജ്

# ശുചിത്വ മാലിന്യസംസ്കരണം നൂതന ആശയങ്ങൾ പങ്കുവച്ച് ശുചിത്വസംഗമം

■ബി. മനോജ്

**ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ശുചിത്വമിഷന്റെ സാങ്കേതിക നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തന മികവുകളുടെ അവതരണവും ദേശീയതലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ അവതരണവും ശുചിത്വസംഗമത്തിൽ നടന്നു.**

മാലിന്യസംസ്കരണമേഖലയിലെ മാതൃകകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് ഹരിതകേരളം മിഷനും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വമിഷനും സംയുക്തമായി തിരുവനന്തപുരത്ത് കനകക്കുന്നിൽസംഘടിപ്പിച്ച ശുചിത്വസംഗമം 2020 ശുചിത്വ മാലിന്യ സംസ്കരണരംഗത്ത് രാജ്യത്തിന് മാതൃകയാക്കാവുന്ന നൂതന ആശയങ്ങളുടെ സംഗമവേദിയായി മാറി. വൃത്തിയുള്ള കേരളം കെട്ടിപ്പടുക്കാൻ തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രാദേശിക ശുചിത്വമാതൃകകൾ സംഗമത്തിൽ അവതരിപ്പിച്ചു. ഗ്രാമപ്പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലെ ജനപ്രതിനിധികളും സംസ്ഥാന, ദേശീയ അന്തർദേശീയതല വിദഗ്ധരും ഉൾപ്പെടെ 1500ലേറെ പ്രതിനിധികൾ പങ്കെടുത്തു. ഇതോടനുബന്ധിച്ച് മാലിന്യസംസ്കരണ രംഗത്തെ മാതൃകകളും പ്ലാസ്റ്റിക്കിനു പകരമുള്ള ഉത്പന്നങ്ങളും ഉൾപ്പെടുത്തി പ്രദർശന-വിപണന മേളയും സംഘടിപ്പിച്ചു. ജനുവരി 15 മുതൽ പ്രദർശനവും 21, 22 തീയതികളിൽ ശില്പശാലയും നടന്നു.

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ശുചിത്വമിഷന്റെ സാങ്കേതിക നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തന മികവുകളുടെ അവതരണവും ദേശീയതലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ അവതരണവും ശുചിത്വസംഗമത്തിൽ നടന്നു. കേരളത്തിനകത്തും പുറത്തും നിന്നുള്ള വിദഗ്ധർ പങ്കെടുത്ത വിവിധ വിഷയാധിഷ്ഠിത സെമിനാറുകൾ, സംസ്ഥാനത്തിന് പുറത്തുള്ള മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ മികച്ച മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റൗണ്ട് ടേബിൾ കോൺഫറൻസ്, ശില്പശാല

## നൂതന മാലിന്യസംസ്കരണ രീതികൾ പ്രയോജനപ്പെടുത്തണം: മുഖ്യമന്ത്രി

നവീന മാർഗ്ഗങ്ങൾ ഉൾപ്പെടെ എല്ലാ മാലിന്യസംസ്കരണ രീതികളും ഉൾപ്പെടുത്തി നാടാകെ ശുചിയാക്കാനാകണമെന്ന് ശുചിത്വസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ശുചിത്വ പരിപാലനത്തിൽ നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾ മികവുറ്റ ഒട്ടേറെ മാതൃകകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ തുടർ പ്രവർത്തനങ്ങളും കൂടുതൽ മികവുറ്റ മാതൃകകളും സൃഷ്ടിക്കാനാകണം. നവകേരളം നിർമ്മിക്കുമ്പോൾ നാടാകെ ശുചിയായിരിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തിയ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ ഹരിതഅവാർഡുകളും മുഖ്യമന്ത്രി വിതരണം ചെയ്തു.

## ശാസ്ത്രീയ മാലിന്യസംസ്കരണ പദ്ധതി നടപ്പാക്കാൻ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങണം: മന്ത്രി എ.സി. മൊയ്തീൻ

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 837 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ ആരംഭിച്ചതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. മാലിന്യത്തിൽ നിന്ന് വൈദ്യുതിയും മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉത്പാദിപ്പിക്കാനുള്ള സാധ്യതകൾ നാം ഉപയോഗപ്പെടുത്തുന്നുണ്ട്. ശാസ്ത്രീയ മാലിന്യസംസ്കരണ പദ്ധതി നടപ്പാക്കാൻ ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് മുന്നിട്ടിറങ്ങാൻ ജനപ്രതിനിധികൾ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

എന്നിവയും ശുചിത്വസംഗമത്തിൽ സംഘടിപ്പിച്ചു. മാലിന്യസംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, മാലിന്യസംസ്കരണവും ഉപജീവന മേഖലയും, മനോഭാവവ്യതിയാനവും ശീലവൽക്കരണവും, പുനചംക്രമണവും, പുനരുപയോഗവും എന്നീ വിഷയങ്ങളിലാണ് പ്രധാന സെമിനാറുകൾ നടന്നത്.

### നൂതന ആശയങ്ങളുടെ സംഗമവേദി

വൃത്തിയുള്ള കേരളം കെട്ടിപ്പടുക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രാദേശിക ശുചിത്വ മാതൃകകൾ അവതരിപ്പിക്കപ്പെട്ടത് സംഗമത്തിൽ ഏറെ ശ്രദ്ധനേടി. പ്രാദേശിക സവിശേഷതകൾക്കിണങ്ങുന്ന സംസ്കരണരീതികൾ അവലംബിച്ച് മാലിന്യ സംസ്കരണ രംഗത്ത് വിജയഗാഥ രചിച്ച 72 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് മാതൃകകൾ അവതരിപ്പിച്ചത്. അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപീകരിച്ച ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് മാന്യമായ വരുമാനം ലഭ്യമാക്കുന്നതിനായിആവിഷ്കരിച്ച വ്യത്യസ്തമായ പദ്ധതികളും സംഗമത്തിൽ ശ്രദ്ധ നേടി.

പാഴ്തുണിയിൽ നിന്നും പൂച്ചട്ടി, ചകിരിച്ചോറിൽ നിന്ന് ജൈവവളം തുടങ്ങി പുതുമയാർന്ന സംരംഭങ്ങളാണ് കണ്ണൂരിലെ ആന്തൂർ നഗരസഭയുടെ അവതരണത്തെ ശ്രദ്ധേയമാക്കിയത്. അജൈവ മാലിന്യ പരിപാലനത്തിലെ ആമ്പല്ലൂർ മാതൃകയും ശ്രദ്ധിക്കപ്പെട്ടു. പ്ലാസ്റ്റിക്കിനെ തുരത്താനുള്ള കല്യാട് ഗ്രാമപഞ്ചായത്തിന്റെ ജനകീയ റെയ്ഡും മണമില്ലാ മാലിന്യസംസ്കരണത്തിന്റെ കൊയിലാണ്ടി മോഡലും ചർച്ച ചെയ്യപ്പെട്ടു.

കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ ശുചിത്വഹർത്താൽ ആയിരുന്നു സംഗമത്തിലെ വേറിട്ട ഒരു ആശയം. പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങൾ, സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, ആശാവർക്കർമാർ ഉൾപ്പെടെ ജനപങ്കാളിത്തത്തോടെ എല്ലാ വാർഡുകളും വൃത്തിയാക്കുന്നതാണ് ശുചിത്വ ഹർത്താലിലൂടെ ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് ദുരുപയോഗം തടയുന്നതിന്, തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ യഥാവിധി പാഴ്വസ്തുവ്യാപാരികൾക്കും ഹരിതകർമ്മസേനകൾക്കുംകൈമാറുന്നതിന് സ്കൂൾ കുട്ടികളിൽ നിന്ന് തെരഞ്ഞെടുത്ത സന്നദ്ധസേനയായ ഗ്രീൻ പോലീസ് സംവിധാനവും ശ്രദ്ധ പിടിച്ചുപറ്റി. തിരുവനന്തപുരം കരകുളം ഗ്രാമപഞ്ചായത്താണ് ഗ്രീൻ പോലീസ് ആശയം അവതരിപ്പിച്ചത്. തൈ നടാൻ തുണിസഞ്ചികൾ, പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിനായി ബോട്ടിൽ ബൂത്ത്, മാലിന്യത്തിൽ നിന്നും വൈദ്യുതി, ആരോഗ്യസേന തുടങ്ങി മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന നിരവധി പ്രവർത്തനങ്ങൾ ശുചിത്വസംഗമത്തിൽ ചർച്ച ചെയ്തു.




### വിദഗ്ധരുടെ അഭിനന്ദനം

കേരളത്തിന്റെ മാലിന്യ സംസ്കരണ മാതൃകകളെ ശുചിത്വസംഗമത്തിൽ പങ്കെടുത്ത വിദഗ്ധർ അഭിനന്ദിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പദ്ധതികൾ മികച്ചതാക്കാനുള്ള നിർദ്ദേശങ്ങളും ആശയങ്ങളും വിദഗ്ധരുടെ ഭാഗത്ത് നിന്നുണ്ടായി.

യു.എൻ.ഡി.പി വിവിധ മാലിന്യ നിർമ്മാർജ്ജന പരിപാടികളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ഹരിതകേരളംമിഷനുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നും ഐക്യരാഷ്ട്ര വികസന പദ്ധതിയുടെ പ്രോജക്ട് ഓഫീസർ അരുൺ രാമചന്ദ്രൻ പറഞ്ഞു. ഇത്തരം സംഗമങ്ങൾ വഴി മാലിന്യനിർമ്മാർജ്ജനത്തിലെ കേരളത്തിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ മുഴുവൻ അറിയപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

കേരളമാതൃക ദേശീയതലത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് നാഗ്പൂരിലെ ദേശീയ പരിസ്ഥിതി എഞ്ചിനിയറിങ് ഗവേഷണസ്ഥാപനത്തിലെ ശാസ്ത്രജ്ഞൻ



ഡോ. രാജേഷ് ബിനിവാലെ പറഞ്ഞു. ശുചിത്വസംഗമം പോലെയുള്ള പരിപാടികൾ എല്ലാവരും ഒത്തുചേരുന്നതിലൂടെയും അനുഭവങ്ങൾ ചർച്ച ചെയ്യുന്നതിലൂടെയും കൂടുതൽ മെച്ചപ്പെടുകയാണെന്നും ഡോ. രാജേഷ് പറഞ്ഞു.

മാലിന്യസംസ്കരണത്തിൽ രാജ്യത്തിന് മാതൃകയാകാൻ കേരളം ശ്രമിക്കുന്നുണ്ടെന്ന് മുൻ പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന സെക്രട്ടറി ഹേം പാണ്ഡെ പറഞ്ഞു. മാലിന്യസംസ്കരണത്തിൽ കേരളം നടത്തിയ ശ്രമങ്ങളെ പ്രശംസിച്ച അദ്ദേഹം ആലപ്പുഴ മോഡൽ രാജ്യത്തുടനീളം അറിയപ്പെടുന്നതാണെന്നും പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാലിന്യസംസ്കരണത്തിൽ കേരളത്തിന്റെ കാര്യക്ഷമത രാജ്യത്തിന് മുഴുവൻ മാതൃകയാണെന്ന് ന്യൂഡൽഹിയിലെ സെന്റർ ഓഫ് സയൻസ് ആന്റ് എൻവയോൺമെന്റ് പ്രോജക്ട് മാനേജർ സ്വാതി സിംഗ്സാംബയൽ പറഞ്ഞു.

സമീപ ഭാവിയിൽ പുനരുപയോഗ മേഖലയിൽ നിക്ഷേപം നടത്താൻ ധാരാളം ഏജൻസികൾ എത്തുമെന്ന് കരുതുന്നു. സംഗമത്തിലെ അവതരണങ്ങളിലൂടെ ധാരാളം കാര്യങ്ങൾ തങ്ങൾക്ക് പഠിക്കാൻ കഴിഞ്ഞെന്ന് അവർ പറഞ്ഞു. കേരളത്തിന് പുറത്തുനിന്നുള്ള മാലിന്യസംസ്കരണ വിദഗ്ധരായ ഇരുപത്തിരണ്ടോളം പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുത്തത്.

## ഉത്തരവാദിത്ത ടൂറിസം മേഖലയിൽ മാലിന്യസംസ്ക്കരണം

ഉത്തരവാദിത്ത ടൂറിസം മേഖലയിലെ മാലിന്യസംസ്കരണത്തെ കുറിച്ച് ശുചിത്വസംഗമത്തിൽ ചർച്ച നടന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഉത്തരവാദിത്ത ടൂറിസം മിഷൻ എന്നീ ഏജൻസികളും സഹകരിച്ച് ടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു ഏകീകൃത സംവിധാനം കൊണ്ടുവരണമെന്ന അഭിപ്രായം ചർച്ചയിൽ ഉണ്ടായി. വിനോദസഞ്ചാരകേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുക എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് ചർച്ച പുരോഗമിച്ചത്.

നിലവിൽ മാലിന്യനിർമ്മാർജ്ജനത്തിനു വേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾ ഏകോപിപ്പിക്കുക, മാലിന്യ പുനഃചംക്രമണവും പുനരുപയോഗവും എന്നതിലുപരി ഉപയോഗം കുറയ്ക്കുക, മാലിന്യം ഉല്പാദിപ്പിക്കുന്നവർ തന്നെ അത് സംസ്കരിക്കാനുള്ള സൗകര്യമൊരുക്കുക എന്നീ അഭിപ്രായങ്ങൾ ചർച്ചയിൽ ഉരുത്തിരിഞ്ഞു.

വിവിധ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതികൾ പഞ്ചായത്ത് പ്രതിനിധികൾ വിശദീകരിച്ചു. പ്ലാസ്റ്റിക്കിന് ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയും നടന്നു.

## പ്ലാസ്റ്റിക് സംഭരണകേന്ദ്രങ്ങൾ നിർബന്ധിതമാക്കാൻ നിർദ്ദേശം

എല്ലാ ബ്ലോക്ക്- ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കൃത്യമായ പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങളും ജൈവ മാലിന്യപ്ലാന്റുകളും നിർബന്ധിതമാക്കേണ്ടതുണ്ടെന്ന് ഹരിത സഹായസ്ഥാപനങ്ങളിലെ പ്രതിനിധികൾ നിർദ്ദേശിച്ചു. ഹരിത സഹായസ്ഥാപനങ്ങളുടെ റൗണ്ട് ടേബിൾ ചർച്ചയിലാണ് നിർദ്ദേശം ഉയർന്നത്. ഇതിനായി ഭരണസമിതിയുടെ താഴെതട്ടു മുതൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന ആവശ്യവും ചർച്ചയിൽ ഉയർന്നു.

മാലിന്യനിർമ്മാർജ്ജനം ഫലപ്രദമാക്കാൻ കുടുംബശ്രീക്ക് വലിയ പങ്കുവഹിക്കാനാകും. അജൈവ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം അതിന്റെ തുടർപ്രവർത്ത നങ്ങൾ നിരീക്ഷിക്കാൻ സംവിധാനം നടപ്പിലാക്കണം. മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകത സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോധവൽക്കരണം ഊർജ്ജിതമാക്കണം. കൂടാതെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും യൂസർ ഫീ ഏകീകൃതമാക്കേണ്ടതുണ്ടെന്നും ആശയം ഉയർന്നു.

ഹരിതസഹായസ്ഥാപനങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഇരുപത്തഞ്ചോളം ഹരിതസഹായസ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

## പുനരുപയോഗത്തിന് പുതുവഴി

ശുചിത്വസംഗമ പരിപാടിയിൽ പുനഃചംക്രമണ പുനരുപയോഗ ചർച്ചയിൽ ഉയർന്നത് ക്രിയാത്മക നിർദ്ദേശങ്ങൾ. കേരളത്തിൽ നടപ്പാക്കുന്ന വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യസംസ്കരണരീതി

മികച്ചതാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. കേരളത്തിൽ കൂടുതൽ മാലിന്യസംസ്കരണ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ചയിൽ ഉയർന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സംരംഭകർ മാലിന്യ പുനരുപയോഗ സാധ്യതകൾ വിശദീകരിച്ചു. മാലിന്യത്തെ പുതിയ ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത പദാർത്ഥങ്ങളായാണ് കാണാറുള്ളതെന്നും ഇവ പൂർണ്ണമായും പുനഃചംക്രമണത്തിന് വിധേയമാക്കാൻ സാധിക്കുമെന്ന ഉറപ്പും പ്രതിനിധികൾ പങ്കുവച്ചു.

കേരളത്തിൽ നടക്കുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങളെ ഐക്യരാഷ്ട്രസഭ വികസന പരിപാടി പ്രതിനിധികൾ അഭിനന്ദിക്കുകയും ശാസ്ത്രീയമാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുമെന്നും അറിയിച്ചു. മാലിന്യ ശേഖരണത്തിന് സർക്കാർ, സർക്കാരിതര സംഘടനകളുടെ ഏകോപനം സുഗമമാക്കണമെന്ന ആവശ്യവും ചർച്ചയിൽ ഉയർന്നു. കോഴിമാലിന്യസംഭരണത്തിന് ശക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും ഫ്രീസർ സംവിധാനം നിർബ്ബന്ധമാക്കണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു. കോഴിമാലിന്യത്തിൽ നിന്ന് പ്രോട്ടീൻ പൗഡർ, വളർത്തുമൃഗങ്ങൾക്കുള്ള ഭക്ഷണം, മുടിയിൽ നിന്ന് അമിനോ ആസിഡ് ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള മാതൃകകൾ വിവിധ സംരംഭകർ പങ്കുവച്ചു. സിമന്റ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന്റെ സാധ്യതകളും ചർച്ചയായി.

## ജില്ലാ കേന്ദ്രങ്ങളിൽ ഹെൽപ്ഡെസ്ക്

മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റരീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ജില്ലാകേന്ദ്രങ്ങളിൽ ഹെൽപ്പ്ഡെസ്ക് സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ടായി. ശുചിത്വ മാലിന്യ സംസ്കരണരംഗത്തെ സേവനദാതാക്കൾക്കായി സംഘടിപ്പിച്ച റൗണ്ട്ടേബിൾ ചർച്ചയിലാണ് ഈ നിർദ്ദേശങ്ങൾ ഉയർന്നത്. ബയോഗ്യാസ് ഉൾപ്പെടെ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കുവാൻ ഹെൽപ്പ്ഡസ്ക് സഹായിക്കുമെന്ന് സേവന ദാതാക്കൾ ചൂണ്ടിക്കാട്ടി.



## മനോഭാവമാറ്റവും ശീലവത്ക്കരണവും

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മനോഭാവമാറ്റവും ശീലവത്കരണവും എന്ന വിഷയമേഖലയെ അടിസ്ഥാനപ്പെടുത്തി ചർച്ചയും ശുചിത്വസംഗമത്തിൽ നടന്നു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാലിന്യസംസ്കരണ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും ഇതിനാവശ്യമായ മനോഭാവ നിർമ്മിതിയിൽ ഇനിയും ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും ചർച്ചയിൽ അഭിപ്രായമുയർന്നു.

മാലിന്യത്തെ ഒരു ശല്യമായി കാണാതെ മാലിന്യത്തെ ഒരു വിഭവമായി ഉൾക്കൊള്ളാനുള്ള ഒരു മനോഭാവം നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. ഗവൺമെന്റ്-എൻ.ജി.ഒ തലത്തിൽ മാലിന്യസംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിൽ പങ്കാളികളാകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന നയങ്ങളും നിയമങ്ങളും നേതൃത്വവും രൂപീകരിക്കുമ്പോൾ തന്നെ, ആത്യന്തികമായി ഇത് ജനങ്ങളുടെ ആവശ്യമാണ് എന്ന ബോധ്യം ദീർഘകാലയളവിൽ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കണം. ഇതോടൊപ്പം ഹ്രസ്വകാലയളവിൽ കൈവരിക്കുന്ന രീതിയിൽ ചെറുചെറുലക്ഷ്യങ്ങൾ കൂടി ഇതിനായി രൂപീകരിക്കണം. ആത്യന്തികമായി ഈ ചെറുലക്ഷ്യങ്ങൾ ദീർഘകാല ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ ഉതകുന്നവയായിരിക്കണം.

## സെപ്റ്റേജ് സംവിധാനം സ്ഥാപിക്കാൻ പഞ്ചായത്തുകൾക്ക് അഞ്ചു കോടി: ധനമന്ത്രി

സെപ്റ്റേജ് സംവിധാനം സ്ഥാപിക്കാൻ സ്ഥലംലഭ്യമാക്കുന്ന പഞ്ചായത്തുകൾക്ക് അഞ്ചു കോടി രൂപ അനുവദിക്കുമെന്ന് ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് പറഞ്ഞു. ശുചിത്വസംഗമത്തിന്റെ സമാപന സമ്മേളനത്തിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

മാലിന്യസംസ്കരണത്തിൽ ലോകത്തിലെ ഏറ്റവും വലിയ പ്രസ്ഥാനമായി മാറാൻ ഹരിതകേരളത്തിന് കഴിഞ്ഞു. ഉറവിടമാലിന്യം വേർതിരിക്കൽ സജീവമാക്കുകയും ഹരിതകർമ്മ സേനയുടെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കുകയും വേണമെന്ന് മന്ത്രി പറഞ്ഞു. വേനൽകാലത്തിന് മുമ്പ് സംസ്ഥാനത്തെ പതിനായിരം കിലോമീറ്റർ തോടുകൾ ശുചീകരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ശുചിത്വ ക്യാമ്പയിൻ കർമ്മ പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ അവതരിപ്പിച്ചു. ശുചിത്വസംഗമത്തിന്റെ ക്രോഡീകരണം ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ നിർവ്വഹിച്ചു. ചടങ്ങിൽ നവകേ രളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ശുചിത്വ മിഷൻ ഡയറക്ടർ പി.ഡി ഫിലിപ്പ്, ടി.പി സുധാകരൻ എന്നിവർ സംസാരിച്ചു. ☐

*ലേഖകൻ ഹരിതകേരളം മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്*



# കൊറോണ

## കേരളം ജാഗ്രതയിൽ

■ ഡോ. ചിന്ത എസ്.

**പുതിയ കൊറോണ വൈറസ് ബാധ ചൈനയിൽ ആഴ്ചതോറും ഇരട്ടിക്കുകയും മരണങ്ങൾക്ക് കാരണമാവുകയും മറ്റ് രാജ്യങ്ങളിലേക്ക് പടരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ജനുവരി അവസാനത്തോടുകൂടി ലോകാരോഗ്യസംഘടന ഈ പകർച്ചവ്യാധിയെ ഒരു ആഗോള ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് ലോകം മുഴുവൻ ജാഗ്രതയിലാണ്.**

ഡിസംബർ മാസത്തിൽ മദ്ധ്യചൈനയിലെ Hubei പ്രവിശ്യയിലെ പ്രധാന വാണിജ്യ-വ്യാവസായിക കേന്ദ്രമായ വുഹാൻ എന്ന തുറമുഖ നഗരത്തിൽ നിന്ന് കാരണമെന്തെന്നറിയാത്ത കുറച്ച് ന്യുമോണിയ കേസുകൾ റിപ്പോർട്ട് ചെയ്തു തുടങ്ങി. ദിവസങ്ങൾകൊണ്ട് തന്നെ കേസുകളുടെ എണ്ണം കൂടുകയും മരണങ്ങൾ ഉണ്ടാകുവാനും ആരംഭിച്ചു. ഡിസംബർ അവസാനത്തോടെ ഇതൊരു പുതിയ തരം കൊറോണ വൈറസ് ആണെന്നു ചൈനീസ് ആരോഗ്യ അധികൃതർ തന്നെ കണ്ടെത്തുകയുണ്ടായി.

ജനുവരിയുടെ ആദ്യപാദത്തിൽ നൂറുകണക്കിന് കേസുകളും കുറെയധികം മരണങ്ങളുമായി ഒരു പേടിപ്പെടുത്തുന്ന പകർച്ചവ്യാധിയുടെ രൂപം എടുത്തുകഴിഞ്ഞു ഈ പുതിയ വൈറസ് ബാധ. ലോകാരോഗ്യ സംഘടന ഇതിന് Novel Corono virus (2019-ncov) എന്ന് നാമകരണം ചെയ്തു. ചൈനയിൽ അവധി ദിവസങ്ങളുടെ തുടക്കമായതിനാൽ ജനുവരി ആദ്യം തന്നെ ലക്ഷക്കണക്കിനാളുകൾ ഇവിടെ നിന്ന് പലരാജ്യങ്ങളിലേക്ക് വ്യോമമാർഗ്ഗേനയും മറ്റും പുറപ്പെട്ടു പോയി കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ, മറ്റ് രാജ്യങ്ങളിലും പതിയെ പതിയെ ഈ പുതിയ കൊറോണ വൈറസിന്റെ കേസുകൾ കണ്ടുപിടിക്കപ്പെടാൻ തുടങ്ങി. ഇത്തരത്തിൽ രോഗം വന്നവരെല്ലാം തന്നെ വുഹാൻ പ്രദേശത്തിൽ നിന്ന് യാത്രചെയ്തു വന്നവരായിരുന്നു, ഈ പുതിയ കൊറോണ വൈറസ് ബാധ ചൈനയിൽ ആഴ്ചതോറും ഇരട്ടിക്കുകയും മരണങ്ങൾക്ക് കാരണമാവുകയും മറ്റ് രാജ്യങ്ങളിലേക്ക് പടരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ജനുവരി അവസാനത്തോടുകൂടി ലോകാരോഗ്യസംഘടന ഈ പകർച്ച

വ്യാധിയെ ഒരു ആഗോള ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് ലോകം മുഴുവൻ ജാഗ്രതയിലാണ്. അതിൽ മാതൃകാപരമായി ജാഗ്രത നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു പ്രദേശമായി ഉയർന്നിരിക്കുന്നു കേരളം.

### കേരളം ഭയക്കേണ്ടതുണ്ടോ?

ഭയം അല്ല വേണ്ടത്. പക്ഷെ മറ്റേതു സംസ്ഥാനത്തെക്കാളും നമ്മൾ മികച്ച തയ്യാറെടുപ്പുകളോടു കൂടി ജാഗ്രത പാലിക്കേണ്ടത് അത്യാവശ്യം തന്നെ. വുഹാനിലും ചൈനയിലെ മറ്റ് പ്രവിശ്യകളിലുമായി ധാരാളം മലയാളികൾ വിദ്യാഭ്യാസാവശ്യത്തിനും ജോലി സംബന്ധമായ ആവശ്യങ്ങൾക്കുമായി താമസിക്കുകയും അവിടേക്ക് യാത്ര ചെയ്യുകയും ചെയ്യുന്നു. അവധിക്കാലം തുടങ്ങിയതിനാൽ തന്നെ ജനുവരിമാസത്തിൽ ധാരാളം വിദ്യാർത്ഥികൾ ഉൾപ്പെടെ മലയാളികൾ കേരളത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. ഇവർവഴി ഈ പുതിയ വൈറസ് നമ്മുടെ നാട്ടിലെത്താനും നമ്മുടെ ആളുകളുടെ ഇടയിൽ പെട്ടെന്ന് പടർന്നുപിടിക്കാനുമുള്ള സാദ്ധ്യത നിലനില്ക്കുന്നതിനാൽ നാം അതീവ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. ആരോഗ്യവകുപ്പ് ഈ പകർച്ചവ്യാധി ഇവിടെ പിടിമുറുക്കാതിരിക്കുവാനായി ഊർജ്ജിതമായ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

### 2019-നോവൽ കൊറോണ വൈറസ്

പക്ഷി മൃഗാദികളിൽ പ്രധാനമായും കണ്ടുവരുന്ന ഒരു RNA Virus ആണ് കൊറോണ. ഗോളാകൃതിയിലുള്ള ഈ വൈറസിന്റെ പ്രതലത്തിൽ കിരീടം പോലെ തോന്നിക്കുന്ന കൂർത്ത മുനകൾ കാണാം. ഇതിൽ നിന്നാണ് ഈ വൈറസിന് കൊറോണ എന്ന പേര് കിട്ടിയത്. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും പിന്നീട് മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും ഇത് പടർന്നു പിടിക്കുന്നു. വിവിധതരം കൊറോണ വൈറസുകൾ നമ്മുടെ ഇടയിൽ കണ്ടുവരുന്നു. സാധാരണ ജലദോഷപനി, ന്യുമോണിയ, വയറിളക്കം, മസ്തിഷ്കജ്വരം തുടങ്ങിയ രോഗങ്ങൾക്ക് ഇവ കാരണമാകുന്നു.

വുഹാനിലെ ഒരു കടൽവിഭവ/മത്സ്യ മാംസ മാർക്കറ്റുമായുള്ള സമ്പർക്കമാണ് ഈ പകർച്ചവ്യാധിയുടെ ഉത്ഭവസ്ഥാനമായി കണ്ടെത്തിയിരിക്കുന്നത്. ഇതിന്റെ ഉത്ഭവം ഏതു മൃഗത്തിൽ നിന്നാണെന്നുള്ള പഠനങ്ങൾ നടക്കുന്നതെയുള്ളൂ. വവ്വാലുകളിൽ നിന്ന് മൃഗങ്ങളിലേക്ക് വന്നതാകാം എന്നതാണ് പ്രധാന സംശയം. ഈ പകർച്ചവ്യാധി ഇതുവരെ മനുഷ്യനിൽ കണ്ടെത്തിയിട്ടില്ലാത്ത ഒരു പുതിയ ഇനം കൊറോണ വൈറസ് മൂലമായതിനാൽ ആണ് ഇതിനെ പുതിയത് എന്നർത്ഥം വരുന്ന നോവൽ കൊറോണ വൈറസ് എന്ന് നാമകരണം ചെയ്തത്.



ഇതിനു മുൻപ് 2002-2003 കാലയളവിൽ ചൈനയിൽ തന്നെ പൊട്ടിപുറപ്പെട്ട SARS(Severe acute respiratory syndrome), 2012ൽ സൗദി അറേബ്യയിൽ തുടങ്ങിയ MERS(Middle East Respiratory Syndrome) എന്നിവ ഇത്തരത്തിൽ അതുവരെ കണ്ടുവരാത്ത പുതിയ തരം കൊറോണ വൈറസിനാൽ ഉണ്ടായവയാണ്. ഇതിൽ SARS 37 രാജ്യങ്ങളിൽ 8096 കേസുകൾക്കും 776 മരണങ്ങൾക്കും കാരണമായി. 10% ആയിരുന്നു മരണനിരക്ക്. MERS പകർച്ചവ്യാധിയിൽ 27 രാജ്യങ്ങളിലായി 2494 കേസുകളും 858 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 30% ആയിരുന്നു മരണനിരക്ക്.

2019 ncov, മേൽപറഞ്ഞ പകർച്ചവ്യാധികളെക്കാൾ മരണനിരക്ക് (2%) കുറവാണെങ്കിലും വ്യാപനം വളരെ കൂടുതലാണ്. ഫെബ്രുവരി 11, 2020 ലെ ലോകാരോഗ്യസംഘടനയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 43103 സ്ഥിതീകരിച്ച കേസുകൾ 24-ഓളം രാജ്യങ്ങളിലായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ചൈനയിൽ നിന്ന് മാത്രമാണ് ഇതിൽ 42708 കേസുകൾ ഉള്ളത്. അതിൽ 7333 കേസുകൾ തീവ്രത കൂടിയവയാണ്, 1017 മരണങ്ങൾ ഉണ്ടായിരിക്കുന്നു. ചൈനയ്ക്ക് പുറത്ത് ഒരു മരണം ആണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇന്ത്യയിൽ 3 കേസുകൾ സ്ഥിരീകരിച്ചിരിക്കുന്നു. അത് മൂന്നും കേരളത്തിൽ നിന്നാണ്. വുഹാനിൽ നിന്ന് ഒരുമിച്ച് തിരിച്ചെത്തിയ വിദ്യാർത്ഥികളാണ് ഇവർ മൂവരും. തൃശ്ശൂർ, ആലപ്പുഴ, കാസർകോട് ജില്ലകളിൽ നിന്നാണ് കേസുകൾ റിപ്പോർട്ട് ചെയ്തത്.

### രോഗലക്ഷണങ്ങൾ സങ്കീർണ്ണതകൾ

പനി, തൊണ്ടവേദന, ജലദോഷം, ചുമ, ശ്വാസംമുട്ട്, ശ്വാസതടസ്സം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ചിലരിൽ ഈ രോഗബാധ ലക്ഷണങ്ങൾ ഒന്നും തന്നെ ഇല്ലാതെയും കണ്ടുവരുന്നു. SARS, MERS, Nipah ഇവയൊക്കെ ലക്ഷണങ്ങൾ ഉള്ളവരായിരുന്നു പ്രധാനമായും പടർത്തിയിരുന്നത്. എന്നാൽ നോവൽ കൊറോണാ വൈറസ് ലക്ഷണങ്ങൾ കാണിക്കാത്തവരും പകർത്തുന്നു എന്നതിന് തെളിവ് കിട്ടിയിട്ടുണ്ട്. പ്രാഥമിക ലക്ഷണങ്ങൾ മറ്റ് ഇൻഫ്ലുവൻസ ബാധകൾ പോലെ പനി, തൊണ്ടവേദന ചുമ മാത്രമായിരിക്കും, മറ്റ് രോഗങ്ങളിൽ നിന്ന് ഇത് തിരിച്ചറിയാനും പ്രയാസമാണ്. ഇതുവരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ന്യുമോണിയ പോലെ തീവ്രമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് 20%ത്തിൽ താഴെ രോഗികൾക്കാണ്. ഹൃദ്രോഗം, നിയന്ത്രണമില്ലാത്ത പ്രമേഹം തുടങ്ങിയ മറ്റ് രോഗങ്ങൾ ഉള്ളവരുടെ ഇടയിൽ സങ്കീർണ്ണതകൾ ഉണ്ടാകുന്നതായി കണ്ടുവരുന്നു. രോഗം തീവ്രമാകുമ്പോൾ വൃക്ക മുതലായ ആന്തരികാവയവ



ങ്ങളെ ബാധിക്കുകയും മരണം സംഭവിക്കുകയും ചെയ്യുന്നു.

## അതീവഗൗരവത്തോടു കൂടി നേരിടേണ്ടത് എന്തുകൊണ്ട്

കഴിഞ്ഞ ഒരു മാസത്തെ രോഗവ്യാപനം പഠനത്തിന് വിധേയമാക്കിയതിൽ നിന്ന് നാം മനസ്സിലാക്കിയ വസ്തുതകൾ ഇവയാണ്, ഒരു രോഗിയിൽ നിന്ന് 2 മുതൽ 3 ആളുകളിലേക്ക് ഈ രോഗം പടരുന്നു. ഒരാഴ്ച സമയം കൊണ്ട് രോഗബാധിതരുടെ എണ്ണം ഇരട്ടിയാകുന്നു. അതായത് രോഗം അതിവേഗം പടർന്നു പിടിക്കുന്നു. കൂടുതൽ ആളുകൾ ബാധിതരാകുന്നു. അതിനാൽ തന്നെ മരണനിരക്ക് (2%) കുറവാണെങ്കിൽ പോലും കൂടുതൽ ആളുകൾ മരണപ്പെടുന്നു, പ്രത്യേകിച്ച് പ്രായമായവർ, മറ്റ് രോഗങ്ങൾ ഉള്ളവർ എന്നിവരിലേക്ക് രോഗം പടരുമ്പോൾ രോഗലക്ഷണം കാണിക്കാത്തവരും രോഗം പടർത്തും എന്നുള്ളത് കൊണ്ട് രോഗവ്യാപനം തടയാൻ ഏറെ ശ്രമപ്പെടേണ്ടി വരും.

## ഇൻക്യുബേഷൻ കാലാവധി

രോഗാണു ശരീരത്തിൽ പ്രവേശിച്ചതിനുശേഷം രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുവാനുള്ള സമയദൈർഘ്യം ആണിത്. 2 മുതൽ 14 ദിവസം വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാധാരണയായി 5-10 ദിവസം ആണ് ഇൻക്യുബേഷൻ കാലാവധി. ഇത് 14 ദിവസം വരെ നീണ്ടുപോകാം. Incubating ആയിട്ടുള്ള വ്യക്തികളും രോഗം പടർത്താൻ സാദ്ധ്യതയുണ്ടെന്ന് പ്രാരംഭ പഠനങ്ങൾ കാണിക്കുന്നു.

## ഇൻക്യുബേഷൻ കാലാവധിയുടെ പ്രസക്തി

രോഗബാധിത പ്രദേശങ്ങളിൽ നിന്ന് തിരിച്ചെത്തുന്നവരെ പരമാവധി ഇൻക്യുബേഷൻ കാലാവധി ആയ 14 ദിവസത്തേക്കാണ് നിരീക്ഷിക്കുന്നത്. അവർക്ക് വൈറസ് ബാധയുണ്ടായിട്ടുണ്ടെങ്കിൽ പരമാവധി 14 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങും. കേരളത്തിൽ ഇരട്ടി ഇൻക്യുബേഷൻ സമയമായ 28 ദിവസമാണ് നിരീക്ഷണകാലയളവായി നിജപ്പെടുത്തിയിരിക്കുന്നത്.

## Quarantine, Isolation

രോഗലക്ഷണങ്ങൾ ഇല്ലാത്തവരാണെങ്കിലും ചൈനപോലുള്ള രോഗബാധിത പ്രദേശങ്ങളിൽ നിന്നു വന്നവരെ, പരമാവധി ഇൻക്യുബേഷൻ കാലാവധി വരെ, വീടുകളിൽ തന്നെ മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരാനുള്ള സാദ്ധ്യതകളൊഴിവാക്കി കഴിയുന്നതിനെ Home Quarantine എന്ന് പറയുന്നു. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ പ്രത്യേകം സജ്ജീകരിച്ച ആശുപത്രി മുറികളിൽ മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരാതെ ചികിത്സ നല്കുന്നതിനെ Isolation എന്ന് പറയുന്നു.

## ഈ രോഗം പകരുന്നതെങ്ങനെ

രോഗം ബാധിച്ച വ്യക്തിയിൽ നിന്ന് നേരിട്ടുള്ള സമ്പർക്കം വഴിയാണ് ഇത് പ്രധാനമായി പടരുന്നത്. രോഗിയുടെ ഉമിനീരോ, സ്രവങ്ങളാലോ മലിനമായ വസ്തുക്കൾ, പ്രതലങ്ങൾ ഇവയുമായി സമ്പർക്കത്തിൽ വരുന്നത് വഴി രോഗബാധയുണ്ടാകുന്നു. നിർജ്ജീവ വസ്തുക്കളിൽ (Fomites) എത്രനേരം വൈറസ് ജീവനോടെ നിലനില്ക്കും എന്ന നിർണ്ണായക ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. ചൈനയിൽ ഈ രോഗം പക്ഷിമൃഗാദികളിൽ നിന്നാണ് മനുഷ്യനിലേക്ക് വന്നത് എന്നനുമാനിക്കുന്നു. മൃഗങ്ങളുമായി നേരിട്ട് സമ്പർക്കം വരുമ്പോൾ ആണ് രോഗപ്പകർച്ച ഉണ്ടാകുന്നത്. പക്ഷെ കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രാദേശികമായി വൈറസിന്റെ സാന്നിധ്യം ഇല്ല എന്നതുകൊണ്ട് തന്നെ ഈ രീതിയിൽ മൃഗങ്ങളിൽ നിന്നുള്ള പകർച്ചയെക്കാൾ പ്രസക്തം മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്കുള്ള രോഗപ്പകർച്ചയാണ്.

## ചികിത്സ

ഈ പുതിയ കൊറോണ വൈറസിനെതിരെ ഫലപ്രദമായ Antiviral മരുന്നുകൾ ഇതുവരെ ലഭ്യമല്ല. രോഗ ലക്ഷണങ്ങളുടെ തീവ്രത കുറയ്ക്കുവാനുള്ള Supportive Management മാത്രമാണ് നൽകുന്നത്. മറ്റ് ജലദോഷപനികൾ പോലെ തന്നെ ബഹുഭൂരിപക്ഷം രോഗികളും ചികിത്സ ഒന്നും കൂടാതെത്തന്നെ സുഖംപ്രാപിക്കും. സങ്കീർണ്ണതകളിലേക്ക് പോകുന്നവർക്ക് അനുയോജ്യമായ Supportive ചികിത്സ നല്കുന്നു. മിക്കവാറും വൈറൽ പനികൾ, ഉദാ: ഡെങ്കിപ്പനി, ചിക്കൻഗുന്യാ, നിപ്പാ തുടങ്ങിയവയ്ക്കെല്ലാം ഈ വിധേന തന്നെയാണ് ചികിത്സ നടപ്പാക്കുന്നത്.

## പ്രതിരോധ വാക്സിനുകൾ

ഇതൊരു പുതിയ ഇനം വൈറസ് ആയതിനാൽ തന്നെ വാക്സിനുകൾ ഒന്നും തന്നെ ലഭ്യമല്ല. പുതിയ വാക്സിനുകൾ കണ്ടുപിടിച്ചെടുക്കാൻ മാസങ്ങൾ വേണ്ടിവരും.

## രോഗം വരാതെ എങ്ങനെ തടയാം

കേരളത്തിലെ നിലവിലെ മൂന്നു കേസുകളും വുഹാനിൽ നിന്ന് വന്നവരാണ്. അതിനാൽ തന്നെ രോഗ ബാധിത പ്രദേശങ്ങളിൽ നിന്ന് വന്നവരിൽ നിന്ന് മറ്റുള്ളവരിലേക്ക് പകരാതെ ശ്രദ്ധിക്കുകയാണ് ഏറ്റവു പ്രധാനം.

ഈ പ്രദേശത്തിൽ നിന്ന് വന്നെത്തിയവരെ എല്ലാം തന്നെ ആരോഗ്യ സംവിധാനത്തിന്റെ നിരീക്ഷണത്തിൽ കൊണ്ടുവരാനുള്ള ഊർജ്ജിത ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ചൈനയിൽ നിന്നോ മറ്റ് കൊറോണ രോഗബാധിത പ്രദേശങ്ങളിൽ നിന്നോ എത്തിയിട്ടുള്ളവർ DISHA-1056 എന്ന ആരോഗ്യ വകുപ്പ് ഹെൽപ്പ് ലൈൻ നമ്പർ മുഖേന ആരോഗ്യ സംവിധാനവുമായി ബന്ധപ്പെടണം. രോഗലക്ഷണമില്ലാത്തവർ നിർബന്ധമായും 28 ദിവസം വീട്ടിനുള്ളിൽ തന്നെ Quarantine-ൽ കഴിയണം. ബാത്ത് അറ്റാച്ചിഡ് ആയിട്ടുള്ള നല്ല വായുസഞ്ചാരമുള്ള മുറിയിൽ കുടുംബാംഗങ്ങളോടു പോലും സമ്പർക്കത്തിൽ

വരാതെ വേണം കഴിയാൻ. തോർത്ത്, പത്രം തുടങ്ങിയ ഒരു വസ്തുവും മറ്റുള്ളവരുമായി പങ്കുവയ്ക്കരുത്. ഇവ ബ്ലീച്ച് ലായനി ഉപയോഗിച്ച് അണുവിമുക്തമാക്കണം. ഒരു ലിറ്റർ വെള്ളത്തിൽ 3 tsp ബ്ലീച്ചിംഗ് പൗഡർ കലക്കി അടിയാൻ വെച്ചിട്ട്, അതിന്റെ തെളി ബ്ലീച്ച് ലായനി ആയി ഉപയോഗിക്കാം. ദിവസേന രണ്ടുനേരം ആരോഗ്യപ്രവർത്തകർ ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കും.

രോഗലക്ഷണങ്ങൾ കാണിക്കുന്നവർ Helpline നമ്പറായി ബന്ധപ്പെട്ട് അവർ സജ്ജമാക്കുന്ന വാഹനത്തിൽ മാത്രം ഐസൊലേഷൻ സെന്റർ തയ്യാറാക്കിയിട്ടുള്ള ആശുപത്രിയിലേക്ക് പോവുക. യാതൊരു കാരണവശാലും മറ്റ് ആശുപത്രികളിലോ ഡോക്ടർമാരുടെ അരുകിലോ പോകരുത്, പൊതുവാഹനങ്ങൾ ഉപയോഗിക്കരുത്. ആശുപത്രിയിൽ എത്തിയാൽ ഉടൻ ഒ.പി. ടിക്കറ്റ് എടുക്കാനോ കാഷ്വാലിറ്റിയിലോ പോകരുത്. ആരോടും സമ്പർക്കം വരാതെ നേരിട്ട് ഐസൊലേഷൻ വാർഡിൽ പ്രവേശിക്കുക.

കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ഇവരുമായി സമ്പർക്കം വന്നിട്ടുണ്ടെങ്കിൽ അവരെല്ലാം തന്നെ home quarantine ൽ കഴിയേണ്ടതാണ്. ഇത്തരത്തിൽ രോഗബാധയുണ്ടാകാൻ സാധ്യതയുള്ളവർ വിവാഹങ്ങളിലോ മറ്റ് പൊതുചടങ്ങുകളിലോ യാതൊരുകാരണവശാലും പങ്കെടുക്കരുത്. വീട്ടിൽ വിവാഹമോ മറ്റ് ചടങ്ങുകളോ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അത് മാറ്റിവയ്ക്കുക തന്നെ വേണം.

രോഗലക്ഷണമുള്ളവർ മാസ്ക് ഉപയോഗിക്കുന്നത് രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ സഹായിക്കും. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാലവച്ച് മുഖം മറയ്ക്കുകയോ കൈമുട്ടിലേക്ക് തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുക. കൈകൾ മലിനമായാൽ സമ്പർക്കത്തിൽ വരുന്ന പ്രതലങ്ങൾ വഴിയും കൈകൊടുക്കുന്നതുവഴിയും മറ്റുള്ളവരിലേക്ക് പകരാം. അടിക്കടി കൈകൾ സോപ്പുപയോഗിച്ച് കഴുകുന്നത് ഇത്തരത്തിലുള്ള droplet infections തടയാൻ ഏറെ ഫലപ്രദമാണ്.

നമ്മുടെ സമൂഹത്തിലേക്ക് അധികം പടർന്നു പിടിച്ചിട്ടില്ലാത്ത ഈ ഘട്ടത്തിൽ ജാഗ്രതയാണ് ഏറ്റവും അത്യാവശ്യം രോഗികളും അവരെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകരും മാസ്ക് ഉപയോഗിക്കേണ്ടതാണ്. ആശുപത്രികളിൽ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും കൃത്യമായി പാലി ക്കണം. രോഗവ്യാപനം വിലയിരുത്തികൊണ്ട് ആരോഗ്യഅധികൃതർ നല്കുന്ന നിർദ്ദേശങ്ങൾ എല്ലാം തന്നെ അതീവ ശ്രദ്ധയോടെ നടപ്പിലാക്കണം.

മൃഗങ്ങളിൽ ഈ രോഗം സംശയിക്കുന്ന ചൈനയുടെ പ്രവിശ്യകളിൽ, മൃഗങ്ങളുമായുള്ള നേരിട്ടുള്ള സമ്പർക്കത്തിൽ ശ്രദ്ധപുലർത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. നല്ലവണ്ണം പാകം ചെയ്ത ഇറച്ചി മാത്രമേ ഭക്ഷിക്കാവൂ എന്ന നിർദ്ദേശവും നല്കിയിരിക്കുന്നു.

അനാവശ്യമായി ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കുക. പ്രത്യേക രോഗലക്ഷണങ്ങളുള്ളവർ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുക.

### രോഗനിർണ്ണയം

രക്തം, തൊണ്ടയിലെ സ്രവം തുടങ്ങിയ സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനയിലും NIV, ആലപ്പുഴയിലും RT-PCR ടെസ്റ്റ് ചെയ്ത് രോഗം നിർണ്ണയിക്കുന്നു. അതത് ജില്ലകളിലെ ജില്ലാ സർവ്വേല്ലയൻസ് ഓഫീസർ മുഖേനയാണ് ഏകീകൃത സംവിധാനമായി സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുന്നത്.

### വരും ദിനങ്ങൾ

അധികൃതർ നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നമുക്ക് ഒറ്റക്കെട്ടായി ഈ രോഗത്തെ ചെറുക്കാം. ആരോഗ്യവകുപ്പിൽ നിന്നുള്ള ആധികാരികമായ നിർദ്ദേശങ്ങളും വസ്തുതകളുമല്ലാതെ യാതൊരു വിധത്തിലെയും അനാവശ്യമോ വ്യാജമോ ആയ സന്ദേശങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പങ്കുവയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക.

Helpline - Disha 1056, 0471-2552056

*(ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്. ഫോൺ: 94473775532)*

## കൊറോണ

### തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ

സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

കൊറോണ വൈറസ് തടയുന്നതിന് വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട് വിപുലമായ പ്രചാരണ പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംഘടിപ്പിക്കണം. രോഗലക്ഷണങ്ങളുള്ള വ്യക്തികൾ പൊതുസമ്പർക്കം ഒഴിവാക്കൽ തുടങ്ങി വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് ബോധവത്കരണത്തിന് വിപുലമായ ക്യാമ്പയിൻ പൊതുജനങ്ങൾ ഒത്തുകൂടുന്ന എല്ലാസ്ഥലങ്ങളും കേന്ദ്രീകരിച്ച് നടത്തണം. ജീവനക്കാർ, സന്ദർശകർ, രോഗികൾ തുടങ്ങി ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരും ആരോഗ്യവകുപ്പ് പുറപ്പെടുവിച്ച ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കണം. ഇതുസംബന്ധിച്ച പരിശീലനം, മാർഗ്ഗനിർദ്ദേശങ്ങൾ എഴുതിപ്രദർശിപ്പിക്കൽ തുടങ്ങിയ നടപടികൾ തദ്ദേശസ്ഥാപനതലത്തിൽ സ്വീകരിക്കണം.

ലോകാരോഗ്യ സംഘടന പട്ടികപ്രകാരം കൊറോണ ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ നിന്നെത്തുന്നവരുടെയും അവരുമായി അടുത്തിടപഴകുന്നവരുടെയും പട്ടിക തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കി അവർക്ക് ആരോഗ്യവകുപ്പിന്റെ ഹോം ഐസൊലേഷൻ പ്രോട്ടോക്കോൾ സംബന്ധിച്ച വിവരങ്ങൾ നൽകണം.തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ കൊറോണ രോഗബാധിതർക്കു ചികിത്സ സത്വരമായി ലഭ്യമാക്കുന്നതിന് മരുന്നുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് കുറവ് വരുത്താതെ ശ്രദ്ധിക്കണം. രോഗം പകരുന്നത് തടയാനുള്ള സാധനസാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ വാങ്ങിനൽകണം. ഐസൊലേഷന് വിധേയമാകുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ദൈനംദിന ജീവിതസഹായം ലഭ്യമാക്കണം. പരിചരണത്തിന് സഹായിയെ ലഭ്യമാക്കേണ്ടിവന്നാൽ അതിനുള്ള ക്രമീകരണം ചെയ്യണം. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്ന് ലഭ്യമാക്കാനും അനുമതി നൽകിയിട്ടുണ്ട്.

*(സർക്കുലർ നമ്പർ ഡിസി 1/71/2020/ തസ്വഭവ തീയതി 1.2.2020)*




# പഞ്ചായത്ത് ബജറ്റ്

## എങ്ങനെ തയ്യാറാക്കാം

**അനീഷ് കുമാർ കെ.വി.**

**കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 വകുപ്പിലാണ് ബജറ്റ് തയ്യാറാക്കുന്നതിനെയും ബജറ്റിനനുസൃതമായ നിയന്ത്രണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 175 വകുപ്പ് പ്രകാരം തയ്യാറാക്കുന്ന വാർഷിക വികസന പദ്ധതിയും ബജറ്റിന്റെ ഭാഗമാക്കേണ്ടതുണ്ട്.**

ധനകാര്യ പരിപാലനത്തിന്റെ നെടുംതൂണാണ് ബജറ്റ്. ഒരു വർഷത്തേക്കുള്ള പ്രതീക്ഷിത വരവിന്റെയും ചെലവിന്റെയും സംഗ്രഹമാണ് എന്ന് ചുരുക്കി പറയാം. വിവിധ സ്രോതസുകളിൽ നിന്നും സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങൾ കണ്ടെത്തി അവ നിത്യ നിദാന ചെലവുകൾക്കും വികസന പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കുമായി മാനദണ്ഡങ്ങൾക്കനുസരിച്ച് വകയിരുത്തുന്ന പ്രവർത്തനത്തിനെ ബജറ്റിംഗ് എന്ന് വിളിക്കാം. വിവിധ നികുതികൾ, ഫീസുകൾ, മറ്റു ലഭ്യമാകാവുന്ന തനതു വരുമാന വിഭവങ്ങൾ എന്നിവ കണ്ടെത്തുക, സർക്കാർ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, വിവിധ സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ, ഫണ്ടുകൾ, വായ്പകൾ എന്നിവ ക്രോഡീകരിക്കുക, ലഭ്യമാകുന്ന വിഭവത്തിനെ സൂക്ഷ്മതല പങ്കാളിത്ത ആസൂത്രണത്തിലൂടെ വികസന പദ്ധതികൾക്കായി വകയിരുത്തുക, ദൈനംദിന ഭരണചെലവുകൾക്കും മുൻകൂട്ടി കാണാൻ കഴിയുന്ന മറ്റ് ചെലവുകൾക്കും ആവശ്യമായ തനതു വരുമാനം വകയിരുത്തുക, അംഗീകൃത ബജറ്റിനു വിധേയമായാണോ വിനിയോഗം നടക്കുന്നത് എന്ന് ഉറപ്പാക്കുക എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു.

തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മയുടെ കാലത്ത് "പതിവ് കണക്ക്" എന്ന പേരിൽ വരവ് ചെലവുകളുടെ കണക്ക് അവതരിപ്പിക്കുമായിരുന്നു. മുളകുമടിശീല കാര്യക്കാരൻ ആയിരുന്നു അവതരണത്തിന്റെ ചുമതല. കേരളത്തിലെ ബജറ്റിംഗിന്റെ ചരിത്രം ഇവിടം മുതൽ ദൃശ്യമാണ്. സ്വാതന്ത്ര്യത്തിനു ശേഷം ഭരണഘടനയിൽ അനുച്ഛേദം 112,202 എന്നിവ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബജറ്റ് വിശദമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഭരണഘടന പദവി 1993 ലെ

73-ാം ഭരണ ഘടന ഭേദഗതി പ്രകാരമാണ് ലഭ്യമായത്. അതുവരെ ഭരണഘടനയിലെ പഞ്ചായത്തുകളുടെ പ്രവർത്തന മാനദണ്ഡങ്ങൾ 243 അനുച്ഛേദത്തിലൊതുങ്ങിയിരുന്നു. മേൽ ഭേദഗതി പ്രകാരം 243 എ മുതൽ ഒ വരെ അനുച്ഛേദങ്ങൾ കൂട്ടിച്ചേർത്തതോടെ ഗ്രാമപഞ്ചായ ത്തുകളുടെ പ്രവർത്തനങ്ങൾക്ക് പുതിയ രൂപവും ഭാവവും കൈവന്നിട്ടുണ്ട്. കേരളത്തിൽ ജനകീയാസൂത്രണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പിലാക്കുന്നതിന് ലഭിച്ച പ്രാധാന്യം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അസാമാന്യമായ പുരോഗതിക്ക് കാരണമായിട്ടുണ്ട്. വികസന പ്രക്രിയയിലും ആസൂത്രണത്തിലും ലോകനിലവാരത്തിലേക്കുയരാൻ പഞ്ചായത്തുകൾക്കായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇന്ന് കേരളത്തിന്റെ ഭരണ നിർവ്വഹണ രംഗത്ത് അവിഭാജ്യ ഘടകമാണ്. ആ പുരോഗതി ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക ആസൂത്രണത്തിലും പരിപാലനത്തിലും പ്രതിഫലിക്കപ്പെടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക പരിപാലനത്തിന്റെ നെടുംതൂണായി ബജറ്റിംഗ് മാറേണ്ടതുണ്ട്.

കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 214 വകുപ്പിലാണ് ബജറ്റ് തയ്യാറാക്കുന്നതിനെയും ബജറ്റിനനുസൃതമായ നിയന്ത്രണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നത്. കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 175 വകുപ്പ് പ്രകാരം തയ്യാറാക്കുന്ന വാർഷിക വികസന പദ്ധതിയും ബജറ്റിന്റെ ഭാഗമാക്കേണ്ടതുണ്ട്. ബജറ്റ് വർഷത്തിന്റെ ആരംഭത്തിനു മുൻപ് ബജറ്റ് അംഗീകരിക്കണം എന്നും നിയമം വ്യവസ്ഥചെയ്യുന്നു. സാമ്പത്തിക വർഷത്തേക്കാണ് ബജറ്റ് തയ്യാറാക്കുന്നത് എന്നതിനാൽ ഏപ്രിലിൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ആ കലണ്ടർ വർഷം മാർച്ച് 31നു മുമ്പ് അംഗീകരിക്കണം. അപ്രകാരം ബജറ്റ് അംഗീകരിക്കാത്തതുമൂലം സാമ്പത്തിക പ്രതിസന്ധി സംജാതമായാൽ കേരള പഞ്ചായത്ത്‌രാജ് നിയമം 193 വകുപ്പ് അനുസരിച്ച് സർക്കാരിന് പഞ്ചായത്തിനെ പിരിച്ചുവിടാവുന്നതാണ്. അംഗീകരിച്ച ബജറ്റിൽ വകയിരുത്താത്ത ആവശ്യങ്ങൾക്കും വകയിരുത്തിയതിൽ അധികരിച്ചും ചെലവ് ചെയ്യാൻ പാടില്ല എന്നും വ്യവസ്ഥയുണ്ട്.

## ബജറ്റ് രൂപീകരണം, അംഗീകാരം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2016 ലെ സ.ഉ(സാധാ)നം.3291/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് രൂപീകരണം, ബജറ്റ് അംഗീകാരം, ബജറ്റിനനുസൃതമായ ചെലവ് നിയന്ത്രണം, ബജറ്റിന്റെ കാലികമായ പുതുക്കൽ നടപടികൾ എന്നിവ ഈ മാന്വലിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വികസന പദ്ധതി ആസൂത്രണം, പദ്ധതി ഇതര നിർദ്ദേശങ്ങൾ എന്നിവ രണ്ട് സമാന്തര പ്രക്രിയകളായി ആരംഭിച്ച് പൂർത്തീകരിക്കപ്പെട്ടതിനു ശേഷം അംഗീകൃത വികസന പദ്ധതിയും അന്തിമമായ പദ്ധതി ഇതര നിർദ്ദേശങ്ങളും സംയോജിപ്പിച്ചാണ് ബജറ്റ് രൂപീകരണം പൂർത്തിയാക്കുന്നത്.

പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗ നിർദ്ദേശപ്രകാരം വാർഷികപദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ചാണ് വികസന പദ്ധതി തയ്യാറാക്കേണ്ടത്. പ്ലാൻ കോർഡിനേറ്ററുടെ നിയമനം മുതൽ വാർഷിക വികസന പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകുന്നതുവരെയുള്ള നടപടികൾ ഇതിൽ ഉൾപ്പെടുന്നു.

## പദ്ധതി ഇതര ശുപാർശകൾ

എല്ലാ ഘടക സ്ഥാപന മേധാവികളും ചെലവ് സംബന്ധിച്ച ശുപാർശകളും വരവ് സംബന്ധിച്ച നിർദ്ദേശങ്ങളും തയ്യാറാക്കി കലണ്ടർ വർഷാരംഭം തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്. സെക്രട്ടറി പഞ്ചായത്തിന്റെ പൊതുവായ ചെലവ് നിർദ്ദേശങ്ങളും വരവ് നിർദ്ദേശങ്ങളും തയ്യാറാക്കണം. മേൽ നിർദ്ദേശങ്ങൾ എല്ലാം സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ക്രോഡീകരിക്കണം. ഇവ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ച ചെയ്ത് ശുപാർശകളോടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നല്കണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ ശുപാർശകളും പരിഗണിച്ച് പദ്ധതി ഇതര നിർദ്ദേശങ്ങൾ അന്തിമമാക്കും.

അംഗീകരിച്ച വാർഷിക വികസന പദ്ധതിയും അന്തിമമാക്കിയ പദ്ധതി ഇതര നിർദ്ദേശങ്ങളും സംയോജിപ്പിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആണ് ബജറ്റ് തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി അംഗീകാര നടപടി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യമുണ്ടെങ്കിൽ പഞ്ചായത്ത് തീരുമാന പ്രകാരം വിഷയമേഖലകളിലെ വകയിരുത്തൽ അനുസരിച്ച് ബജറ്റ് തയ്യാറാക്കാം.

**ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് രൂപീകരണം, ബജറ്റ് അംഗീകാരം, ബജറ്റിനനുസൃതമായ ചെലവ് നിയന്ത്രണം, ബജറ്റിന്റെ കാലികമായ പുതുക്കൽ നടപടികൾ എന്നിവ ഈ മാന്വലിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.**

## ബജറ്റ് അവതരണവും അംഗീകാരവും

മാർച്ച് ആദ്യവാരം പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിലാണ് ബജറ്റ് അവതരിപ്പിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ആമുഖ പ്രസംഗം കഴിഞ്ഞാണ് ബജറ്റ് അവതരണം. ഗ്രാമ പഞ്ചായത്തിന്റെ നയപ്രഖ്യാപനം എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ആമുഖ പ്രസംഗത്തെ വിശേഷിപ്പിക്കാം. ബജറ്റിന്റെ വീക്ഷണം, കർമ്മ പദ്ധതി, നയസമീപനം, ലക്ഷ്യങ്ങൾ, മുൻഗണനകൾ തുടങ്ങിയവ ഉൾപ്പെട്ടതാകണം ബജറ്റ് പ്രസംഗം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയ വൈസ് പ്രസിഡന്റാണ് ബജറ്റ് അവതരിപ്പിക്കേണ്ടത്. ബജറ്റ് കുറിപ്പും ബജറ്റ് ഷെഡ്യൂളുകളും വിശദമായി അവതരിപ്പിക്കണം. ബജറ്റ് രേഖകൾ എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യണം. മാർച്ച് 31 ന് മുമ്പ് ചേരുന്ന പ്രത്യേക യോഗത്തിലാണ് ബജറ്റ് അംഗീകരിക്കേണ്ടത്. വിശദമായ ചർച്ചയ്ക്ക് സമയം അനുവദിക്കണം. അവതരിപ്പിച്ച ബജറ്റിൽ ഭേദഗതികൾ ആവശ്യമാണെന്ന് പഞ്ചായത്ത് യോഗം കരുതുന്നപക്ഷം പ്രസ്തുത ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് അംഗീകരിക്കേണ്ടത്.

## ബജറ്റ് സ്റ്റേറ്റ്മെന്റും ഷെഡ്യൂളുകളും

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 13 ഷെഡ്യൂളുകളിലായാണ് തയ്യാറാക്കുന്നത്. ബജറ്റ് മാന്വലിലെ വർക്ക് ഷീറ്റ് 1 അനുസരിച്ച് തയ്യാറാക്കിയ പ്രാരംഭ ബാക്കിയുടെയും 1 മുതൽ 12 വരെയുള്ള ബജറ്റ് ഷെഡ്യൂള

കളുടെയും സംഗ്രഹമാണ് ബജറ്റ് സ്റ്റേറ്റ്മെന്റ്. ബജറ്റ് ഷെഡ്യൂളുകളിൽ മൂന്ന വർഷത്തെ സംഖ്യകൾ രേഖപ്പെടുത്തേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ യഥാർത്ഥ തുകകൾ, തനതു വർഷത്തെ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയ ബജറ്റ് തുകകൾ, ബജറ്റ് വർഷത്തേക്കുള്ള പ്രതീക്ഷിത തുകകൾ എന്നിവയാണത്. കഴിഞ്ഞ വർഷത്തെ യഥാർത്ഥ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിഡിച്ചർ ഷെഡ്യൂളുകൾ, റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളുകൾ, കാപിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയിൽ നിന്ന് എടുക്കാവുന്നതാണ്.

തൻവർഷ തുകകൾ എല്ലാ ഭേദഗതിയും ഉൾപ്പെടുത്തി അംഗീകരിച്ച തൻവർഷ ബജറ്റിന്റെ കോളം 5 ൽ നിന്നും എടുക്കാവുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ യഥാർത്ഥ തുകകൾ, തനതു വർഷത്തെ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയ ബജറ്റ് തുകകൾ ഇവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബജറ്റ് വർഷത്തേക്കുള്ള പ്രതീക്ഷിത തുകകൾ ആണ് ബജറ്റ് വർഷ തുകയായി ഉൾപ്പെടുത്തേണ്ടത്. ബജറ്റ് ഷെഡ്യൂൾ 13 ൽ തൻവർഷം പ്രതീക്ഷിക്കുന്ന ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ് വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. വർക്ക് ഷീറ്റ് 2 ഉപയോഗിച്ച് പദ്ധതി റവന്യൂ, മൂലധന വരവുകളുടെ വിവരം തയ്യാറാക്കാം. ബജറ്റ് ഷെഡ്യൂൾ 4 ലെയും 7 ലെയും തുകകൾ കണ്ടെത്തുന്നതിന് ഈ വർക്ക് ഷീറ്റ് ഉപയോഗിക്കാം. വർക്ക് ഷീറ്റ് 3 ഉപയോഗിച്ച് പദ്ധതി റവന്യൂ, മൂലധന ചെലവുകളുടെ വിവരം തയ്യാറാക്കാം. ബജറ്റ് ഷെഡ്യൂൾ 9 ലെയും 12 ലെയും തുകകൾ കണ്ടെത്തുന്നതിന് ഈ വർക്ക് ഷീറ്റ് ഉപയോഗിക്കാം.

ബജറ്റ് എന്നത് വരവ് ചെലവ് കണക്കാണല്ലോ. ബജറ്റിലെ വരവുകളെയും ചെലവുകളെയും റവന്യൂ വരവുകൾ, മൂലധനവരവുകൾ റവന്യൂ ചെലവുകൾ, മൂലധന ചെലവുകൾ എന്നിങ്ങനെ വർഗ്ഗീകരിക്കാം.

## റവന്യൂ വരവുകൾ

എല്ലാ നികുതി, നികുതി ഇതര വരവുകളും പൊതു ആവശ്യ ഗ്രാന്റും കൂടാതെ റവന്യൂ ചെലവിനായി കൈമാറുന്ന ഗ്രാന്റുകളും ഫണ്ടുകളും വായ്പകളും ഉൾപ്പെടുന്നതാണ് റവന്യൂ വരവുകൾ.

## മൂലധന വരവുകൾ

റവന്യൂ വരവുകളല്ലാതെ ലഭ്യമാകുന്ന എല്ലാ വരവുകളും മൂലധന വരവുകളാണ്.

## റവന്യൂ ചെലവുകൾ

ഒന്നിലധികം വർഷക്കാലത്തേക്ക് ഗുണം ലഭിക്കാത്ത ചെലവുകളെ പൊതുവെ റവന്യൂ ചെലവുകളായി കണക്കാക്കാം.

## മൂലധന ചെലവുകൾ

ഒന്നിലധികം വർഷക്കാലത്തേക്ക് ഗുണം ലഭിക്കുന്ന ചെലവുകളാണ് മൂലധന ചെലവുകൾ. ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടിയൊ നിലവിലുള്ള ആസ്തിയുടെ ക്ഷമത, പരിമാണം, കാലപരിധി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയോ ചെയ്യുന്ന ചെലവുകളാണ് പൊതുവെ മൂലധന ചെലവുകളായി പരിഗണിക്കുന്നത്.

## ബജറ്റ് ഭേദഗതി /പരിഷ്കരണം

അംഗീകൃത ബജറ്റിൽ വകയിരുത്താത്ത ഇനത്തിൽ ചെലവ് ചെയ്യേണ്ട സാഹചര്യത്തിലോ വകയിരുത്തിയ തുകയിലും കൂടുതൽ ആവശ്യമായി വരുകയോ ചെയ്യുന്ന സംഗതികളിൽ ബജറ്റ് ഭേദഗതി/സപ്ലിമെന്ററി ബജറ്റ് അംഗീകരിക്കാവുന്നതാണ്. പഞ്ചായത്തിന്റെ സാധാരണ യോഗത്തിൽ ബജറ്റ് ഭേദഗതി അംഗീകരിക്കാവുന്നതാണ്. വികസന പദ്ധതികൾക്ക് അംഗീകാരം ലഭിക്കാതെ ബജറ്റ് അംഗീകരിക്കുന്ന സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം ലഭ്യമായ ഉടനെ ബജറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകരിക്കണം.

## ജെന്റർ ബജറ്റിംഗ്

ജന്റർ ബജറ്റിംഗ് എന്നത് പ്രത്യേകമായി തയ്യാറാക്കേണ്ടതല്ല. തയ്യാറാക്കിയ ബജറ്റിലെ ലിംഗപരമായ അപഗ്രഥനമാണ് ഉദ്ദേശിക്കുന്നത്. അപ്രകാരം അപഗ്രഥിക്കുന്നതിലൂടെ ബജറ്റിലെ വകയിരുത്തലിലെ ലിംഗസമത്വം ദൃശ്യമാക്കുക എന്നതാണ് ലക്ഷ്യം.

## പെർഫോമൻസ് ബജറ്റ്

ബജറ്റിലെ ചെലവ് വകയിരുത്തലുകളിലൂടെ ഉദ്ദേശിക്കുന്ന അനന്തരഫലം എന്താണ് എന്നത് പെർഫോമൻസ് ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു.

## ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ബജറ്റ് വർഷത്തെ പ്രതീക്ഷിത തനത് വരുമാനം, പൊതു ആവശ്യ ഗ്രാന്റ് എന്നിവയുടെ 5 ശതമാനം ബജറ്റ് മിച്ചമായി ഉണ്ടാകണം.
- പൊതു ആവശ്യ ഗ്രാന്റ് ഒഴികെയുള്ള ഗ്രാന്റുകൾ, വായ്പകൾ, കൈമാറി നൽകുന്ന ഫണ്ടുകൾ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയ്ക്ക് പൂർണ്ണമായും ചെലവ് വകയിരുത്തണം.
- ബജറ്റ് വർഷം സാധ്യതയുള്ള എല്ലാ ചെലവുകൾക്കും വകയിരുത്തൽ ഉണ്ടാകണം (ഉദാ. തെരഞ്ഞെടുപ്പ് ചെലവുകൾ).

ജനാധിപത്യ സർക്കാരുകൾ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാബദ്ധമാകണം. ദീർഘവീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറകൾക്കു കൂടി ഉപയോഗയോഗ്യമാകുംവിധം പരിസ്ഥിതിയെയും ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിനു കരുതലോടെ പ്രവർത്തിക്കുകയും വേണം. ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്നതും അവരുടെയും പ്രദേശത്തിന്റെയും പ്രശ്നങ്ങൾ അടുത്തു നിന്ന് മനസ്സിലാക്കുന്നതുമായ ജനാധിപത്യ ഭരണസംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വളരെയേറെ ഉത്തരവാദിത്വവും പ്രാധാന്യവുമുണ്ട്.

പരമാവധി വിഭവങ്ങൾ സമാഹരിക്കുക, കൃത്യവും സൂക്ഷ്മവുമായ വിനിയോഗം ഉറപ്പു വരുത്തുക, മിതവും ഫലപ്രദവുമായ ചെലവഴിക്കൽ നയങ്ങൾ സ്വീകരിക്കുക, ജനപങ്കാളിത്തത്തോടെ ആസൂത്രണ നടപടികൾ ഫലപ്രദമാക്കുക, ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അനായാസം മനസിലാവുന്ന തരത്തിൽ രേഖകൾ തയ്യാറാക്കുക, പ്രായോഗികത ഉറപ്പാക്കുക തുടങ്ങി ബജറ്റ് ഫലപ്രദമാക്കുന്നതിന് നിരവധി തലങ്ങളിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്. പ്രായോഗികവും യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടുന്നതുമായ ബജറ്റ് പങ്കാളിത്ത ആസൂത്രണത്തോടെ തയ്യാറാക്കുകയും അംഗീകൃത ബജറ്റ് പ്രകാരം നിയന്ത്രിത വിഭവ വിനിയോഗം സാധ്യമാകുകയും ചെയ്യുന്നതിലൂടെ ജനാധിപത്യത്തിന്റെ പുതിയ ശ്രേണിയിലേക്ക് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ എത്തിച്ചേരുന്ന കാലം വിദൂരമല്ല. ☐

*ലേഖകൻ*
*പനവൂർ ഗ്രാമ പഞ്ചായത്തിൽ*
*അക്കൗണ്ടന്റാണ്.*



സാമൂഹ്യസുരക്ഷ

# അബ്ദുള്ളയും ലൈഫും കൈകോർത്തു; കടയ്ക്കലിൽ ഇനി പാർപ്പിട വിപ്ലവം

■ രാഹുൽ യു.എസ്.

**വർഷങ്ങൾക്കൊണ്ടുള്ള സമ്പാദ്യം കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ചിട്ടിയായി ലഭിച്ചപ്പോൾ അബ്ദുള്ള ആദ്യമാലോചിച്ചത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകാമെന്നാണ്. അബ്ദുള്ള പഞ്ചായത്തിനു വാങ്ങി നൽകിയ ഒരേക്കർ ഭൂമിയിൽ ഉയരുന്ന പാർപ്പിട സമുച്ചയം ഇനി ഒട്ടേറെ ഭവനരഹിതർക്ക് തണലാകും.**

സ്വന്തം അധ്വാനത്തിൽനിന്ന് സ്വരുക്കൂട്ടിയ തുകകൊണ്ട് അർത്ഥപൂർണ്ണമായൊരു സേവനം സമൂഹത്തിനു നൽകണമെന്നാണ് കൊല്ലം കടയ്ക്കലിലെ 'കപ്പലണ്ടിക്കട' ഉടമ അബ്ദുള്ള ആഗ്രഹിച്ചത്. അബ്ദുള്ളയുടെ സൻമനസ്സിനു കൂട്ടായി ലൈഫ് ഭവന പദ്ധതികൂടി ചേർന്നതോടെ കടയ്ക്കലിൽ സന്നദ്ധ പ്രവർത്തനത്തിന്റെ പുതിയ വിപ്ലവംതന്നെ നടക്കുകയാണ്. അബ്ദുള്ള പഞ്ചായത്തിനു വാങ്ങി നൽകിയ ഒരേക്കർ ഭൂമിയിൽ ഉയരുന്ന പാർപ്പിട സമുച്ചയം ഇനി ഒട്ടേറെ ഭവനരഹിതർക്ക് തണലാകും.

വർഷങ്ങൾക്കൊണ്ടുള്ള സമ്പാദ്യം കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ചിട്ടിയായി ലഭിച്ചപ്പോൾ അബ്ദുള്ള ആദ്യമാലോചിച്ചത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകാമെന്നാണ്. വസ്തുവിനൊപ്പം വീടുകൂടി വച്ചു നൽകാനുള്ള സാമ്പത്തിക ശേഷിയില്ലാത്തതിനാൽ സഹായം തേടി കടയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. ബിജുവിനു സമീപമെത്തി.

ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതി നിർവ്വഹണം നടത്തുന്ന സമയമാണ്. ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്ക് ഭൂമിയും വീടുമാണ് നൽകേ





# എറണാകുളം കളക്ടേറ്റിൽ ഹിറ്റായി പ്രീഫാബ് മാതൃക

പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് എറണാകുളം കളക്ടേറ്റിൽ മോഡൽ അപ്പാർട്ട്മെന്റ് നിർമ്മിച്ചു. 563 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു നില വീടിന്റെ മോഡലാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രീഫാബ് എൽജിഎസ്എഫ് സാങ്കേതികവിദ്യയാണ് ഉപയോഗിച്ചത്. 40 ദിവസം മാത്രമെടുത്താണ് നാലംഗ കുടുംബത്തിന് താമസിക്കാൻ കഴിയുന്ന തരത്തിലുള്ള മോഡൽ അപ്പാർട്ട്മെന്റിന്റെ പണി പൂർത്തിയാക്കിയത്.

പ്രളയവും ഉരുൾപൊട്ടലും തുടർക്കഥയായതോടെയാണ് സർക്കാർ പുതിയ നിർമ്മാണരീതിയിലേക്ക് മാറുന്നത്. പ്രകൃതി സൗഹൃദവും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കാവുന്നതും ചെലവു കുറഞ്ഞതും കൂടുതൽ ഈടു നിൽക്കുന്നതുമാണ് പ്രീഫാബ് നിർമ്മാണരീതി. പ്രകൃതി വിഭവങ്ങൾ ഏറ്റവും ചുരുങ്ങിയ അളവിൽ ഉപയോഗിക്കുന്നതാണ് പ്രീഫാബ് രീതിയുടെ പ്രധാന സവിശേഷത. കെട്ടിട ഭാഗങ്ങൾ ഫാക്ടറിയിൽ നിർമ്മിച്ച് സൈറ്റിൽ എത്തിക്കുകയാണ് ചെയ്യുന്നത്. കെട്ടിടത്തിന്റെ മുഴുവൻ ഭാഗങ്ങളും ഇതുപോലെ ഫാക്ടറിയിൽ നിർമ്മിക്കുന്നു.

ഈ നിർമ്മാണത്തിന് ബലമേറിയ ബേസ്മെന്റ് ആവശ്യമില്ല. ഇതിലുപയോഗിക്കുന്ന സ്റ്റീൽ പുനരുപയോഗിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഇളക്കിയെടുത്ത് മറ്റൊരിടത്തേക്ക് മാറ്റി സ്ഥാപിക്കാനും കഴിയുന്നു. സ്റ്റീൽ പെട്ടെന്ന് ചൂടു പിടിക്കുന്നതിനാൽ കെട്ടിടത്തിനകത്തെ ചൂടു കുറയ്ക്കാൻ റോക്ക് വൂൾ ഉപയോഗിച്ചുള്ള ഇൻസുലേഷൻ ചെയ്യുന്നു. ഇത് ചൂടു മാത്രമല്ല, ശബ്ദത്തെയും പ്രതിരോധിക്കുന്നു. കളക്ടേറ്റിലെത്തുന്നവർക്ക് പ്രീഫാബ് മോഡൽ അപ്പാർട്ട്മെന്റ് സന്ദർശിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

ണ്ടത്. ഭൂമി ലഭ്യമാകുമായിരുന്നെങ്കിൽ അതിൽ പാർപ്പിട സമുച്ചയം നിർമ്മിച്ച് കൂടുതൽ പേർക്ക് താമസ സൗകര്യം നൽകുവാനാകും എന്ന ചിന്ത പഞ്ചായത്ത് പ്രസിഡന്റ് അബ്ദുള്ളയ്ക്ക് മുന്നിൽ വച്ചു. എന്നാൽ കുറഞ്ഞത് 50 സെന്റ് ഭൂമിയെങ്കിലും ആവശ്യമായി വരും. അബ്ദുള്ള പിൻമാറാൻ തയ്യാറായിരുന്നില്ല. താൻ ഭൂമി വാങ്ങി നൽകാമെന്ന് അബ്ദുള്ള ഉറപ്പു നൽകി. പല പ്രതിസന്ധികൾ കടന്ന് ഒരേക്കർ ഭൂമി വാങ്ങി നൽകുകതന്നെ ചെയ്തു.

ഇപ്പോൾ സാമ്പത്തിക വർഷം

## ലൈഫ് മിഷനിൽ രണ്ട് ലക്ഷം വീടുകൾ പൂർത്തിയാവുന്നു; സംസ്ഥാനതല പ്രഖ്യാപനം 29ന്

ലൈഫ് മിഷൻ പദ്ധതിയിൽ രണ്ടു ലക്ഷം വീടുകൾ പൂർത്തിയായതിന്റെ സംസ്ഥാനതല പ്രഖ്യാപനം ഫെബ്രുവരി 29ന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ ലൈഫ് ഗുണഭോക്താക്കളുടെ സംഗമവും സംഘടിപ്പിക്കും.

### ലൈഫ് – പൂർത്തിയായ വീടുകൾ *(2020 ഫെബ്രുവരി 3 വരെ)*

| ജില്ലയുടെ പേര് | ലൈഫ് ഘട്ടം I & II / പി.എം.എ.വൈ-റൂറൽ & അർബൻ | | | |
|---|---|---|---|---|
| | അർഹരായി കണ്ടെത്തിയ ആകെ ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ച വീടുകളുടെ എണ്ണം | ആകെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം | ശതമാനം % |
| തിരുവനന്തപുരം | 41084 | 35468 | 26211 | **73.90** |
| കൊല്ലം | 22778 | 19360 | 15114 | **78.07** |
| പത്തനംതിട്ട | 7096 | 5470 | 4229 | **77.31** |
| കോട്ടയം | 9998 | 8054 | 6544 | **81.25** |
| ആലപ്പുഴ | 20590 | 17573 | 12831 | **73.02** |
| ഇടുക്കി | 19899 | 16742 | 11166 | **66.69** |
| എറണാകുളം | 22041 | 17079 | 10935 | **64.03** |
| തൃശ്ശൂർ | 20068 | 16881 | 11252 | **66.65** |
| പാലക്കാട് | 34838 | 28699 | 20869 | **72.72** |
| മലപ്പുറം | 25236 | 21848 | 14117 | **64.61** |
| കോഴിക്കോട് | 21192 | 18576 | 13984 | **75.28** |
| വയനാട് | 18485 | 16617 | 12602 | **75.84** |
| കണ്ണൂർ | 11663 | 10000 | 7688 | **76.88** |
| കാസർഗോഡ് | 10117 | 8403 | 6364 | **75.73** |
| ആകെ | **285085** | **240770** | **173906** | **72.23** |

അവസാനിക്കാറായതിനാൽ പാർപ്പിട പദ്ധതിക്കുള്ള നടപടികളെല്ലാം അതിവേഗം പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം ജംഗ്ഷനിൽ നിന്ന് അകലെയല്ലാതെ ലഭിച്ച ഒരേക്കർ ഭൂമി കഴിഞ്ഞ ഡിസംബറിൽ പഞ്ചായത്തിന്റെ പേർക്ക് എഴുതി നൽകി. കോട്ടപ്പുറം വാർഡ് മെമ്പർ എസ്.സുജീഷ് കുമാറിന്റെ സഹായത്തോടെ അതിവേഗം കടലാസ് നടപടികൾ നടത്തി. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുയോജ്യതാ സാക്ഷ്യപത്രവും നിരാക്ഷേപ സാക്ഷ്യപത്രവും വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വലിയ സാമ്പത്തികമുണ്ടായിട്ടില്ല, മനുഷ്യസ്നേഹത്താൽ സമ്പന്നമായ മനസ്സുള്ളതാണ് എന്നും അബ്ദുള്ള എന്ന പഴയ തെങ്കാശിക്കാരൻ സുബ്രഹ്മണ്യത്തിന്റെ കരുത്ത്. തമിഴ്നാട് തെങ്കാശിക്ക് സമീപം പുളിയൻകുടി ഗ്രാമത്തിലെ പലചരക്ക് വ്യാപാരിയായ കറുപ്പയ്യന്റെയും മുത്തമ്മാളിന്റെയും ആറ് ആൺമക്കളിൽ മൂന്നാമനായിരുന്നു ഇന്ന് അബ്ദുള്ള എന്നറിയപ്പെടുന്ന സുബ്രഹ്മണ്യൻ. 1978ൽ ആണ് കൊല്ലത്തെ നിലമേലിലെ പലഹാരക്കടയിൽ പലഹാര നിർമ്മാണം, പാക്കിംഗ് തുടങ്ങിയ ചെറിയ ജോലികൾക്കായി എത്തിയത്.



പിന്നീട് കടയ്ക്കലിലെ കപ്പലണ്ടിക്കടയിൽ സഹായിയായി. പ്രൈമറി ക്ലാസുകളിൽ നിന്നും നേരെ ജീവിതത്തിലേക്ക് ഇറങ്ങിയ അബ്ദുള്ളയെ തട്ടുകടകളിൽ നിന്നും കഴിച്ചും കടത്തിണ്ണയിലുറങ്ങിയും ജീവിച്ചു തീർത്ത വർഷങ്ങൾ പുതിയൊരു വ്യക്തിയായി പരിവർത്തനപ്പെടുത്തുകയായിരുന്നു. വിവാഹ ശേഷം 1995ൽ കടയ്ക്കലിൽ സ്വന്തമായി കട ആരംഭിച്ചു. കപ്പലണ്ടിയും മറ്റുമാണ് പ്രധാന കച്ചവടം. അന്നുമുതൽ അബ്ദുള്ളയുടെ സ്ഥാപനം കപ്പലണ്ടിക്കട എന്നാണ് അറിയപ്പെടുന്നത് തന്നെ. 1991ൽ വിവാഹം. ഭാര്യ ഷമീന. രണ്ട് മക്കൾ. രേവതിയും (ഖദീജ), രാഹുലും (മുഹമ്മദ്). രേവതിയുടെ വിവാഹം കഴിഞ്ഞു. ഭർത്താവ് വ്യാപാരിയാണ്. മകൻ അവിവാഹിതനാണ്. അച്ഛനെ കച്ചവടത്തിൽ സഹായിക്കുന്നു. 2001-ൽ ആണ് അബ്ദുള്ള എന്ന പേര് സ്വീകരിച്ച് കടയ്ക്കൽ മുസ്ലീം ജമാഅത്ത് അംഗമാകുന്നത്. താൻ സമ്പാദിക്കുന്നതിൽ ഒരു പങ്ക് തന്റെ സഹജീവികൾക്ക് ഉള്ളതാണെന്ന് ആദ്യം മുതലെ ചിന്തിച്ചു വന്നിരുന്ന അബ്ദുള്ള കടയ്ക്കൽ മുസ്ലീം ജമാഅത്തുമായി ബന്ധപ്പെട്ടും സ്വന്തം നിലയിലും പരോപകാരപ്രദമായ പ്രവൃത്തികൾ തുടക്കം മുതലെ ചെയ്തു വന്നിരുന്നു. എന്നാൽ എന്തെങ്കിലും പരസ്യമോ പ്രശസ്തിയോ ആഗ്രഹിക്കുന്നുമില്ല. □

*ലേഖകൻ ലൈഫ് മിഷനിൽ പ്രോഗ്രാം മാനേജരാണ്*

# ഗ്രാമസഭകളുടെ സംഘാടനം: മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ജനകീയ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മൂല്യാധിഷ്ഠിതമായി ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ദുരന്ത നിവാരണ പദ്ധതി നടപ്പാക്കുന്നതിനും പഞ്ചായത്ത് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഗ്രാമപഞ്ചായത്തുകൾ ഇത് പാലിക്കുന്നതിൽ വീഴ്ചയുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്ന് സർക്കുലർ വ്യക്തമാക്കുന്നു.

ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും ദുരന്ത നിവാരണത്തിനും ദുരന്ത മുന്നൊരുക്കങ്ങൾക്കുമായി 'നമ്മൾ നമുക്കായി' എന്ന പദ്ധതി തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനും പദ്ധതി രൂപീകരണത്തിനുമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേക വാർഡുതല ഗ്രാമസഭകൾ ചേരാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ദുരന്തനിവാരണ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ പ്രവർത്തനങ്ങൾ വീഴ്ചകൂടാതെ നിർവഹിക്കണം. ഗ്രാമസഭകളുടെ സംഘാടനം സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് നടപ്പാക്കണം.

മനുഷ്യവിഭവശേഷി കണ്ടെത്തി പ്രാദേശിക വികസനവും സ്വയംപര്യാപ്തതയും പൂർണ്ണതോതിൽ നടപ്പാക്കാൻ ഗ്രാമസഭ മുഖേന പ്രൊഫഷണലുകളുടെ പട്ടിക എല്ലാ ഗ്രാമപഞ്ചായത്തുകളും തയ്യാറാക്കി ഇവരുടെ സേവനം പ്രയോജനപ്പെടുത്താൻ നിർദ്ദേശമുണ്ട്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ചും പ്ലാസ്റ്റിക് കത്തിക്കുന്നതിലൂടെ മനുഷ്യനും പരിസ്ഥിതിക്കും ഉണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ചും ഗ്രാമസഭായോഗങ്ങളിൽ പ്രത്യേക അജണ്ട ഉൾപ്പെടുത്തി ചർച്ചചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ നീക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തിയ സംവിധാനങ്ങളും വിശദമാക്കണം.

എല്ലാ പദ്ധതികൾക്കും അപേക്ഷാഫോറങ്ങൾ മലയാളത്തിലൊ പ്രാദേശിക ഭാഷയിലൊ ലളിതമായി അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കണം. അർഹർക്ക് അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാനതീയതിയും സമയവും നിശ്ചയിച്ച് ഫോറങ്ങൾ വിതരണം ചെയ്യണം.

എല്ലാ ഗ്രാമപഞ്ചായത്തിലും മൂന്നുമാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ ചേരണം. യോഗം വിളിക്കുന്നതിനുള്ള ചുമതല ഗ്രാമസഭാ കൺവീനറായ വാർഡ് അംഗത്തിനാണ്. ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ വ്യാപക പ്രചരണം സംഘടിപ്പിക്കണം. യോഗത്തിലേക്ക് പ്രദേശം പ്രതിനിധീകരിക്കുന്ന നിയമസഭാംഗത്തെയും ജില്ലാ പഞ്ചായത്ത് അംഗത്തെയും ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ക്ഷണിക്കണം.

അംഗസംഖ്യയുടെ പത്തുശതമാനം അംഗങ്ങൾ ഹാജരായാൽ യോഗത്തിന്റെ ക്വാറം തികയും. പ്രസിഡന്റ് യോഗത്തിന് അധ്യക്ഷത വഹിക്കും. പ്രസിഡന്റ് നിർദ്ദേശിക്കുന്നതിനനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണം.

ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് ഗ്രാമസഭ കൺവീനർ പ്രസിഡന്റുമായി ആലോചിച്ച് അജണ്ട തയ്യാറാക്കും. ഗ്രാമപഞ്ചായത്തിന്റെ മുഖ്യ വികസനപ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് യോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തുക. ഗ്രാമസഭയ്ക്ക് വേണ്ടി എല്ലാ വാർഡുകളിലെയും ഒരു പൊതുസ്ഥലത്ത് സ്ഥിരം വാർത്താബോർഡ് സ്ഥാപിക്കും. ഗ്രാമസഭയ്ക്ക് ആവശ്യമെങ്കിൽ പത്തിൽ കുറയാത്ത അംഗങ്ങളുള്ള സബ് കമ്മിറ്റികൾ രൂപീകരിക്കാം.

ഗ്രാമസഭയിലെ 10 ശതമാനം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അതിലുന്നയിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഗ്രാമസഭയുടെ പ്രത്യേക യോഗം 15 ദിവസത്തിനകം കൺവീനർ വിളിച്ചുകൂട്ടണം. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ ചേരുന്നതിനുമുമ്പ് പട്ടികവർഗ്ഗ ഊരുകൂട്ടങ്ങളിൽ ഗ്രാമസഭാ യോഗത്തിന് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കണം. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന് മുമ്പ് ഓരോ ഊരിലും വ്യാപകമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം.

മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കണം.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള മിഷനുകളുടെ പ്രവർത്തന അവലോകന റിപ്പോർട്ടും മറ്റ് വികസന മേഖലകൾ ഉൾപ്പെടെയുള്ളവയെക്കുറിച്ച് വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തയ്യാറാക്കി ഗ്രാമസഭാംഗങ്ങൾക്ക് ലഭ്യമാക്കണം. ഗ്രാമപഞ്ചായത്ത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകൾ, വാർഷിക സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഗ്രാമസഭായോഗങ്ങളിൽ ചർച്ച ചെയ്യണം. പ്രവാസിമലയാളികൾ ഉൾപ്പെടെയുള്ള പൊതുജനത്തിന്റെ അഭിപ്രായം സ്വീകരിക്കുന്നതിന് വകുപ്പിന്റെ വെബ് സൈറ്റിൽ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാക്കും.

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നത് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചായിരിക്കണം. ഗ്രാമസഭകളുടെ തീരുമാനങ്ങൾക്കും ശുപാർശകൾക്കും ഗ്രാമപഞ്ചായത്ത് അർഹമായ പരിഗണന നൽകണം. ഏതെങ്കിലും പദ്ധതിക്കോ, പ്ലാനിനോ വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ അർഹതയും മുൻഗണനാക്രമവും മാനദണ്ഡങ്ങളും പദ്ധതിയിലോ, പ്രോജക്ടിലോ, പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് കൺവീനർ യോഗങ്ങളിൽ അവതരിപ്പിക്കണം. ഇത്തരത്തിൽ 41 നിർദേശങ്ങളാണ് സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സർക്കുലർ നമ്പർ പി.എ.എൻ/17316/201. ജെ8 (ഡി.പി)). dop.lsgkerala.gov.in എന്ന വെബ്സൈറ്റിൽ സർക്കുലർ ലഭിക്കും



# കൊല്ലത്ത് പഞ്ചായത്ത് വകുപ്പിന് ബ്ലോഗ്

കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായുള്ള ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിനും പൊതുജനങ്ങൾക്ക് പഞ്ചായത്തുകളെ സംബന്ധിച്ച അഭിപ്രായങ്ങളും പരാതികളും നൽകുന്നതിനുമായി തയ്യാറാക്കിയ www.ddpkollamnews.blogspot.com എന്ന ബ്ലോഗ് പ്രവർത്തനമാരംഭിച്ചു. നിലവിൽ ഇ-മെയിൽ, ഫോൺ മുഖേന നൽകുന്ന അറിയിപ്പുകളും നിർദ്ദേശങ്ങളും ഉത്തരവുകളും എല്ലാം വളരെ വേഗത്തിൽ ലഭ്യമാക്കുവാനും പഞ്ചായത്തുകൾക്ക് ദൈനംദിനം ഉപയോഗിക്കേണ്ടി വരുന്ന വിവിധ വെബ് സൈറ്റുകളിലേക്കും ഐ.കെ.എം ആപ്ലിക്കേഷനുകളിലേക്കും പ്രവേശിക്കുവാനും ഈ ഒറ്റ ജാലകത്തിലൂടെ സാധ്യമാകും.

കൈമാറുന്ന വിവരങ്ങൾ ബ്ലോഗിൽ സ്ഥിരമായി സൂക്ഷിക്കപ്പെടും. ഇവ ഏതു സമയത്തും ഈ ജാലകത്തിൽ നിന്നും ലഭിക്കും. ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് പഞ്ചായത്തുകൾക്കുള്ള സംശയങ്ങളും അഭിപ്രായങ്ങളും കമന്റുകളായി രേഖപ്പെടുത്താവുന്നതും അത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ അപ്പപ്പോൾ തന്നെ നൽകുന്നതിനും ബ്ലോഗിലൂടെ കഴിയും. ഇത്തരം കമന്റുകളും മറുപടികളും എല്ലാവർക്കും കാണാനാവുമെന്നത് മറ്റുള്ളവർക്കും സഹായകമാകും.

വകുപ്പുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ പൊതുജനങ്ങൾക്ക് അടുത്തറിയുന്നതിനും കമന്റുകൾ രേഖപ്പെടുത്തുന്നതിനും ഈ ബ്ലോഗിലൂടെ കഴിയും. മുൻവർഷം ജാലകം 2019 എന്ന പേരിൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് പുറത്തിറക്കിയ കൈപ്പുസ്തകത്തിന് വലിയ സ്വീകാര്യത ലഭിച്ചിരുന്നു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനുൻ വാഹിദാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

# എൻജിനീയറിങ് വിദ്യാർഥികളുടെയും അധ്യാപകരുടെയും സേവനങ്ങൾ ഇനി ഗ്രാമപഞ്ചായത്തുകൾക്ക്

എൻജിനീയറിങ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് വകുപ്പ് പുറത്തിറക്കി. എൻജിനീയറിങ് വിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അറിവുകളും കഴിവുകളും പ്രയോജനപ്പെടുത്തുന്നതിനും അവസരം നൽകുന്നതാണ് മാർഗ്ഗനിർദ്ദേശങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതികളുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഇത് സഹായിക്കും. തദ്ദേശസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും എൻജിനീയറിങ് മേഖലയുമായുള്ള സഹകരണം സഹായകമാകും.

കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ ഉള്ള കോളേജുകളിൽ എൻജിനീയറിങ് കോഴ്സ് പൂർത്തിയാക്കിയവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ കില, ശുചിത്വ മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, കെ.എസ്.ആർ.ആർ.ഡി.എ, ഇൻഫർമേഷൻ കേരള മിഷൻ, ലൈഫ് മിഷൻ, ഹരിത കേരളം, ഇംപാക്ട് കേരള ലിമിറ്റഡ്, അമൃത് മിഷൻ മാനേജ്മെന്റ് യൂണിറ്റ് തുടങ്ങിയവയിൽ ഒരു വർഷം ഇന്റേൺഷിപ്പ് ലഭിക്കും. താത്പര്യമുള്ളവർ അസാപ്പ് (ASAP) വഴി രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്ന ബിരുദധാരികൾക്ക് പ്രതിമാസം 10,000 രൂപയും ബിരുദാനന്തര ബിരുദധാരികൾക്ക് 15,000 രൂപയും സ്റ്റൈപന്റ് ലഭിക്കും. ബിരുദ/ബിരുദാനന്തര ബിരുദ എൻജിനീയറിങ് വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായുള്ള പ്രോജക്ട് വർക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെയ്യുന്നതിനും അവസരം ലഭിക്കും.

വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സേവനം സംബന്ധിച്ച് തുടർ നടപടികൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് നെയും ജില്ലാതലത്തിൽ ഏകോപനത്തിന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരെയും നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി. ഇന്റേൺഷിപ്പിനായി എത്തുന്നവരുടെ സേവനം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം എന്നത് സംബന്ധിച്ച ആക്ഷൻ പ്ലാൻ ഗ്രാമപഞ്ചായത്തുകൾ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർമാരുടെ സഹായത്തോടെ തയ്യാറാക്കണം. ഇന്റേൺഷിപ്പ് അവസരം ലഭ്യമാക്കാൻ കഴിയുന്ന ഗ്രാമപഞ്ചായത്തുകൾ http://internships.asapkerala.gov.in ൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഗ്രാമപഞ്ചായത്തുകളുടെ സംശയങ്ങൾക്ക് നോഡൽ ഓഫീസറെ systemmanager.dp@gmail.com ൽ ബന്ധപ്പെടാം. ഫോൺ: 9947971555

(സർക്കുലർനമ്പർ:PAN/6302/2019-J1(DP)

# സെൻസസ് 2021

***ആദ്യഘട്ട കണക്കെടുപ്പ് മെയ് ഒന്നു മുതൽ 30 വരെ**

***എൻ.പി.ആർ. നടപ്പാക്കില്ല**

സെൻസസിന്റെ ആദ്യഘട്ടമായ വീടുകളുടെ രേഖപ്പെടുത്തലും കണക്കെടുപ്പും 2020 മെയ് ഒന്നു മുതൽ 30 വരെ നടത്തുമെന്ന് ചീഫ് സെക്രട്ടറി ടോം ജോസ് അറിയിച്ചു. രണ്ടാംഘട്ടമായ പോപുലേഷൻ എന്യൂമറേഷൻ 2021 ഫെബ്രുവരി ഒൻപതു മുതൽ 28 വരെ നടത്തും.

സെൻസസ് പ്രവർത്തനങ്ങളും ദേശീയ ജനസംഖ്യ രജിസ്റ്റർ (എൻ.പി.ആർ) പ്രവർത്തനങ്ങളും രണ്ടാണെന്നും എൻ.പി.ആർ പുതുക്കലുമായി ബന്ധപ്പെട്ട ചോദ്യാവലി കേരളത്തിൽ ശേഖരിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. എൻ.പി.ആറുമായി ബന്ധപ്പെട്ട ചോദ്യാവലി സംസ്ഥാനത്ത് നടപ്പാക്കുന്നില്ല. ഇക്കാര്യങ്ങൾ സർക്കാർ വീണ്ടും സ്പഷ്ടീകരിച്ചിട്ടും ചിലർ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. രാജ്യത്ത് ആദ്യമായി നടത്തുന്ന മൊബൈൽ ആപ്പ് വഴിയുള്ള ഡിജിറ്റൽ ജനസംഖ്യ വിവരശേഖരണം സംസ്ഥാനത്ത് നൂറുശതമാനം വിജയമാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

10 വർഷത്തിലൊരിക്കൽ രാജ്യത്ത് നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിൽ ശേഖരിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും സാമ്പത്തിക-സാമൂഹിക-വ്യക്തിഗത വിവരങ്ങൾ നമ്മുടെ നാടിന്റെ അടുത്ത 10 വർഷത്തേക്കുള്ള വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിൽ നിർണ്ണായകമാണ്. പാർലമെന്റിലേക്കും നിയമസഭകളിലേക്കും തദ്ദേശസ്ഥാപനങ്ങളിലേക്കുമുള്ള മണ്ഡല പുനർനിർണ്ണയത്തിനും സംവരണത്തിനുമടക്കം ആശ്രയിക്കുന്ന പ്രധാന വിവരസ്രോതസ് ആയതിനാലും ജനസംഖ്യാ കണക്കെടുപ്പുമായി എല്ലാ ജനങ്ങളെയും സഹകരിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി.

സെൻസസ് പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായ വീടുകളുടെ രേഖപ്പെടുത്തലും കണക്കെടുപ്പുമായി (ഹൗസ് ലിസ്റ്റിംഗ് ആന്റ് ഹൗസിംഗ് സെൻസസ്) ബന്ധപ്പെട്ട് 31 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യാവലി സർക്കാർ വിജ്ഞാപനത്തിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്.

ചോദ്യങ്ങൾ ഇവയാണ്: കെട്ടിട നമ്പർ, സെൻസ് വീടിന്റെ നമ്പർ, സെൻസസ് വീടിന്റെ നിലം ഭിത്തി മേൽക്കൂര എന്നിവയ്ക്കുപയോഗിച്ച പ്രധാന സാമഗ്രികൾ, സെൻസ് വീടിന്റെ ഉപയോഗം, സെൻസ് വീടിന്റെ അവസ്ഥ, കുടുംബത്തിന്റെ നമ്പർ, കുടുംബത്തിൽ പതിവായി താമസിക്കുന്നവരുടെ ആകെ എണ്ണം, കുടുംബനാഥന്റെ/നാഥയുടെ പേര്, ആണോ പെണ്ണോ മൂന്നാം ലിംഗമോ, കുടുംബനാഥൻ പട്ടികജാതിയോ/പട്ടികവർഗ്ഗമോ/മറ്റുള്ളവരോ, വീടിന്റെ ഉടമസ്ഥത, താമസിക്കുവാൻ ഈ കുടുംബത്തിന് മാത്രമായി കൈവശമുള്ള മുറികളുടെ എണ്ണം, ഈ കുടുംബത്തിൽ താമസിക്കുന്ന ദമ്പതികളുടെ എണ്ണം, പ്രധാന കുടിവെള്ള സ്രോതസ്സ്, കുടിവെള്ള സ്രോതസ്സിന്റെ ലഭ്യത, വെളിച്ചത്തിന്റെ പ്രധാന സ്രോതസ്സ്, കക്കൂസ് ഉണ്ട്/ഇല്ല, ഏതു തരം കക്കൂസ്, അഴുക്കു വെള്ള ക്കുഴൽ സംബന്ധിച്ച്, പരിസരത്തു കുളിക്കാനുള്ള സൗകര്യം, അടുക്കളയുടെ ലഭ്യത എൽ.പി.ജി/പി.എൻ.ജി കണക്ഷൻ, പാചകത്തിന് പ്രധാനമായി ഉപയോഗിക്കുന്ന ഇന്ധനം, റേഡിയോ/ട്രാൻസിറ്റർ ഇവ ഉണ്ടോ, ടെലിവിഷൻ ഉണ്ടോ, ഇന്റർനെറ്റ് ലഭ്യത, കമ്പ്യൂട്ടർ/ലാപ്ടോപ്, ടെലിഫോൺ/മൊബൈൽ ഫോൺ/സ്മാർട്ട് ഫോൺ, സൈക്കിൾ/മോട്ടർ സൈക്കിൾ/സ്കൂട്ടർ/മോപ്പഡ്, കാർ/ജീപ്പ്/വാൻ, കുടുംബത്തിൽ ഉപയോഗിക്കുന്ന പ്രധാന ഭക്ഷ്യധാന്യം, മൊബൈൽ നമ്പർ (സെൻസസ് സംബന്ധമായ ആശയ വിനിമയങ്ങൾക്ക് മാത്രം).

# റീസർജന്റ് കേരള ലോൺ സ്കീം:


**കുടുംബശ്രീക്ക് 131 കോടി രൂപ പലിശ സബ്സിഡി അനുവദിച്ചു**

പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ആർ.കെ.എൽ.എസ് (റീസർജന്റ് കേരള ലോൺ സ്കീം) സഹായ പദ്ധതി പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കിയ വായ്പയുടെ പലിശ സബ്സിഡി നൽകുന്നതിന് 131 കോടി രൂപ സർക്കാർ അംഗീകരിച്ച് ഉത്തരവായി. ഇതു പ്രകാരം പലിശ സബ്സിഡി ലഭ്യമാക്കുന്നതിനായി കുടുംബശ്രീക്ക് നൽകിയ 131 കോടി രൂപ അയൽക്കൂട്ടങ്ങൾ എടുത്ത വായ്പയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ മിഷനുകളിലേക്കും വിതരണം ചെയ്തു. 2019-20 സാമ്പത്തിക വർഷം മാർച്ച് 31 വരെ നൽകേണ്ട പലിശ സബ്സിഡിയാണ് ഇപ്പോൾ നൽകിയത്. ഈ തുക അതത് ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ വായ്പയെടുത്ത അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യും.

പ്രളയക്കെടുതിയിൽ നഷ്ടമായ ഗൃഹോപകരണങ്ങളും ചെറിയ തോതിലുള്ള ഉപജീവന മാർഗ്ഗങ്ങളും വീണ്ടെടുക്കുന്നതിനായി അയൽക്കൂട്ട വനിതകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിന്റെ ഭാഗമായാണ് ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്ന ആർ.കെ.എൽ.എസ് പദ്ധതി ആവിഷ്ക്കരിച്ച നടപ്പാക്കിയത്.

സംസ്ഥാനത്ത് ആകെ 28212 അയൽക്കൂട്ടങ്ങളിലായി 1,95,514 പേർക്ക് 1680 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചു. ബാങ്കുകൾ ഒമ്പതു ശതമാനം പലിശയ്ക്ക് നൽകിയ വായ്പ പൂർണ്ണമായും പലിശരഹിത വായ്പയാക്കി മാറ്റുന്നതിന് ഇതിലെ പലിശ തുകയത്രയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായിരുന്നു തീരുമാനം. ഇതനുസരിച്ച് 2020 മാർച്ച് 31 വരെ പലിശ സബ്സിഡിയിനത്തിൽ ലഭിക്കേണ്ട 131 കോടി രൂപയാണ് ഇപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായത്. ഈ തുക കൂടി ചേർത്ത് ആകെ 298 കോടി രൂപയാണ് വായ്പാ തിരിച്ചടവ് പൂർത്തിയാകുമ്പോൾ സർക്കാർ പലിശ സബ്സിഡിയിനത്തിൽ അയൽക്കൂട്ടങ്ങൾക്ക് നൽകുക.

പരമാവധി നാല് വർഷമാണ് വായ്പാ പദ്ധതിയുടെ കാലാവധി. അയൽക്കൂട്ടങ്ങൾ ബാങ്കിൽ തിരിച്ചടയ്ക്കുന്ന മാസതവണയിൽ ഉൾപ്പെട്ടിട്ടുള്ള അതത് വർഷത്തെ പലിശത്തുകയാണ് സബ്സിഡിയായി ഓരോ വർഷവും തിരികെ അയൽക്കൂട്ടങ്ങൾക്ക് തന്നെ ലഭ്യമാക്കുന്നത്. വായ്പാ തിരിച്ചടവ് പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ പലിശ തുകയും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകും.



# കിനാനൂർ കരിന്തളം

## ജലസംരക്ഷണത്തിലെ കേരളമാതൃക

**അതിരൂക്ഷമായ ജലക്ഷാമത്തെ വിവിധങ്ങളായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ അതിജീവിച്ച് കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് മാതൃകയാവുകയാണ്. 2019 ലെ ദേശീയ ജല അവാർഡ്, 2017,2018 വർഷങ്ങളിലെ മികച്ച ജൈവ ഗ്രാമ പഞ്ചായത്തിനുള്ള പുരസ്കാരം, സംസ്ഥാനത്തെ മികച്ച ജലസംരക്ഷണ പ്രവർത്തനത്തിനുള്ള നബാർഡ് പലതുള്ളി പുരസ്കാരം എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ പഞ്ചായത്ത് ഇതിനകം കരസ്ഥമാക്കിക്കഴിഞ്ഞു.**

കാസറഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിലെ മലയോര പഞ്ചായത്താണ് കിനാനൂർ കരിന്തളം. ഒരു വശത്ത് തേജസ്വിനി പുഴയും മറുവശത്ത് അമൂല്യമായ ജൈവസമ്പത്തുകൊണ്ട് സമ്പുഷ്ടമായ നിബിഢവനങ്ങളാൽ ചുറ്റപ്പെട്ട മലനാടൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന 77.49 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്താണിത്. 90% ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ച് കഴിയുന്നു. 62 പട്ടികവർഗ്ഗ കോളനികളും ഒരു പട്ടികജാതി കോളനിയും ഉൾപ്പെടുന്ന സാധാരണക്കാരുടെ സങ്കേതം. ഭൂരിഭാഗവും ലാറ്ററൈറ്റ് ഭൂപ്രദേശമായതിനാൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായിരുന്നു ഇവിടെ. ഈ പ്രതിസന്ധിയെ അതിജീവിച്ച ജലസംരക്ഷണം എങ്ങനെ സാധ്യമാക്കാം എന്ന വിഷയം ഗ്രാമസഭകൾ ചർച്ച ചെയ്ത് പദ്ധതിക്ക് രൂപം നൽകി. 28 പ്രവൃത്തികളാണ് പഞ്ചായത്ത് ഒരു വർഷം കൊണ്ട് പൂർത്തീകരിച്ചത്.

നീർത്തടാധിഷ്ഠിത പരിപാടി, ഗ്രാമ -ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലനിധി എന്നിങ്ങനെ 4 മേഖലകളിലായി കാർഷിക ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി തരിശുരഹിത ഗ്രാമപഞ്ചായത്തായി കിനാനൂർ കരിന്തളത്തെ പ്രഖ്യാപിച്ചു. ചില പ്രധാന ജലസംരക്ഷണ പ്രവർത്തനങ്ങളെ പരിചയപ്പെടാം.

### മഴവെള്ളസംഭരണി

60000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന മഴവെള്ളസംഭരണി ഉപയോഗയോഗ്യമാക്കിക്കൊണ്ട് ജലസംരക്ഷണ പ്രവൃത്തിക്ക് തുടക്കം കുറിച്ചു. രണ്ട് ഘടക സ്ഥാപനങ്ങളിലും പൊതുശ്മശാനത്തും കുടിവെള്ളക്ഷാമം രൂക്ഷമായ 48 പ്രദേശങ്ങളിലും 1500 ച.മീറ്ററിന് മുകളിലുള്ള വീടുകളിലും മഴവെള്ള സംഭരണി സ്ഥാപിച്ചു. 408 കിണർ റീചാർജ്ജിംഗ് സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

### പള്ളം സംരക്ഷണം

ജൈവവൈവിധ്യങ്ങളുടെ കലവറയായ പാടമടക്കുകളിൽ വെള്ളം കെട്ടിനില്ക്കുന്ന പള്ളങ്ങളെ മാലിന്യമുക്തമാക്കുകയും കാട്ടുകല്ലുകൾ ഉപയോഗിച്ച് മനോഹരമായി കെട്ടി സംരക്ഷിക്കുകയും ഔഷധ സസ്യങ്ങൾ കരയിൽ വെച്ചുപിടിപ്പിക്കുകയും ചെയ്തു. സ്വകാര്യവ്യക്തികൾ പള്ളം കയ്യേറുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചു. പള്ളം സംരക്ഷണ സമിതിക്ക് രൂപം കൊടുക്കുകയും ബോർഡുകൾ സ്ഥാപിക്കുകയും നിരവധി ബോധവൽക്കരണ



ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു.

## ചെങ്കൽ ക്വാറി ജലസംരക്ഷണം

ചെങ്കൽ പണയിലെ വെള്ളം മാലിന്യ മുക്തമാക്കി സംരക്ഷിച്ചു. ആ വെള്ളം കൃഷിക്ക് ഉപയോഗിക്കുവാനും കഴിഞ്ഞു.

## സ്മൃതിവനം

പഞ്ചായത്തിന്റെ നേതൃത്വത്തിൽ പെരിയങ്ങാനം സ്കൂളിൽ നടപ്പാക്കിയ വനവത്ക്കരണ ജലസംരക്ഷണ പ്രവൃത്തിയാണ് സ്മൃതിവനം. പതിനായിരത്തിലധികം വൃക്ഷത്തൈകൾ നട്ടു. ഔഷധച്ചെടികൾ, പച്ചക്കറിത്തോട്ടം, പക്ഷിമൃഗാദികൾക്ക് കുടിക്കാൻ കാട്ടിനുള്ളിൽ കുളം എന്നിങ്ങനെ മാതൃകാപരമായി നടപ്പാക്കിയ ഒരു പദ്ധതിയാണ് സ്മൃതിവനം.



## കാവു സംരക്ഷണം

കാവു സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൽ 7 കാവുകളും മാലിന്യമുക്തമാക്കി വളരെ ഭംഗിയായി സംരക്ഷിച്ചുവരുന്നു.

## കിണറുകൾ കുളങ്ങൾ

പുതിയതായി 48 കിണറുകൾ, 9 കുളങ്ങൾ എന്നിവ നിർമ്മിച്ചതിനു പുറമെ വിവിധ സ്കീമുകളിലായി 36 കുടിവെള്ള പദ്ധതികളും നടപ്പാക്കി.

## ഹരിത പുഴയോരം

തേജസ്വിനി പുഴയുടെ തീരങ്ങളിൽ കരയിടിച്ചിൽ തടയുന്നതിനായി 10 കി.മീ. ദൈർഘ്യത്തിൽ 20000 കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ചു. പ്രശസ്ത പ്രാദേശിക കാർഷിക ശാസ്ത്രജ്ഞൻ പി.വി ദിവാകരന്റെ ജലജീവനം പദ്ധതിയുമായി സഹകരിച്ച് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഹരിത പുഴയോരം നടപ്പാക്കിയത്.

## ജലോദ്യാനം

പഞ്ചായത്തിന്റെ 22 മീറ്റർ നീളവും 12 മീറ്റർ വീതിയുമുള്ള കുളവും രണ്ടരയേക്കർ സ്ഥലവും കാടുപിടിച്ച് കിടന്നിരുന്നു. ഇവിടം 13 ലക്ഷം രൂപ വിനിയോഗിച്ച് ആൾമറ കെട്ടി സംരക്ഷിക്കുകയും കാട് വെട്ടി, കുണ്ടും കുഴിയുമായിക്കിടന്ന പ്രദേശം മണ്ണിട്ട് നികത്തി കൃഷിക്കനുയോജ്യമാക്കി മാറ്റുകയും ചെയ്തു. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേക്കും ആവശ്യമായ പച്ചക്കറിതൈകൾ ഇവിടെ മഴമറ ഉണ്ടാക്കി കൃഷി ചെയ്തു വിതരണം നടത്തി. ഇരുപതിനായിരത്തോളം വൃക്ഷത്തൈകൾ നട്ടുവളർത്തി വിതരണം ചെയ്യുവാനും സാധിച്ചു.

## കയർ ഭൂവസ്ത്രം

പാടശേഖരങ്ങളിലെ നടവരമ്പ് ഒലിച്ചുപോയി കൃഷി നശിക്കുന്നത് തടയാൻ കയർ ഭൂവസ്ത്രം നടവരമ്പുകളിൽ വെച്ചുപിടിപ്പിച്ചു. 700 മീറ്റർ നീളത്തിൽ ഒരു വരമ്പ് എന്ന നിലയിലാണ് വെച്ചുപിടിപ്പിച്ചത്. മണ്ണൊലിപ്പ് തടയാൻ കല്ല് കയ്യാല, മണ്ണ് കയ്യാല എന്നിവയും നിർമ്മിച്ചു.

## കൃഷി

15 ഹെക്ടർ ഭൂമി തരിശുരഹിതമാക്കി നെൽകൃഷിക്കനുയോജ്യമാക്കി. മാത്രമല്ല 121 ഹെക്ടർ ഭൂമി തരിശ് രഹിതമാക്കി മറ്റു വിളകൾക്കനുയോജ്യമാക്കാനും സാധിച്ചു.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ 15





ഏക്കറോളം സ്ഥലത്ത് കൃഷിയിറക്കി കെ.കെ.റൈസ് എന്ന പേരിൽ സ്വന്തം ബ്രാൻഡ് അരി വിപണിയിലിറക്കി. വാർഷിക പദ്ധതിയിലുൾപ്പെടുത്തിയാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്.

### പൊതുജലാശയ ശുചീകരണം

വർഷങ്ങളായി ഉപയോഗ ശൂന്യമായ കുളങ്ങൾ വൃത്തിയാക്കി കൃഷി ചെയ്യാൻ ഉപയോഗയോഗ്യമാക്കി.

### ബോധവല്ക്കരണ പരിപാടികൾ

കുട്ടികളിൽ ജലസുരക്ഷയെക്കുറിച്ച് അവബോധം നടത്തുന്നതിന് ജലശ്രീ ക്ലബ്ബ് രൂപീകരിച്ചു. സെമിനാർ, ക്ലാസ്സ്, പഠനയാത്ര സംഘടിപ്പിച്ചു. കഥ, കവിത, ലേഖനമത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും വിതരണം ചെയ്തു. വാർഷിക പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിനകത്തെ സ്കൂളുകളിൽ നാടകക്യാമ്പ് സംഘടിപ്പിച്ച് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ വച്ച് 'കിനാക്കുഞ്ഞുങ്ങൾ' എന്ന നാടകം പഞ്ചായത്തിന്റെ പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും പ്രദർശിപ്പിച്ചു. കാവ് സംരക്ഷണം കാർഷിക മേഖല, ജലസംരക്ഷണം എന്നിവയ്ക്ക് മുൻഗണന നല്കി നിരവധി പഠന പ്രവർത്തനങ്ങളും പദ്ധതികളും തയ്യാറാക്കി.

### ഡോക്യുമെന്ററി – ഇരുളും മുമ്പെ

ജലസംരക്ഷണവും പ്ലാസ്റ്റിക്ക് മലിനീകരണവും മുഖ്യവിഷയമാക്കി കുട്ടികളെയും പൊതുജനങ്ങളെയും ബോധവല്കരിക്കാൻ എടുത്ത ഡോക്യുമെന്ററിയാണിത്. വാർഷിക പദ്ധതിയിൽ 25000 രൂപ വകയിരുത്തി ചെയ്ത 13 മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം. എല്ലാ പൊതു ഇടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിച്ചു.

### ഗ്രീഷ്മോത്സവം

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ സർഗ്ഗാത്മകത വിലയിരുത്താനും പാരമ്പര്യ ജൈവ കാർഷിക ഉൽപ്പന്നങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും 'ജൈവ മാതൃക കുട്ടികളിൽ' എന്ന വിഷയത്തെ അധികരിച്ച് സർഗ്ഗാത്മക ക്ലാസ്സുകളും കളികളും രചനകളും നടത്തി. ചക്കയും മാങ്ങയും തേങ്ങയും കൊണ്ടുള്ള ഭക്ഷണ പദാർത്ഥങ്ങളും ഉല്പന്നങ്ങളും ഉണ്ടാക്കുകയും നൽകുകയും ചെയ്തു.

### ഭൗതിക നേട്ടങ്ങൾ

- 5000 ക്യൂബിക്ക് മീറ്റർ കോണ്ടൂർ ബണ്ടുകൾ നിർമ്മിച്ചു
- 34000 മഴക്കുഴികൾ നിർമ്മിച്ചു.
- മൺവരമ്പ് നിർമ്മാണത്തിന് 7500 തൊഴിൽ ദിനങ്ങൾ
- കയ്യാല നിർമ്മാണത്തിന് 589 തൊഴിൽ ദിനങ്ങൾ
- 2200 ചതുരശ്ര മീറ്റർ കല്ല് കയ്യാല
- 65 റീച്ചാർജ്ജ് പിറ്റുകൾ
- 1500 മീറ്റർ ഫീൽഡ് ബണ്ടുകൾ
- 20000 കണ്ടൽ ചെടികൾ തേജസ്വിനി പുഴയോരത്ത് നട്ടുപിടിപ്പിച്ചു
- തൊഴിലുറപ്പ് പദ്ധതിയിൽ 90000 തൊഴിൽ ദിനങ്ങൾ

### അംഗീകാരങ്ങൾ

- ദേശീയ ജല അവാർഡ്, 2019
- മികച്ച ജൈവഗ്രാമപഞ്ചായത്ത് 2017, 2018
- സംസ്ഥാനത്തെ മികച്ച ജലസംരക്ഷണത്തിനുള്ള നബാർഡ് പല തുള്ളി പുരസ്കാരം

☐

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*





# തൊഴിലുറപ്പ് പദ്ധതി വിജയത്തിളക്കങ്ങൾ

■ രവിരാജ് ആർ.

**കഴിഞ്ഞ വർഷം സംസ്ഥാനത്ത് 9.5 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് കേരളം ചരിത്രനേട്ടം കൈവരിച്ചു. ഈ വർഷവും ഇത് ആവർത്തിക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ചില മാതൃകാ പ്രവർത്തനങ്ങളെ പരിചയപ്പെടാം.**

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, ഉപജീവനത്തിനുള്ള വ്യക്തിഗത ആസ്തികൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ് ഈ വർഷത്തെ തൊഴിലുറപ്പ് കർമ്മപദ്ധതി. നിർമ്മാണ വസ്തുക്കൾ കൂടുതലായി ഉപയോഗിച്ച് സ്ഥായിയായതും ഉപകാരപ്രദവുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതും ഈ വർഷത്തെ പ്രധാന ലക്ഷ്യമാണ്.


ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി ഊന്നൽ നൽകുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 9.5 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് കേരളം ചരിത്രനേട്ടം കൈവരിച്ചു. ഈ വർഷവും ഇത് ആവർത്തിക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായ ഗുണഭോക്താക്കൾക്ക് പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ നിർമ്മിച്ചു നൽകും.

സാങ്കേതിക ജീവനക്കാർ ഉൾപ്പെടെ പദ്ധതിയുടെ ഭാഗമായ എല്ലാവർക്കും ഇത് സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മണ്ണ്- ജലസംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി മണ്ണ്- ജല സംരക്ഷണ പ്രവൃത്തികളിൽ പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികൾ കൂടുതലായി ഉപയോഗിച്ചു വരുന്നു.

## പാറമട ജലസ്രോതസ്സാക്കി പൂക്കോട്ടൂർ

വർഷങ്ങളുടെ പാറഖനനത്തിനുശേഷം ഉപേക്ഷിക്കപ്പെട്ടു കിടന്ന മൈലാടി പാറക്വാറി കുടിവെള്ള വിതരണത്തിനുള്ള റിസർവോയറാക്കി മാറ്റി മാതൃകയായിരി




ക്കുകയാണ് മലപ്പുറം ബ്ലോക്കിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്.

മാലിന്യങ്ങൾ തള്ളുന്നതിനുള്ള ഒരു ഇടമായാണ് പരിസരവാസികൾ മൈലാടി പാറമടയെ കണ്ടിരുന്നത്. സമീപ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള ഉപാധിയായി ക്വാറിയിലെ വെള്ളം ഉപയോഗിച്ചുകൂടേ എന്ന ചിന്തയാണ് സ്വജൽധാര പദ്ധതിയിലേക്ക് നയിച്ചത്.

തുടക്കത്തിൽ ക്വാറിയിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്ത് ശുദ്ധിയാക്കി. തുടർന്ന് വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധന നടത്തി. ക്വാറികളിൽ ഉപയോഗിച്ചിരുന്ന രാസവസ്തുക്കൾ, പിന്നീട് നിക്ഷേപിച്ച മാലിന്യം എന്നിവ

> വർഷങ്ങളുടെ
> പാറഖനനത്തിനു
> ശേഷം ഉപേക്ഷിക്കപ്പെട്ടു
> കിടന്ന മൈലാടി പാറക്വാറി
> കുടിവെള്ള വിതരണത്തിനുള്ള
> റിസർവോയറാക്കി മാറ്റി
> മാതൃകയായിരിക്കുകയാണ്
> മലപ്പുറം ബ്ലോക്കിലെ
> പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്.



വെള്ളത്തെ വിഷലിപ്തമാക്കിയിരുന്നോ എന്ന സംശയം ശാസ്ത്രീയ പരിശോധനകളിലൂടെ നീക്കി.

വെള്ളം ശുദ്ധീകരിച്ച ശേഷം കുടിക്കുന്നതിന് ഉപയോഗിക്കാമെന്ന് വാട്ടർ അതോറിറ്റി സ്ഥിരീകരിച്ചു. ക്വാറിയിലെ വെള്ളം എപ്രകാരം ഉപയോഗപ്രദമാക്കാം എന്നത് സംബന്ധിച്ച് ആലോചനകൾ നടന്നു. ക്വാറിയുടെ പൊക്കം കുറഞ്ഞ ഭാഗത്ത് ഒരു ഡാം നിർമ്മിച്ച് ക്വാറിയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറായി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 9,11,972 രൂപ ചെലവിട്ട് ചെക്ക്ഡാം നിർമ്മിച്ചു.

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ബ്ലോക്കുപഞ്ചായത്ത്, ജലസേചനവകുപ്പ്, വാട്ടർ അതോറിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനുള്ള സാങ്കേതിക സഹായം ജലസേചനവകുപ്പ് ലഭ്യമാക്കി. മലപ്പുറം ബ്ലോക്കുപഞ്ചായത്ത് അവരുടെ പ്ലാൻഫണ്ടിൽ നിന്നും 17 ലക്ഷം രൂപ വെള്ളം ശുദ്ധീകരിക്കുന്നതിനും കുടിവെള്ള വിതരണത്തിനുമായി നീക്കി വച്ചു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. ഏകദേശം 5 കോടി ലിറ്റർ സംഭരണശേഷിയുള്ള ഒരു കുടിവെള്ള സ്രോതസ്സായി മൈലാടി പാറക്വാറി മാറി.

ശാസ്ത്രീയ രീതിയിലുള്ള തൊഴുത്തുകളും ആട്ടിൻകൂടുകളും നിർമ്മിച്ച് നൽകുന്നതിനും ഈ വർഷത്തെ പദ്ധതിയിൽ ഊന്നൽ നൽകി. ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ സാങ്കേതിക ഉപദേശം

സ്വീകരിച്ച് ശാസ്ത്രീയമായി തയ്യാറാക്കിയ ഡിസൈനിലാണ് ആസ്തികളുടെ നിർമ്മാണം. തൊഴുത്തുകളിലെ ശുചിത്വത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു. ഈ വർഷം സംസ്ഥാനത്ത് ഇരുപതിനായിരത്തോളം പശുതൊഴുത്ത് നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്.

### ജീവനോപാധികൾ ശക്തിപ്പെടുത്തി ചടയമംഗലം ബ്ലോക്ക്

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഉപജീവനഘടകം പരമാവധി പ്രയോജനപ്പെടുത്തി. ഇതിന്റെ ഭാഗമായി വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ച പോഷകസമൃദ്ധ ഗ്രാമം പദ്ധതിയുടെ ബ്ലോക്കുതല ഉദ്ഘാടനം വനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ. രാജു നിർവ്വഹിച്ചു. പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ ആഗ്രഹിച്ച് നിരവധി കുടുംബങ്ങൾ മുന്നോട്ടു വരുന്നുണ്ട്.

വ്യക്തിഗത ആസ്തികൾ ലഭ്യമാകുന്ന കുടുംബങ്ങൾക്ക് പ്രാരംഭഘട്ടത്തിൽ ആവശ്യമായ തുക കണ്ടെത്തുക ബുദ്ധിമുട്ടാണ്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഇതിന് ഒരു പരിധിവരെ പരിഹാരമാവുന്നുണ്ട്.

ഇതിനോടകം ഇരുന്നൂറോളം കുടുംബങ്ങൾക്ക് കന്നുകാലിത്തൊഴുത്ത് നിർമ്മിച്ചുനൽകി. കൂടാതെ ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മാണങ്ങളും മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കി വരുന്നു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ നിരവധി കുടുംബങ്ങൾക്ക് അധികവരുമാനം കണ്ടെത്തുവാൻ ഇതിലൂടെ സാധിച്ചു. ശുദ്ധമായ പാൽ ഉൽപ്പാദിപ്പിച്ച് ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കുന്നു എന്നതും എടുത്തു പറയണം. കൂടുതൽ കുടുംബങ്ങളിലേക്ക് ഇത്തരം സഹായങ്ങൾ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അസോള, തീറ്റപ്പുൽ, കമ്പോസ്റ്റ് പിറ്റ്, ബയോഗ്യാസ് തുടങ്ങിയ സാധ്യതകളും കർഷകർ പ്രയോജനപ്പെടുത്തി വരുന്നു.

> പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ദരിദ്ര കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള വ്യക്തിഗത ആസ്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ഇതിന്റെ ഭാഗമായി 26 ജലസേചന കുളങ്ങളും 93 തൊഴുത്തുകളും 58 കോഴിക്കൂട്ടുകളും 49 ആട്ടിൻകൂട്ടുകളും നിർമ്മിച്ചു.



### പ്രചോദനാത്മകം

### പറക്കോട് ബ്ലോക്കിന്റെ വിജയകഥ

പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ദരിദ്ര കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള വ്യക്തിഗത ആസ്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ഇതിന്റെ ഭാഗമായി 26 ജലസേചന കുളങ്ങളും 93 തൊഴുത്തുകളും 58 കോഴിക്കൂട്ടുകളും 49 ആട്ടിൻകൂട്ടുകളും നിർമ്മിച്ചു. കൂടുതൽ വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി പൂർണ്ണമായും സൗജന്യമായാണ് ദരിദ്രകുടുംബങ്ങൾക്ക് പശുതൊഴുത്തുകളും കോഴിക്കൂട്ടുകളും ലഭ്യമാക്കിയത്.

6 പേരടങ്ങുന്ന ഇടത്തരം കാർഷിക കുടുംബമാണ് വ്യക്തിഗത ആസ്തികളിൽ തൊഴുത്തു നിർമ്മാണം ഏറ്റെടുത്തു പൂർത്തീകരിച്ച ബേബി വടക്കേതിലിന്റേത്. പ്രധാന വരുമാന സ്രോതസുകൾ കറവപശു വളർത്തലും കൂലിവേലയും തൊഴിലുറപ്പു പദ്ധതിയും.

1,18,013 രൂപ ചെലവിൽ തൊഴുത്തു നിർമ്മിച്ചു. നിർമ്മാണത്തിനുള്ള പ്രാരംഭ തുക ബന്ധുക്കളിൽ നിന്നും കടമായി വാങ്ങി. 4 പശുക്കളെ കെട്ടാവുന്ന തൊഴുത്താണ് നിർമ്മിച്ചത്. ഇപ്പോൾ ഒരു കറവപ്പശുവും കിടാരിയും മാത്രമാണുള്ളത്. നിലവിൽ പ്രതിദിനം 7 ലിറ്റർ പാലിൽ നിന്നും 330 രൂപ ലഭിക്കുന്നുണ്ട്. കൂടുതൽ കറവപ്പശുക്കളെ വാങ്ങി വളർത്താനും കൂടുതൽ ആദായം ലഭിക്കുന്ന തരത്തിൽ പദ്ധതി മെച്ചപ്പെടുത്താനും കഴിയുമെന്ന് ബേബി പറഞ്ഞു.

തൊഴിലുറപ്പു പദ്ധതിയിൽ നിന്നു കിട്ടുന്ന വരുമാനവും ഭർത്താവ് കൂലിക്ക് ഓട്ടോറിക്ഷ ഓടിച്ചു കിട്ടുന്ന വരുമാനവും കൊണ്ട് 2 പെൺകുട്ടികൾ ഉൾക്കൊള്ളുന്ന കുടുംബത്തിന് ജീവിച്ചു പോകാൻ കഴിയാത്ത സാഹചര്യത്തിലാണ് മലയിൽ ഷേർളി ഇറച്ചികോഴി വളർത്തലിനെ കുറിച്ച് ചിന്തിച്ചത്. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി 3,96,127രൂപ എസ്റ്റിമേറ്റിൽ കോഴിക്കൂട് നിർമ്മിച്ചു. ഇപ്പോൾ 500 ഇറച്ചികോഴികളെ വളർത്തി വരുന്നു.



നിർമ്മാണത്തിനുള്ള പ്രാരംഭ തുക കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്നും വ്യക്തിഗത വായ്പയായി കണ്ടെത്തി. വ്യക്തികളുടെ കൈവായ്പയും സ്വന്തം സമ്പാദ്യവും ചേർന്നാണ് കൂട്ട നിർമ്മാണം പൂർത്തീകരിച്ചത്. 1000 കോഴികളെ ഒന്നിച്ചു വളർത്തി തുടർച്ചയായി ആദായം ഉണ്ടാക്കാൻ കഴിയുന്ന തരത്തിലാണ് കൂട് നിർമ്മിച്ചിട്ടുള്ളത്. കൂടുതൽ കോഴികളെ വളർത്താനുള്ള ശ്രമത്തിലാണെന്ന് ഷേർളി പറഞ്ഞു.

### കഞ്ഞിക്കുഴിയുടെ മാതൃക

ഈറ്റ, മുള എന്നിവ ഉപയോഗിച്ച് വിവിധ തരം ഉത്പന്നങ്ങൾ നിർമ്മിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുന്നവരാണ് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പാലപ്ലാവ് മേഖലയിലെ പട്ടികവർഗ്ഗക്കാർ.

പരമ്പരാഗതമായ രീതിയിൽ കുട്ട, വട്ടി, മുറം, പൂകുട്ട തുടങ്ങിയ ഉൽപ്പന്നങ്ങൾ വളരെ ആകർഷകവും ഈടുറ്റതുമായ രീതിയിൽ സ്വന്തം കുടിലിലിരുന്ന് നിർമ്മിച്ച് വിപണനം നടത്തുകയാണ് പതിവ്. പരിശീലനത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ കൂടുതൽ ലാഭകരമായി നിർമ്മിക്കാൻ ഇവരെ സജ്ജരാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തു.




**ഈറ്റ, മുള എന്നിവ ഉപയോഗിച്ച് വിവിധതരം ഉത്പന്നങ്ങൾ നിർമ്മിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുന്നവരാണ് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പാലപ്ലാവ് മേഖലയിലെ പട്ടികവർഗ്ഗക്കാർ.**

മുൻ എസ്.റ്റി പ്രമോട്ടർ കൂടിയായ പാർളയിൽ വീട്ടിൽ പി.ആർ. കണ്ണപ്പൻ 15 സെന്റ് സ്ഥലം പഞ്ചായത്തിന് സറണ്ടർ ചെയ്ത് നൽകി. പദ്ധതിയിൽപ്പെടുത്തി വർക്ക് ഷെഡ് നിർമ്മിച്ചു. പീച്ചി ഫോറസ്റ്റ് റിസർച്ച് സെന്ററിൽ ഗ്രൂപ്പുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി.

ഈറ്റയോടും മുളയോടുമൊപ്പം ജ്യൂട്ട് കൂടി ഉപയോഗിച്ച് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന് ഇവരെ സജ്ജരാക്കി. ഗുണനിലവാരവും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ച് കഞ്ഞിക്കുഴിയിലെ ഈ സംരംഭങ്ങൾ ശ്രദ്ധ നേടി. സ്വയം തൊഴിൽ മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയ ഇടുക്കി- കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ നേട്ടം മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.

□

*(ലേഖകൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണറാണ്.)*

# കില ന്യൂസ്




*മാലിന്യസംസ്കരണത്തിനു കില കാമ്പസിൽ സജ്ജീകരിച്ച ബയോപാർക്ക്*

## കിലയിലെ മാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങി

കില കാമ്പസിൽ ക്വാർട്ടേഴ്സിനു സമീപം സജ്ജീകരിച്ചിട്ടുള്ള തുമ്പൂർ മുഴി മോഡൽ മാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങി. എയറോബിക്ക് രീതിയിൽ പ്രവർത്തിക്കുന്ന രണ്ടു ബിന്നുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴികെയുള്ള എല്ലാവിധ മാലിന്യങ്ങളും ഇവിടെ സംസ്കരിക്കാനാകും. പച്ചക്കറി, പഴവർഗം, മത്സ്യ-മാംസമാലിന്യങ്ങൾ എന്നിവ ജലാംശം പരമാവധി ഒഴിവാക്കി ഈ യൂണിറ്റിൽ നിക്ഷേപിക്കാവുന്നതാണ്. സംസ്കരിക്കുന്ന മാലിന്യങ്ങൾ ഏതാനും മാസം കഴിയുമ്പോൾ പുറത്തെടുത്ത് ജൈവവളമായി അടുക്കള തോട്ടത്തിലും കൃഷിയിടങ്ങളിലും ഉപയോഗിക്കാം.

## സംയോജിത കൃഷിരീതികളിലൂടെ സംരംഭകത്വ വികസനം- പുതിയ കോഴ്സിനു കില രൂപം നൽകുന്നു

സംയോജിത കൃഷിരീതികളിലൂടെ സംരംഭകത്വവികസനം സാധ്യമാക്കുന്ന കോഴ്സിനു കില രൂപം നൽകുന്നു. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലെ വിവിധ സംരംഭകത്വ സാദ്ധ്യതകളെ ശാസ്ത്രീയമായി സമന്വയിപ്പിച്ച് സ്ഥിരം വരുമാനം ലഭ്യമാക്കാവുന്ന സംരംഭങ്ങൾ ആരംഭിക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പുതിയ കോഴ്സുകൊണ്ട് ലക്ഷ്യമിടുന്നത്. കിലയുടെ വിവിധ സെന്ററുകൾ, കാർഷിക സർവ്വകലാശാല, ഗവേഷണകേന്ദ്രങ്ങൾ, മാതൃകാകർഷകർ തുടങ്ങിയവരുടെ സാങ്കേതിക സഹായവും അറിവും അനുഭവവും ഈ പുതിയ സംരംഭകർക്കു കൈമാറാവുന്ന തരത്തിലുള്ള പ്രായോഗിക പരിശീലനവും ലക്ഷ്യമിടുന്നുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കാണ് കിലയിൽ സാധാരണയായി പരിശീലനം നൽകിവരുന്നത്. ഇതാദ്യമായാണ് തൊഴിൽ സംരംഭവുമായി ബന്ധപ്പെട്ട കോഴ്സിനു കില നേതൃത്വം നൽകുന്നത്.

തളിപ്പറമ്പിലെ കിലയുടെ കേന്ദ്രമായ ഓർഗാനിക് ഫാമിംഗ് ആന്റ് വേയ്സ്റ്റ് മാനേജ്മെന്റ് സെന്ററിലാണ് ആദ്യം പരിശീലനം ആരംഭിക്കുന്നത്. പരിശീലനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കാൻ കിലയിൽ ചേർന്ന കൂടിയാലോചനായോഗത്തിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. പ്രൊഫ. പി.കെ. രവീന്ദ്രൻ പരിശീലന പരിപാടി വിശദീകരിച്ചു. സിലബസ്, മോഡ്യൂൾ എന്നിവയെക്കുറിച്ചുള്ള ചർച്ചയിൽ ഡോ. ജോർജ്ജ് തോമസ് (റിട്ട.ഡീൻ, ഹോർട്ടികൾച്ചറൽ കോളേജ്), ഡോ. എൻ.കെ. ശശിധരൻ പിള്ള (മുൻ ഡയറക്ടർ ഐ.ആർ.ടി.സി, മുണ്ടൂർ) മായ എസ് നായർ (റിട്ട.ജോ.ഡയറക്ടർ കൃഷി വകുപ്പ്), കില തളിപ്പറമ്പ് സെന്റർ പ്രിൻസിപ്പാൾ വിജയകുമാർ, ലക്ചറർ ഒ.വി.വിനീത, ഐ.ആർ.ടി.സി. കൺസൽട്ടന്റ് സുരേഷ് നാരായണൻ, ഡോ. ചിത്രിമ ശീതൾ ആർ.ജി.എസ്.എ



*സംയോജിത കൃഷിരീതികളിലൂടെ സംരംഭകത്വവികസനം സാധ്യമാക്കുന്ന കോഴ്സിനു രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച കൂടിയാലോചനാശില്പശാല*

കോർഡിനേറ്റർമാരായ നിവേദ്യ, എം. രേണുകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## കല്പറ്റയെ ഹരിതാഭമാക്കാൻ പച്ചപ്പ് പദ്ധതി: റിസോഴ്സ്പേഴ്സൺമാർക്കു കിലയിൽ പരിശീലനം

കല്പറ്റയെ ഹരിതാഭമാക്കി വയനാടിന്റെ കാലാവസ്ഥയെയും പച്ചപ്പിനെയും തിരിച്ചുപിടിക്കാനുള്ള പച്ചപ്പ് പദ്ധതിയുടെ റിസോഴ്സ് പേഴ്സൺമാർക്കുള്ള രണ്ടു ദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കല്പറ്റ നിയോജകമണ്ഡലത്തെ കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലമാക്കുക എന്ന ലക്ഷ്യത്തോടെ 2017-ൽ സി.കെ. ശശീന്ദ്രൻ എം.എൽ.എയുടെ നേതൃത്വത്തിൽ കിലയുടെ സഹായത്തോടെ നടപ്പാക്കുന്ന സമഗ്രപദ്ധതിയാണ് പച്ചപ്പ്. നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീട്ടുകൂട്ടവും നാട്ടുകൂട്ടവും രൂപീകരിച്ച് പ്രവർത്തനം മുന്നേറുകയാണ്. തുടർപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന റിസോഴ്സ്പേഴ്സൺമാരുടെ പരിശീലനപരിപാടിയിൽ വീട്ടുകൂട്ടം-നാട്ടുകൂട്ടം പ്രവർത്തനങ്ങളുടെ രൂപരേഖ സി.കെ. ശശീന്ദ്രൻ എം.എൽ.എ അവതരിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കോർഡിനേറ്റർ എം. രേണുകുമാർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിലെ കർമ്മപരിപാടികളും ആസൂത്രണം ചെയ്തു.


പച്ചപ്പ് പദ്ധതിയുടെ റിസോഴ്സ് പേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ പരിശീലനപരിപാടിയിൽ സി.കെ. ശശീന്ദ്രൻ എം.എൽ.എ സംസാരിക്കുന്നു.

കാലാവസ്ഥാവ്യതിയാനം, കാർഷിക മേഖലയിലും പരിസ്ഥിതിയിലും ജീവിതസാഹചര്യങ്ങളിലും വലിയ തകർച്ചയും ശോഷണവും ഉണ്ടാക്കിയതോടെ കല്പറ്റയുടെ പച്ചപ്പ് കുറഞ്ഞുവരികയാണ്. മണ്ണ്, ജലം, ജൈവവൈവിധ്യം, കൃഷി, വനസമ്പത്ത് എന്നിവ നിലനിർത്താൻ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി, ജനകീയ ഇടപെടലിലൂടെ ആദിവാസി വികസനം, ഹരിതസൗഹൃദം, ശുചിത്വം എന്നീ ഘടകങ്ങളിലൂടെ സമഗ്ര വികസനമാണ് പച്ചപ്പ് പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ-ശിശുവികസന പദ്ധതികൾ, നവകേരള മിഷൻ, ത്രിതല പഞ്ചായത്ത് പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സെടുത്തു.

## തദ്ദേശസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കു പരിശീലനം തുടങ്ങി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കായി കിലയിൽ പരിശീലനം തുടങ്ങി. നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും ലൈബ്രേറിയൻമാർക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്. വിവിധ ലൈബ്രറികളിൽ നിന്നായി 25 പേർ പങ്കെടുത്തു. കേവലം പുസ്തകവിതരണ കേന്ദ്രമെന്നതിലുപരി നാടിനു ഉപകാരപ്രദമാകുന്ന രീതിയിൽ ലൈബ്രറികളെ മാറ്റിയെടുക്കാൻ ലൈബ്രറിയൻമാരെ പ്രാപ്തരാക്കുകയാണ് പരിശീലനം കൊണ്ട് ലക്ഷ്യമിടുന്നത്. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, കോഴ്സ് ഡയറക്ടർ ശാലിനി, അസി. ലൈബ്രേറിയൻ മഞ്ജു എന്നിവർ സംസാരിച്ചു. 400 ലൈബ്രേറിയൻമാർക്കാണ് ഒന്നാംഘട്ടത്തിൽ പരിശീലനം നൽകുന്നത്. അടുത്ത അദ്ധ്യയനവർഷത്തിൽ ശേഷിച്ച ലൈബ്രേറിയൻമാർക്കും പരിശീലനം നൽകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈബ്രറികളുടെ ആവശ്യകതയും പ്രസക്തിയും, ലൈബ്രറികളുടെ അടിസ്ഥാന സൗകര്യവും അനുബന്ധസൗകര്യങ്ങളും, ലൈബ്രറികളുടെ ക്രമീകരണം, പരിപാലനം, ലൈബ്രറികളിലെ വിവരസാങ്കേതിക വിദ്യ, നേതൃത്വശേഷി വികസനം, മാതൃകാലൈബ്രറികളും കർമ്മപദ്ധതിയും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കേരള സർവകലാശാല ലൈബ്രേറിയൻ ഡോ. സുധി എസ്. വിജയൻ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ വി. മോയി, വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ ബിനോയ് മാത്യു, ചേലക്കര ഗവ.പോളിടെക്നിക് ലൈബ്രേറിയൻ ടി.ടി. ജോസഫ്, കിഴക്കൻചേരി ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ ടി. മിനി, കൊടകര ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ പി.എ.ജയപ്രകാശ്


തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി.

# വാർത്തകൾ വിശേഷങ്ങൾ

## പഠനമുറിക്ക് അനുവദിക്കാവുന്ന തുക- സ്പഷ്ടീകരണം നല്കി

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് നല്കാവുന്ന തുക ഗഡുക്കളായി അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(സാധാ) നം. 221/2020/തസ്വഭവ, തീയതി 28.01.2020)

## ആയുവേദ മരുന്ന് വിതരണത്തിന് അനുമതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നല്കിയ അനുമതി 24.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(സാധാ) നം 238/2020/തസ്വഭവ, തീയതി 29.01.2020)

## എൽ.എസ്.ജി.ഐ ട്രൈബ്യൂണലിന്റെ ചുമതല അഡീ. ജില്ലാ ജഡ്ജിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ പി. മായാദേവി 2020 മാർച്ച് 23 വരെ അവധിയിൽ പ്രവേശിച്ചതിനാൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ ജഡ്ജി-11 റോയ് വർഗ്ഗീസിനെ ട്രൈബ്യൂണലിന്റെ അധിക ചുമതല നല്കി ഉത്തരവായി.

(ജി.ഒ.(ആർ.റ്റി) നം.219/2020/എൽ.എസ്.ജി.ഡി., തീയതി 27.01.2020)

## മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ

2018-19 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവായി.

(സ.ഉ.(സാധാ) നം 212/2020/തസ്വഭവ, തീയതി 25.01.2020)

## ദുരന്ത നിവാരണ പദ്ധതി- നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ സമയബന്ധിതമായി നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പരിശീലന പങ്കാളിത്തം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(കൈ) നം. 23/2020/തസ്വഭവ, തീയതി 25.01.2020)

## 'ഭിന്നശേഷി സൗഹൃദ കേരളം' തദ്ദേശസ്ഥാപനങ്ങൾ സഹകരിക്കണം

2020-2021 ലെ വാർഷിക പദ്ധതി രൂപീകരണത്തിനുള്ള ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരേണ്ടതാണെന്നും സാമൂഹ്യനീതി വകുപ്പും സാമൂഹ്യസുരക്ഷാ മിഷനും ചേർന്നു നടപ്പിലാക്കുന്ന 'ഭിന്നശേഷി സൗഹൃദ കേരളം' പദ്ധതിയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരിക്കണം എന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ ഡിഎ1/408/2019 തസ്വഭവ, തീയതി 23.01.2020)

## അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടയ്ക്കണം

സർക്കാർ ജീവനക്കാർ, സർവ്വീസ് പെൻഷണന്മാർ, കുടുംബ പെൻഷണന്മാർ എന്നിവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ അടയ്ക്കുന്നതിനുള്ള തുടർനടപടി നിശ്ചയിച്ച് സർക്കുലർ പുറപ്പെടുവിച്ചു. രണ്ടായിരം രൂപയിൽ താഴെ എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ളതിനാൽ അവർക്ക് സർക്കുലറിലെ നിർദ്ദേശങ്ങൾ ബാധകമല്ല. സർക്കാരിനെ കബളിപ്പിച്ച് പെൻഷൻ തുടർന്നും വാങ്ങുന്നതായി ശ്രദ്ധയിൽ പെട്ടാൽ തുക തിരികെ പിടിക്കുന്നതിനോടൊപ്പം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കും.

(സർക്കുലർ നം. 07/2020 ധന, തീയതി 23.01.2020)

## ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർ, സപ്ലയേഴ്സ് അക്രെഡിറ്റഡ് ഏജൻസിസ് എന്നിവർക്കുള്ള തുക നൽകലിനു ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ബാധകമാക്കി ഉത്തരവായി.

(ജി.ഒ (പി) 10/2020/ഫിൻ, തീയതി 24.1.2020)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**




# ചെമ്മരുതിയിൽ ഹരിതകർമ്മസേന കോഫിഹൗസ്

**ഹരിതകർമ്മസേനയുടെ സുസ്ഥിരതയ്ക്ക് നൂതന സംരംഭമായി കഫെറ്റേരിയയും കാറ്ററിംഗ് സർവ്വീസും ആരംഭിച്ചതിന് ശുചിത്വമിഷന്റെ ശുചിത്വ മികവ് പുരസ്കാരം ചെമ്മരുതി നേടിയിരിക്കുന്നു.**

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വിപുലപ്പെടുത്തി മാതൃകയാവുകയാണ് ചെമ്മരുതി ഗ്രാമപഞ്ചായത്ത്. ഹരിതകർമ്മസേനയുടെ സുസ്ഥിരതയ്ക്ക് നൂതന സംരംഭമായി കഫെറ്റേരിയയും കാറ്ററിംഗ് സർവ്വീസും ആരംഭിച്ചതിന് ശുചിത്വമിഷന്റെ ശുചിത്വ മികവ് പുരസ്കാരം ചെമ്മരുതി നേടിയിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ 17.54 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ ഏകദേശം നാൽപതിനായിരത്തോളമാണ്. എണ്ണായിരത്തോളം വീടുകളും നാനൂറോളം വ്യാപാര സ്ഥാപനങ്ങളുമുള്ള പഞ്ചായത്തിൽ ഒരു മാസം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശരാശരി അളവ് 15 ടൺ വരും. അതിൽ എട്ട് ടൺ അജൈവമാലിന്യവും ബാക്കി ജൈവമാലിന്യവുമാണ്. അജൈവമാലിന്യ സംസ്കരണ രംഗത്ത് ഒരു വലിയ മുന്നേറ്റം നടത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും അനിയന്ത്രിതമാംവിധം പെരുകുകയും പഞ്ചായത്തിന്റെ ആളൊഴിഞ്ഞ ഭാഗങ്ങളിൽ വലിച്ചെറിയുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ച് വന്നിരുന്ന സാഹചര്യത്തിലാണ് 2018 ജനുവരിയിൽ ഹരിതകർമ്മ സേനയ്ക്ക് രൂപം നൽകിയത്. അടുത്ത ജൂൺ മാസം തന്നെ തോക്കാട് ആസ്ഥാനമായി എല്ലാ സജ്ജീകരണങ്ങളോടും കൂടി എം.സി.എഫ് (Material Collection Facility) പ്രവർത്തനമാംരംഭിച്ചു. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംഭരിക്കുന്നതിനും വൃത്തിയാക്കി സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം എം.സി.എഫിൽ സജ്ജമാക്കിയിട്ടുണ്ട്.

ആദ്യഘട്ടത്തിൽ 10 പേരടങ്ങുന്ന ഹരിതകർമ്മ സേന രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ്



വാർഡടിസ്ഥാനത്തിൽ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും അജൈവ മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് ഉണ്ടായിരുന്നത്. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുകയും സേനാംഗങ്ങൾ എത്തുന്ന സമയം കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പ്രവർത്തനം ക്രമീകരിച്ചിരുന്നത്. വീടുകളിൽ നിന്ന് യൂസർ ഫീ ഇനത്തിൽ പ്രതിമാസം മുപ്പത് രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അറുപത് രൂപയും ഈടാക്കുന്നതിനാണ് തീരുമാനിച്ചത്. ആദ്യത്തെ ആറു മാസം സേനാംഗങ്ങളുടെ വേതനം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയിരുന്നത്. മാസം നാലായിരം രൂപ നിരക്കിലാണ് വേതനം നൽകിയിരുന്നത്. വർദ്ധിച്ച ജോലി ഭാരവും എല്ലാ മാസവും എല്ലാ വാർഡുകളിലും കൃത്യമായി എത്തുക എന്നതും വലിയ വെല്ലുവിളിയായിരുന്നു. ഈ സാഹചര്യത്തിലാണ് സേനാംഗങ്ങളുടെ എണ്ണം 17 ആയി വർദ്ധിപ്പിച്ചത്.

അംഗങ്ങളുടെ എണ്ണം ഉയർന്നതോടു കൂടി സേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൃത്യതയും വേഗവും കൈവന്നു. മാസം തോറും എല്ലാ വീടുകളിലും കൃത്യമായി എത്തുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും എം.സി.എഫ് കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിനും സാധിക്കുന്ന നിലയിലേക്ക് സേനയുടെ പ്രവർത്തനം മെച്ചപ്പെട്ടു. യൂസർ ഫീ കളക്ഷനിലും കൃത്യത കൈവന്നതോടെ സേനാംഗങ്ങളുടെ വേതനം പ്രതിമാസം ആറായിരം രൂപയായി ഉയർത്തി. ഇപ്പോൾ വാർഡുതല എം.എസി.എഫിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും ഒരു സുസ്ഥിരവരുമാനം സേനാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടി ചെമ്മരുതി പ്രൈമറി ഹെൽത്ത് സെന്റർ കോമ്പൗണ്ടിനുള്ളിൽ കേരള ഗ്രാമീൺ ബാങ്കുമായി സഹകരിച്ച് വായ്പ ലഭ്യമാക്കി മനോഹരമായ ഒരു കോഫിഹൗസ് 2019 സെപ്തംബർ 25 ന് പ്രവർത്തനമാരംഭിച്ചു. പൂർണ്ണമായും ഹരിതചട്ടം പാലിച്ചു കൊണ്ടാണ് കഫെറ്റേരിയ പ്രവർത്തിക്കുന്നത്. ചുരുങ്ങിയ നാളുകൾ കൊണ്ടു തന്നെ വൃത്തിയുള്ളതും ആരോഗ്യദായകവുമായ ഭക്ഷണം നൽകിക്കൊണ്ട് കഫെറ്റേരിയ ജനഹൃദയങ്ങളിൽ ഇടംപിടിച്ചു കഴിഞ്ഞു.

ഇച്ഛാശക്തിയുള്ള ഭരണസമിതിയും അതിന് നേതൃത്വം കൊടുക്കുന്ന പ്രസിഡന്റ് എ.എച്ച്.സലിമിന്റെ കൃത്യമായ മേൽനോട്ടവും പഞ്ചായത്ത് സെക്രട്ടറിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെയും മാർഗ്ഗനിർദ്ദേശങ്ങളും സേനയുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നു. പതിനേഴ് കുടുംബാംഗങ്ങൾക്ക് സ്ഥിരവരുമാനം നൽകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമാണ്. ജനുവരി മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ നിരോധനം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു മുന്നോട്ടുപോകുകയാണ് പഞ്ചായത്ത് ഭരണസമിതിയും സേനാംഗങ്ങളും. □



**ജനുവരി മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു മുന്നോട്ടു പോകുകയാണ് പഞ്ചായത്ത് ഭരണസമിതിയും സേനാംഗങ്ങളും.**

വിജയഗാഥ



# യൂത്തായാൽ ഇങ്ങനെ വേണം

**എ.ജെ. അലക്സ് റോയ്**

**എലിക്കുളം ഗ്രാമപഞ്ചായത്തിലെ കാപ്പുകയം പാടശേഖരത്തിൽ ജസ്റ്റിൻ ജോർജ് എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിൽ സംഭവിച്ചതാണിതൊക്കെയും.**

കൃഷിയിടത്തിലേക്ക് യുവത കടന്നുവരുന്നതിനെ കയ്യടികളോടെ വേണം സ്വീകരിക്കാൻ - കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ, വിളവെടുപ്പിനെത്തുടർന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണിയിലെത്തിക്കുംവരെ ശരിയായി ഇടപെട്ട് യുവത ഇന്ന് കേരളീയ കൃഷിസമൂഹത്തിന് ശരിയുടെ ദിശ പകരുന്നുണ്ട്.

കോട്ടയം ജില്ലയിൽ എലിക്കുളം കാരക്കുളത്ത് മണ്ഡപത്തിൽ ജസ്റ്റിൻ ജോർജ്ജും കൂട്ടുകാരും കൃഷിയുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും കാര്യത്തിൽ കാണിക്കുന്ന കൃത്യത, കണിശത കാണേണ്ടതുണ്ട്. 'നെല്ലാണ് ജീവൻ' - നാം ആവർത്തിച്ചുരുവിടുന്ന ചൊല്ലാണ്. എന്നാൽ, കാര്യത്തോടടുക്കുമ്പോൾ കഥമാറും. പാടമൊരുക്കി, ഞാറ് വിതച്ച്, ഞാറ് പറിച്ച് നട്ട്, കള പറിച്ച്, വളമിട്ട്, വിളവെടുത്ത്, നെല്ലാക്കി തുടർന്ന് സ്വന്തം ഗ്രാമപഞ്ചായത്തിന്റെ പേരിൽ തന്നെ അരിയാക്കി വിപണിയിലെത്തിക്കുക. ഇതൊക്കെ പണ്ടുകാലത്ത് നടന്നിരുന്ന കാര്യമെന്നാകും പുതുതലമുറയിൽ ചിലരെങ്കിലും കരുതുക. എലിക്കുളം ഗ്രാമപഞ്ചായത്തിലെ കാപ്പുകയം പാടശേഖരത്തിൽ ജസ്റ്റിൻ ജോർജ് എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിൽ സംഭവിച്ചതാണിതൊക്കെയും.

## 'നെല്ലാണ് ജീവൻ'

കാഞ്ഞിരപ്പള്ളി താലൂക്കിലെ എലിക്കുളം ഗ്രാമപഞ്ചായത്ത്, പാലാ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ്. നെൽകൃഷിയും വള്ളങ്ങളിലൂടെയുള്ള ചരക്ക് ഗതാഗത സൗകര്യവുമെല്ലാം പണ്ട് വളരെ കാര്യമായി നടന്നിരുന്ന പ്രദേശം. ഇവിടുത്തെ പാടശേഖരങ്ങൾക്ക് ജീവൻ പകർന്നിരുന്നത് നാടിന്റെ സ്വന്തം ജീവനാഡിയായ പൊന്നൊഴുകുംതോടും. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ നെൽകൃഷി ഈ പ്രദേശത്തിന് അന്യമായി.

തങ്ങളുടെ ബാല്യകാലത്ത് വീട്ടുകാർക്കും നാട്ടുകാർക്കുമൊപ്പം നെൽകൃഷിയുടെ വിവിധ ദശകളിൽ ഏർപ്പെട്ടിരുന്ന ഓർമ്മകൾ മനസ്സിലുണ്ടായിരുന്ന ജസ്റ്റിനും കൂട്ടുകാർക്കും. മണ്ണ്, ജലസംരക്ഷണം ശരിയായി നടപ്പിലാകണമെങ്കിൽ നെൽകൃഷി അനിവാര്യമാണ്. വാണിജ്യ വിളകളുടെ വില താഴ്ന്നിറങ്ങുമ്പോഴും മുന്നേറുന്നത് ഭക്ഷ്യവിളകളുടെ വില മാത്രമാണ്.

കാപ്പുകയം പാടശേഖര പരിധിയിൽ നെൽകൃഷി സാധ്യമായ പ്രദേശങ്ങളുടെ കണക്കെടുക്കലായിരുന്നു ആദ്യപടി. കർഷകരെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തി. തുടർന്ന് ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സഹകരണത്തോടെ നെൽക്യഷി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

ജോസ് ടോം ഇടശ്ശേരിപവ്വത്ത്, മെൽവിൻ പവ്വത്ത്, സനീഷ് ഭാസ്കരൻ, റ്റി. എൻ. കുട്ടപ്പൻ താന്നിക്കൽ, ഷാജി കടുവാളുക്കിൽ, പയസ് നരിളുക്കിൽ, ജോസ് കുര്യൻ മണ്ഡപത്തിൽ തുടങ്ങിയ സമാനമനസ്കരായ കർഷകർ ഒത്തുചേർന്നപ്പോൾ കാര്യങ്ങൾ എളുപ്പമായി. മുതിർന്ന നെൽകർഷകനായ എം.എം. ജോർജ് മണ്ഡപത്തിലിന്റെ മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിച്ച് കാപ്പുകയം പാടശേഖരസമിതി പുനഃസംഘടിപ്പിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി.



സുമംഗലാദേവി, വൈസ് പ്രസിഡന്റ് മാത്യു ആനിത്തോട്ടം, വാർഡംഗം മാത്യൂസ് പെരുമനങ്ങാട്ട് തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃഷി - അനുബന്ധ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും പൂർണ്ണപിന്തുണ ഉറപ്പാക്കിയാണ് തുടക്കം.

പൂജ്യത്തിൽ നിന്നും ഇരുപത്തഞ്ച് ഏക്കറിലേക്ക് നെൽകൃഷി വളർന്നു. കോട്ടയത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് നെൽകൃഷിയുടെ വർദ്ധന സാധ്യമാണ്. എന്നാൽ കിഴക്കൻ ഭാഗത്ത് കൃഷി വ്യാപിപ്പിക്കുന്നതിനെയാണ് മാറ്റം എന്ന് ശരിക്കും വിശേഷിപ്പിക്കാനാകുക. ഇവിടെ നെൽകൃഷി കിഴക്കോട്ട് വ്യാപിപ്പിച്ച് ഗുണകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. എലിക്കുളത്തിനോടു ചേർന്ന മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ തരിശു പാടശേഖരങ്ങളിൽ വരെ ഞാറ്റുപാട്ടുകൾ കേൾക്കുന്നതിന് ഹരിതമുന്നേറ്റം കാരണമായി.

## യന്ത്രവത്ക്കരണം അനിവാര്യം

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കൃഷിയിൽ യന്ത്രവത്ക്കരണമില്ലാതെ പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന് ജസ്റ്റിന്റെയും കൂട്ടുകാരുടെയും അനുഭവസാക്ഷ്യം. കാപ്പുകയം പാടശേഖരത്ത് നിലമൊരുക്കാനും വിളവെടുക്കാനും യന്ത്രമെത്തിയപ്പോൾ തലമുറകളുടെ തട്ടുകൾ മാറ്റിവച്ച് നാട്ടുകാർ പാടവരമ്പത്തേക്ക് ഓടിയെത്തി.




## കൃഷിയിടം എന്ന പഠനസ്ഥലം

കാപ്പുകയം പാടശേഖരത്ത് നെൽകൃഷിയുടെ വിവിധ ദശകൾ അടുത്തുകാണുന്നതിന് സമീപ പ്രദേശത്തെ സ്കൂളുകളിൽ നിന്നായി ആയിരക്കണക്കിന് കുട്ടികളാണെത്തിയത്. കർഷകരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാർക്കൊപ്പം കൃഷിയിടവിശേഷങ്ങൾ കുരുന്നുകൾക്ക് പകരുന്നതിന് മത്സരബുദ്ധിയോടെ മുന്നിട്ടിറങ്ങി.

## എലിക്കുളം റൈസ്

സ്വന്തം പാടത്ത് സ്വയം കൃഷിയിറക്കി വിളവെടുത്ത നെല്ലിൽ നിന്നും അരിയുണ്ടാക്കി കഞ്ഞികുടിക്കാൻ കഴിയുന്നതിന്റെ പുണ്യം മറ്റൊന്നിനുമില്ലെന്ന് ജസ്റ്റിനും സുഹൃത്ത് മെൽവിനും പങ്കുവയ്ക്കുന്നു. പാടശേഖരസമിതിയുടെ കൂട്ടായ ചിന്തകളിൽ നിന്നാണ് ഗ്രാമപഞ്ചായത്തിന്റെ പേരിൽ തന്നെ അരി ബ്രാൻഡെന്ന ആശയം ഉയർന്നുവന്നത്. "എലിക്കുളം റൈസ്" യാഥാർത്ഥ്യമായപ്പോൾ പൊതുസമൂഹം ഇരുകൈകളും നീട്ടിയാണ് സ്വീകരിച്ചത്.



സ്വന്തമായി മിനി അരിമിൽ, ആവശ്യാനുസരണം അരി വിപണിയിൽ എത്തിക്കാനുള്ള സംവിധാനം - യുവതയുടെ ഹരിത സ്വപ്നങ്ങൾക്ക് അതിരുകളില്ലാത്ത ചിറക് വയ്ക്കുന്നു.

## സമ്മിശ്രം – സമഗ്രം

കൃഷിയിടം സമ്മിശ്രമാകണമെന്നാണ് കാപ്പുകയത്തെ കർഷക കൂട്ടായ്മയുടെ അഭിപ്രായം. ഒപ്പം സമഗ്രവുമാകണം. വിത്തു മുതൽ വിപണി വരെ എല്ലാ ഇടങ്ങളിലും കൃത്യമായ ഇടപെടലുകൾ വേണം. കന്നുകാലി വളർത്തൽ, മുട്ടക്കോഴി, താറാവ് വളർത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യതകൾ എല്ലാം ഒത്തുചേർന്നാലെ ഈ ആസുരകാലത്തെ അതിജീവനം സാധ്യമാകൂയെന്ന് ഇന്ന് ഈ യുവത തിരിച്ചറിഞ്ഞിരിക്കുന്നു. ഇത് ആശാവഹമാണ്.

## ടിപ്സ് ഓഫ് യൂത്ത്

- കൂട്ടായി വേണം കൃഷി
- ഇൻഷ്വറൻസ് പരിരക്ഷ തീർച്ചയായും ഉറപ്പാക്കണം.
- ആനുകൂല്യങ്ങൾ - അവകാശമാണ് - ഔദാര്യമല്ല. സ്വീകരിക്കാൻ വൈമുഖ്യം പാടില്ല.
- മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.
- സ്വന്തം ഉത്പ്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്തിവേണം കൃഷിയിൽ ചുവടുറപ്പിക്കാൻ.
- കൃഷി അനുബന്ധ വകുപ്പുകളുടെ പൂർണ്ണ സഹകരണം ഉറപ്പാക്കണം.
- മുതിർന്ന കർഷകർ, സംരംഭകർ എന്നിവരുടെ അനുഭവ സമ്പത്തിനെ പകർത്തണം.
- പുതുമകൾക്ക് പരിഗണന നൽകണം.
- ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

കാപ്പുകയത്തെ യൂത്ത് കൃഷിയിൽ ചുവടുറപ്പിച്ചാണ് ചരിക്കുന്നത്. കാപ്പുകയത്തിന്റെ കൃഷിയിടവിശേഷങ്ങൾ അറിയുന്നതിന് വിളിക്കുക. ജസ്റ്റിൻ ജോർജ് - 9947385671. ☐

*ലേഖകൻ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് കൃഷി ഓഫീസറാണ്.*

എക്സ്പീരിയൻസ്

# സിക്കിമിലെ പഞ്ചായത്തുകൾ

ടി.കെ.നാരായണദാസ്

**സിക്കിമിലെ ജില്ലാ പഞ്ചായത്തുകൾ സന്ദർശിച്ച പാലക്കാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ. നാരായണദാസ് എഴുതുന്നു**

ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനങ്ങളിലൊന്നായ സിക്കിമിന്റെ ആകെ വിസ്തീർണ്ണം 7.96 ച.കി.മീറ്ററാണ്. ജനസംഖ്യ 6.19 ലക്ഷവും. സിക്കിമിലാകെ നാല് ജില്ലാപഞ്ചായത്തുകളും 90 ഗ്രാമപഞ്ചായത്തുകളുമാണുള്ളത്. ബ്ലോക്ക് പഞ്ചായത്തുകൾ എന്ന ഇടത്തട്ടു സംവിധാനമില്ല.

വടക്കൻ സിക്കിം, കിഴക്കൻ സിക്കിം, തെക്കൻ സിക്കിം, പടിഞ്ഞാറൻ സിക്കിം എന്നിവയാണ് നാലു ജില്ലകൾ. തെക്കൻ സിക്കിമിലെ അസ്സാം ലെസ്ളെ ഗ്രാമപഞ്ചായത്താണ് ഞങ്ങൾ സന്ദർശിച്ചത്. ഗ്രാമപഞ്ചായത്തംഗങ്ങളും കർഷക കുടുംബവും പരമ്പരാഗത രീതിയിൽ ഞങ്ങളെ സ്വീകരിച്ചു'. സിക്കിമിലെ ജലവൈദ്യുത പദ്ധതികളെക്കുറിച്ചു പഠിക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശാന്തകുമാരിയുടെ നേതൃത്വത്തിലെത്തിയതായിരുന്നു ഞങ്ങൾ.

ഗ്രാമ പഞ്ചായത്തിൽ ആകെ 5 അംഗങ്ങളാണുള്ളത്. 2 പേർ സ്ത്രീകൾ. ഇവർക്കു പുറമെ ജില്ലാ പഞ്ചായത്തംഗവും പഞ്ചായത്ത് സമിതിയിൽ അംഗമാണ്. ജില്ലാ പഞ്ചായത്തംഗത്തിന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ (ഗ്രാമാലയ്) പ്രത്യേക മുറിയുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനും ജില്ലാ പഞ്ചായത്തംഗത്തിനും 10000 രൂപയാണ് ഓണറേറിയം. ജില്ലാ പഞ്ചായത്തംഗത്തിന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കേരളത്തിലേതിനേക്കാൾ മികച്ച പങ്കാളിത്തവും നേതൃത്വവുമുണ്ട്.







പഞ്ചായത്ത് വീട്ടു നികുതി പിരിക്കുന്നില്ല. യൂസർ ഫീയാണ് പ്രധാന വരുമാനം. 16 ലക്ഷം രൂപ മാത്രമാണ് സർക്കാർ അനുവദിക്കുന്ന (സ്റ്റേറ്റ് ഫിനാൻഷ്യൽ കമ്മീഷൻ SFC) വാർഷികഗ്രാന്റ്. കുടിവെള്ള വിതരണം, മാലിന്യസംസ്കരണം തുടങ്ങിയവയാണ് പ്രധാന ചുമതല. സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ അറ്റകുറ്റപ്പണികളും നിർവ്വഹിച്ചു പോരുന്നു. വാർഡ് മെമ്പറാണ് സ്കൂൾ മാനേജിങ് കമ്മിറ്റി (SMC) ചെയർപേഴ്സൺ.

5 വാർഡുകളിലെയും ഗ്രാമസഭ ആറു മാസത്തിലൊരിക്കൽ ഒന്നിച്ചു ചേരും. ശരാശരി 500 പേർ പങ്കെടുക്കും. പ്രസിഡന്റും ജില്ലാ പഞ്ചായത്തംഗവും മറ്റ് ഭരണസമിതി അംഗങ്ങളും പങ്കെടുക്കും.

കർഷകർക്ക് നല്ല സഹായവും പ്രോത്സാഹനവും നല്കുന്നു. നെല്ല്, വാഴ, ഏലം, ചായ, പച്ചക്കറി എന്നിവയാണ് പ്രധാന കാർഷിക വിഭവങ്ങൾ. സമ്പൂർണ ജൈവ കൃഷി സംസ്ഥാനമാണ് സിക്കിം. അതാണ് സിക്കിം ടൂറിസം വകുപ്പിന്റെ പരസ്യവാചകം.





അസാം ലിങ് സെ പഞ്ചായത്തിന്റെ പ്രസിഡന്റ് ഗണേശ് ഛത്രിയും മറ്റു പഞ്ചായത്തംഗങ്ങളും ഞങ്ങളുമായി സംവദിച്ചു. ജില്ലാ പഞ്ചായത്തംഗം സുബ്രിൻ റോയ് ഞങ്ങളോടൊപ്പം ചേർന്നു. എസ്.എസ്. ബോക്കിയയാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. ഉപാധ്യക്ഷ ഷർമിള സെയിം.



അസാം ലിങ് സെ പഞ്ചായത്തിനു പുറമെ റോങ് ലി പഞ്ചായത്ത് ഓഫീസും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. കൂടാതെ ലിങ്ടാം പഞ്ചായത്ത് പ്രസിഡന്റ് ചൊഡീൻ ബുഡിയയെ യാത്രയ്ക്കിടയിൽ കണ്ടുമുട്ടുകയുണ്ടായി. ലിങ്ടാം ഗ്രാമ പഞ്ചായത്തിൽ 5 അംഗങ്ങളാണുള്ളത്. പ്രസിഡന്റ് ചൊഡീൻ ഉൾപ്പെടെ മൂന്ന് വനിതാ അംഗങ്ങൾ (ചില ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ പൂർണ്ണമായും സ്ത്രീകളാണത്രെ!).

ഒരു ജില്ലാ പഞ്ചായത്തംഗം ഒന്നോ രണ്ടോ ഗ്രാമ പഞ്ചായത്തുകളെ പ്രതിനിധീകരിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്തംഗം സജീവമായി ഇടപെടുന്നു. ജില്ലാ പഞ്ചായത്തംഗം കൂടി ഉൾപ്പെടുന്നതാണ് ഗ്രാമ പഞ്ചായത്ത്.

തെക്കൻ സിക്കിം ജില്ലയിൽ 44 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. 30 ജില്ലാ പഞ്ചായത്തംഗങ്ങളും. ഇതിൽ 12 പേർ വനിതകൾ. ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാലയങ്ങൾ, ജില്ലാ ആശുപത്രികൾ എന്നിവയുടെ നടത്തിപ്പിന്റെയും അറ്റകുറ്റപ്പണികളുടെയും ചുമതല ജില്ലാപഞ്ചായത്തുകൾക്കുണ്ട്. കാർഷിക മേഖല, ജലസേചനം തുടങ്ങിയവയും ശ്രദ്ധിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ നടത്തിപ്പിൽ ജില്ലാ പഞ്ചായത്ത് നേതൃത്വപരമായ പങ്കുവഹിക്കുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും ക്യാബിനറ്റ് റാങ്ക് ആണ്. ജില്ല, ഗ്രാമ പഞ്ചായത്തുകൾക്കിടയിൽ ബ്ലോക്ക് പഞ്ചായത്ത് സംവിധാനമില്ല. എങ്കിലും ചില വികസന പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പഞ്ചായത്തുകളുടെ ക്ലസ്റ്റർ തല യോഗം ചേരാറുണ്ട്.

തെരുവുകളും പരിസരങ്ങളും ശുചിയായി സൂക്ഷിക്കുന്നതിലും സുന്ദരമായി സൂക്ഷിക്കുന്നതിലും അതീവ ശ്രദ്ധാലുക്കളാണ് ത്രിതല പഞ്ചായത്തുകൾ. അസാം ലിങ് സെ പഞ്ചായത്ത് പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്താണ്.

□


Kerala panchayats visit
Assam Lingzey GPU



# പ്രകൃതിക്ക് സുകൃതമായി ചിരട്ടത്തവിയും തുടുപ്പും

■ മുരളീധരൻ തഴക്കര

**ചിരട്ടത്തവി പഴഞ്ചനെന്ന് കരുതി ഉപേക്ഷിച്ചവർ ഇപ്പോഴിതാ വീണ്ടും ചിരട്ടത്തവി അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു.**

അടുക്കളയിൽ അത്യാവശ്യം വേണ്ട വസ്തുക്കളിൽ ചിരട്ടത്തവി ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായിരുന്നു. കൊച്ചുതവി, ഇടത്തരം തവി, കുടുവൻതവി, വലിയതവി ഇങ്ങനെ ഓരോ ആവശ്യങ്ങൾക്കും പല വലുപ്പത്തിലുള്ള തവികളുണ്ടായിരുന്നു. നാളികേരത്തിന്റെ ചിരട്ടയും കമുകിന്റെ അലകും ഉപയോഗിച്ചാണ് തവി ഉണ്ടാക്കുന്നത്. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ നാട്ടിലെ മരപ്പണിക്കാർ തവിയുണ്ടാക്കി വീടുകളിൽ കൊണ്ടുവരുമായിരുന്നു.

സമീപകാലത്ത് ചിരട്ടയുമായി ബന്ധപ്പെട്ട ഒരു നാട്ടറിവ് ചികിത്സ പ്രചാരത്തിലായപ്പോൾ ചിരട്ടയ്ക്ക് പത്രാസുകൂടി. ആരോഗ്യത്തിന് ഹാനികരമാകുന്ന ശരീരത്തിന്റെ ചീത്ത കൊളസ്ട്രോളിന്റെ ആധിക്യം കുറയ്ക്കാൻ ചിരട്ടപൊട്ടിച്ചിട്ട് വെള്ളം തിളപ്പിച്ച് ചിരട്ടവെള്ളം കുടിച്ചാൽ മതിയെന്ന നാട്ടറിവ് പലർക്കും അനുഭവവേദ്യമായി. എന്നാൽ സ്ഥിരമായ ഉപ യോഗത്താൽ അതുമറ്റ് ചില പാർശ്വഫലങ്ങളുണ്ടാക്കുമെന്നും അഭിപ്രായമുണ്ട്. എന്തായാലും ചിരട്ടയ്ക്കുള്ള ഔഷധഗുണത്തിന് ഇതൊരു സാക്ഷ്യമാണ്. പുട്ടുകുടവും പുട്ടുകുറ്റിയും ഉപയോഗിച്ച് പുട്ടു പുഴുങ്ങുമ്പോഴും പുട്ടുകുറ്റിയുടെ അടിയിൽ ചില്ലായി ഉപയോഗിച്ചിരുന്നത് ദ്വാരമിട്ട വട്ടത്തിൽ മുറിച്ചെടുത്ത ചിരട്ടക്കഷ്ണങ്ങളാണ്. ഭക്ഷണം പാകം ചെയ്യുമ്പോൾ അത് ഇളക്കികൊടുക്കാനും കോരി എടുക്കുവാനുമെല്ലാം ചിരട്ടത്തവിയാണ് ഉപയോഗിച്ചിരുന്നത്. ഉദാഹരണത്തിന് പ്രഥമൻ അഥവാ അടപ്പായസം വാർപ്പിലോ വലിയ ഉരുളിയിലോ പാകപ്പെടുത്തിയെടുക്കുമ്പോൾ വലിയ കുടുവൻ ചിരട്ടത്തവികൊണ്ടാണ് ഇളക്കുകയും കോരുകയും ചെയ്യുന്നത്. തിളച്ച് ചൂടായിക്കിടക്കുന്ന പായസം ചിരട്ടത്തവികൊണ്ട് നിരന്തരം ഇളക്കുകയും കോരുകയും ചെയ്യുമ്പോൾ ചിരട്ടയുടെ ഔഷധഗുണത്തിന്റെ ഒരംശം പായസത്തിലേക്കും ഊറി ഇറങ്ങുമല്ലോ. ആവശ്യാധിഷ്ഠിതമായി മാത്രം ഇങ്ങനെ ചേരുംപടി ചേരുന്നതിനാൽ അത് പാർശ്വദോഷങ്ങൾക്ക് കാരണമാകുന്നുമില്ല.

സ്റ്റീൽ, അലോയി, അലുമിനിയം എന്നീ ലോഹങ്ങൾ കൊണ്ടുള്ള തവികൾ സാർവ്വത്രികമാകുന്നതിന് മുമ്പ് ചിരട്ടത്തവി മാത്രമായിരുന്നു ഉപയോഗത്തിലുണ്ടായിരുന്നത്. നല്ല ചൂടുള്ള അഥവാ അടുപ്പിൽ തിളച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരു ഭക്ഷ്യവിഭവം അലുമിനിയം തവികൊണ്ടോ മറ്റേതെങ്കിലും ലോഹത്തവികൊണ്ടോ ഇളക്കുകയും കോരുകയും ചെയ്യുമ്പോൾ അധികരിച്ച ചൂടുകാരണം ഈ ലോഹത്തിന്റെ ഒരംശം സ്വാഭാവികമായും ഭക്ഷണത്തിൽ ലയിച്ചു ചേരുമല്ലോ. ഇത് ആരോഗ്യത്തിന് ദോഷകരമാണെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ലെന്ന് ശാസ്ത്രലോകം സാക്ഷ്യപ്പെടുത്തുന്നു.

## ...എന്ന് വായനക്കാർ...

### "നമ്മൾ നമുക്കായി" ലോക മാതൃകയാവും

കേരളത്തിൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ 1996 ൽ നടപ്പാക്കിയ ജനകീയാസൂത്രണം 25 ാം വർഷത്തിലേക്ക് കടക്കുകയാണ്. ജനപങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്നും ആരംഭിക്കുന്ന ആസൂത്രണപ്രക്രിയ, ലോകത്തിന് നമ്മുടെ കൊച്ചു കേരളം സമ്മാനിച്ച മാതൃകയാണ്. അതിനെ പിൻതുടർന്ന് 2020 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യ കേന്ദ്രീകൃതമായ ദുരന്ത പ്രതിരോധ അതിജീവന സംവിധാനം "നമ്മൾ നമുക്കായി" ജനകീയ ക്യാമ്പയിനിലൂടെ രൂപപ്പെടുത്താൻ പോകുകയാണ് നമ്മുടെ സംസ്ഥാനം. ഇത് ലോകത്തിന് മുമ്പിൽ കേരളം നൽകുന്ന മറ്റൊരു മാതൃകയായി തീരും എന്ന് വിശ്വസിക്കുന്നു. നമ്മൾ നമുക്കായി ക്യാമ്പയിൻ സംബന്ധിച്ച് വിശദാംശങ്ങൾ ജനുവരി ലക്കം പഞ്ചായത്ത്‌രാജിലൂടെ പ്രസിദ്ധീകരിച്ചതിന് മാസികയുടെ അണിയറ ശിൽപികളെ അഭിനന്ദിക്കുന്നു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ നാല് മിഷനുകളുടെയും ഏറ്റവും പുതിയ വിവരങ്ങൾ പങ്കുവച്ചതിനും നന്ദി.

**പ്രഭാകരൻ**
**വിഴിഞ്ഞം**

പഞ്ചായത്ത് രാജ്
മാസികയിലേക്കുള്ള ലേഖനങ്ങളും
കത്തുകളും prmdp2018@gmail.com
എന്ന ഇ മെയിൽ വിലാസത്തിൽ
അയയ്ക്കേണ്ടതാണ്.

ചിരട്ടകത്തിച്ച് കിട്ടുന്ന ചിരട്ടക്കരിയും ഔഷധ-വ്യാവസായിക പ്രാധാന്യം ഏറെയാണ്. ഇത് ശുദ്ധമായ ആക്ടിവേറ്റഡ് കാർബണാണ്. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ചില ചെറുകിട കമ്പനികൾ ചിരട്ടക്കരി വിദേശങ്ങളിലേക്കടക്കം കയറ്റി അയയ്ക്കുന്നുണ്ട്. പണ്ട് കിണർ കോരി ഇറച്ച് വൃത്തിയാക്കിയശേഷം ജലശുദ്ധീകരണത്തിനായി ചിരട്ടക്കരിയാണ് കിണറ്റിലിട്ടിരുന്നത്.

ചിരട്ടക്കരിയുടെ ജലശുദ്ധീകരണ ശേഷി തിരിച്ചറിഞ്ഞ് നമ്മുടെ പൂർവ്വികർ ഈ നാട്ടറിവ് പ്രയോജനപ്പെടുത്തിയിരുന്നു! ഇലക്ട്രിക് തേപ്പുപെട്ടി പ്രചാരത്തിലാകുന്നതിന് മുമ്പ് ചിരട്ടകത്തിച്ചിട്ട് ഉപയോഗിച്ചിരുന്ന നാടൻ തേപ്പുപെട്ടികളെ നമുക്കു മറക്കാൻ കഴിയുമോ? മാത്രമല്ല ഒരു കാലത്ത് സ്വർണ്ണപ്പണിക്കാർ സ്വർണ്ണം സ്ഫടം ചെയ്യെടുക്കുന്നതിനും ഊതിക്കാച്ചി വിളക്കിച്ചേർത്ത് ഉരുപ്പടികൾ ഉണ്ടാക്കുന്നതിനും നെരിപ്പോട് കത്തിച്ചിരുന്നതും ചിരട്ടക്കരി ഉപയോഗിച്ചായിരുന്നു.

ചിരട്ടത്തവി അക്ഷരാർത്ഥത്തിൽ തീർത്തും പ്രകൃതിജന്യമായ ഒരു വീട്ടുപകരണമാണ്. ചിരട്ടയോടൊപ്പം ചേർത്തുവയ്ക്കുന്ന കണയായി കമുകിന്റെ അഥവാ അടയ്ക്കാമരത്തിന്റെ നന്നായി വിളഞ്ഞ അലക് അതായത് തടിയാണ് ഉപയോഗിക്കുന്നത്. കൈയെത്തും ദൂരത്ത് സുലഭമായിക്കിട്ടുന്ന രണ്ട് പ്രകൃതിദത്ത സാധനങ്ങൾ യഥാവിധി ചേർത്ത് നിത്യോപയോഗത്തിനുള്ള വീട്ടുപകരണമാക്കി ഉപയോഗപ്പെടുത്തിയ പ്രയോഗപാഠം. പക്ഷെ ചിരട്ടത്തവി പഴഞ്ചനെന്ന് കരുതി ഉപേക്ഷിച്ചവർ ഇപ്പോഴിതാ വീണ്ടും ചിരട്ടത്തവി അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു. ഇതിന്റെ നാനാവിധമായ നന്മകൾ തിരിച്ചറിഞ്ഞിട്ടാകാം ഇപ്പോൾ സൂപ്പർമാർക്കറ്റിലും മാളുകളിലും ചിരട്ടത്തവി കുറച്ചുകൂടി മോഡേണായി താരപരിവേഷത്തോടെ വലിയ വില രേഖപ്പെടുത്തിയ സ്റ്റിക്കർ പതിച്ച് തിരിച്ചുവരുന്നു.

ചിരട്ടത്തവി വിശേഷങ്ങളോടൊപ്പം ചേർത്തു വയ്ക്കാവുന്ന മറ്റൊരു അടുക്കള ഉപകരണമായിരുന്നു തുടുപ്പ്. പഴയ അടുക്കളയിൽ ഉപയോഗത്തിലുണ്ടായിരുന്ന ഇങ്ങനെയൊരു സാധനത്തെക്കുറിച്ച് കേൾക്കുകയോ കാണുകയോ ചെയ്തവർ പുതിയ തലമുറയിൽ ചുരുക്കമായിരിക്കും. ഈ ഉപകരണങ്ങൾക്കൊക്കെ പണ്ടേക്കു പണ്ടേ ഇത്ര അനുരൂപമായ നാമകരണം നിർവ്വഹിച്ചത് ആരാണാവോ? അഭിനന്ദിച്ചാലും മതിയാവില്ല.

ചിരട്ടത്തവി
വിശേഷങ്ങളോടൊപ്പം ചേർത്തു
വയ്ക്കാവുന്ന മറ്റൊരു അടുക്കള
ഉപകരണമായിരുന്നു തുടുപ്പ്. പഴയ
അടുക്കളയിൽ ഉപയോഗത്തിലുണ്ടാ
യിരുന്ന ഇങ്ങനെയൊരു
സാധനത്തെക്കുറിച്ച്
കേൾക്കുകയോ കാണുകയോ
ചെയ്തവർ പുതിയ തലമുറയിൽ
ചുരുക്കമായിരിക്കും.

വളരെ ലളിതം, ഏതൊരാൾക്കും അനായാസേന ഉണ്ടാക്കിയെടുക്കാവുന്ന ഉപകരണമാണ് തുടുപ്പ്. നന്നായി വിളഞ്ഞതും ബലമുള്ളതുമായ തെങ്ങിന്റെ ഓലമടൽ കൊണ്ടാണ് തുടുപ്പ് ഉണ്ടാക്കുക. കപ്പ വേവിക്കുമ്പോഴും പുഴുക്കുണ്ടാക്കുമ്പോഴും മറ്റും അത് വേവിച്ചെടുക്കുന്ന പാത്രത്തിന്റെ അടിക്കുട്ടി ഇളക്കുന്നതിനാണ് തുടുപ്പ് ഉപയോഗിക്കുന്നത്. കൈപിടിച്ച് ഇളക്കാൻ പാകത്തിൽ നീളത്തിൽ കൈപിടിക്കുന്ന ഭാഗം കൈയിലൊതുങ്ങുംവിധം ചെത്തിയൊതുക്കിയെടുക്കും.

പാത്രത്തിനുള്ളിലാക്കി ഇളക്കുന്ന ഭാഗം മടലിന്റെ വീതിയിൽതന്നെ പരത്തി ചെത്തി ഒരുക്കുന്നു. നിരന്തരമായ ഉപയോഗത്താൽ ചൂടും പുകയും എണ്ണമയവും ഒക്കെ ഏല്ക്കുന്നതുകൊണ്ട് ഇത് കൂടുതൽ ഉറപ്പും ബലമുള്ളതുമാകും. ശ്രദ്ധിച്ച് ഉപയോഗിച്ചാൽ ആറുമാസം മുതൽ ഒരു വർഷത്തിലേറെ ഒരു തുടുപ്പ് ഉപയോഗിക്കാം. സദ്യയ്ക്കും മറ്റും അവിയൽ, കൂട്ടുകറി എന്നിവ തയ്യാറാക്കുമ്പോഴും ദേഹണ്ണക്കാർ തുടുപ്പുകൊണ്ടാണ് ഇളക്കിയിരുന്നത്. "ഒന്നേയുള്ളെങ്കിലും ഏക്കും ചൊല്ലുമില്ലെങ്കിൽ ഉലക്കയ്ക്കടിക്കണം അല്ലെങ്കിൽ തുടുപ്പെടുത്തടിക്കണം" എന്നത് പണ്ട് ഗ്രാമീണർക്കിടയിൽ നിലനിന്ന ഒരു ചൊല്ലായിരുന്നു.

മണ്ണിനും മനുഷ്യനും മാരകമായ പ്ലാസ്റ്റിക് നിരോധിക്കാൻ സർക്കാർ ഉത്തരവിറക്കി കർശനമായി നടപ്പിലാക്കുന്ന പുതിയ കാലത്ത് പ്രകൃതിയെ അറിഞ്ഞ് പ്രകൃതിയോടു ചേർന്നുള്ള ജീവിതത്തിന്റെ സാക്ഷ്യമായിരുന്നു ചിരട്ടത്തവിയും തുടുപ്പും. □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** February 2020
Annual Subscription ₹120, Published on 20 February 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by M.P. Ajith Kumar, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P. Ajith Kumar